2024 SEPTEMBER 21

emalayalee.com

# The Weekly

WEEKLY NEWSPA

Contact: editor@emalayalee.com | Phone: 9 662 1122



# പ്രധാനമന്ത്രിക്ക് വരവേൽപ്പ്

emalayalee.com The Weekly
WEEKLY NEWSPAPER
Contact: editor@emalayalee.com | Phone: 917 324 4907; 917 662 1122

## Editorial



# പ്രധാനമന്ത്രി നരേന്ദ്ര മോദിക്ക് വരവേൽപ്പ്

മൂന്നു ദിവസത്തെ സന്ദർശനത്തിനു ശനിയാഴ്ച്ച യുഎസിൽ എത്തുന്ന പ്രധാനമന്ത്രി നരേന്ദ്ര മോദിക്ക് ഇന്ത്യൻ അമേരിക്കൻ സമൂഹം ഒരുക്കുന്ന സ്വീകരണം ഉത്സവ തുല്യമാവും എന്നാണ് സംഘാടകർ പറയുന്നത്. ഏതാണ്ട് 15,000 പ്രവാസികളുമായാണ് മോദി ന്യൂ യോർക്ക് ലോംഗ് ഐലൻഡിലെ നസാവു കൊളീസിയത്തിൽ മോദി കൂടിക്കാഴ്ച നടത്തുക.

എന്നാൽ ഉത്സവ ഛായയുള്ള പരിപാടിക്കപ്പുറം ഗൗരവമാർന്ന ഔദ്യോഗിക ചടങ്ങുകളും അദ്ദേഹത്തിനുണ്ട്. ശനിയാഴ്ച ആദ്യ പരിപാടി പ്രസിഡന്റ് ബൈഡൻ തന്റെ സ്വന്തം നാടായ ഡെലവെയറിലെ വിൽമിങ്ങ്ടണിൽ നടത്തുന്ന ക്വാഡ് ഉച്ചകോടിയാണ്. യുഎസ്, ഇന്ത്യ, ജപ്പാൻ, ഓസ്‌ട്രേലിയ എന്നീ രാജ്യങ്ങൾ മാത്രം ഉൾപ്പെടുന്ന ക്വാഡിനു ബൈഡൻ രൂപം നൽകിയത് ഇന്തോ-പാസിഫിക് മേഖലയിൽ ചൈന ഉയർത്തിയ വെല്ലുവിളികളെ നേരിടാനാണെന്നു വ്യക്തം. എന്നാൽ ചൈനക്കെതിരായ പ്രതിരോധ നിര എന്നതിനപ്പുറമുള്ള പ്രാധാന്യം ആ കൂട്ടായ്മയ്ക്ക് ഉണ്ടായി.

ഇന്തോ-പാസിഫിക് മേഖലയുടെ പല തലത്തിലുള്ള വികാസവും ഉച്ചകോടിയിൽ ചർച്ചയാവുമെന്നു ഇന്ത്യൻ വിദേശകാര്യ സെക്രട്ടറി വിക്രം മിശ്രി പറയുന്നു. പ്രധാനമന്തി പ്രധാനപ്പെട്ട വിദേശപങ്കാളികളുമായാണ് കൂടിക്കാഴ്ച നടത്തുന്നതെന്നു അദ്ദേഹം അടിവരയിടുന്നു. വ്യാപാര - വ്യവസായ നേതാക്കളുമായും ഇടപെടും.

ലോകം വലിയ സംഘർഷങ്ങളിൽ കൂടി കടന്നു പോകുമ്പോഴാണ് പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ എട്ടാമത്തെ യു എസ് സന്ദർശനം .ക്വാഡ് ഉച്ചകോടിയിൽ പങ്കെടുക്കാൻ ആണെങ്കിലും ഇത് സുപ്രധാനമായ ഒരു കാൽ വെയ്പ്പ് ആയിരിക്കുമെന്ന് ഇന്ത്യ നിരീക്ഷകർ കരുതുന്നു. ലോക നയതന്ത്ര ഭൂപടത്തിൽ ഇന്ത്യയുടെ സ്ഥാനം ഉറപ്പിക്കാനുള്ള ഒരു അവസരം കൂടിയാണ് ഇത് . അധികാരത്തിൽ മൂന്നാമതും തിരിച്ചെത്തിയ മോദിയുടെ ആദ്യത്തെ യു എസ് സന്ദർശനമാണിത്. ലോക നേതാക്കളിൽ ഇന്ന് ഏറെ ശ്രദ്ധ ആകർഷിക്കുന്ന സ്ഥിരതയുടെ മുഖമാണ് അദ്ദേഹം . സംഘർഷവേദികളായ ഉക്രൈനിലും ഗാസയിലും ആകട്ടെ അദ്ദേഹത്തിനു ആ മേഖലയിൽ ഉള്ള പ്രതിയോഗികളുമായി അടുത്ത ബന്ധമുണ്ട് എന്നത് പോസിറ്റീവ് ആയ ഒരു കാര്യമാണ്.

റഷ്യ -ഉക്രൈൻ യുദ്ധത്തിനു വിരാമം ഉണ്ടാക്കാൻ തന്നെ കഴിയുന്ന ഇടപെടൽ ഇന്ത്യക്ക് നടത്താൻ കഴിയും എന്ന പ്രതീക്ഷ നിലനിൽക്കവെയാണ് ഈ സന്ദർശനം .പത്തു ലക്ഷം പേർ അവിടെ കൊല്ലപ്പെട്ടിരിക്കുന്നു .അമ്പതു ലക്ഷം പേരെങ്കിലും വീടും കുടിയും നഷ്ടപ്പെട്ട് കഴിയുകയാണ് എന്ന നിലക്ക് ഇന്ത്യയുടെ കൈ വലിയ ഒരു ആശ്വാസമാകും .അതേ പോലെ ഇസ്രയേലുമായി അടുത്ത ബന്ധമുള്ള നേതാവ് കൂടിയാണ് അദ്ദേഹം .ഗാസയിൽ അൻപതിനായിരത്തോളം പേർ കൊല്ലപ്പെട്ടിരിക്കുന്നു ആ നിലക്ക് പശ്ചിമേഷ്യയിൽ കാർമേഘങ്ങൾ ഉരുണ്ടു കൂടുന്ന ഈ വേളയിൽ ഈ സന്ദർശനം ചില നല്ല ഫലങ്ങൾ ഉണ്ടാക്കും എന്നാണ് ഒരു പ്രതീക്ഷ .

ഇന്ത്യക്ക് ഏറെ ആശങ്കകൾ വിതക്കുന്ന ബംഗ്ലാദേശിലെ അധികാര കൈമാറ്റവും ഈ സന്ദർശനത്തിൽ ഒരു പ്രധാന പ്രശ്നമാണ് .ബംഗ്ലാദേശി ഹിന്ദുക്കൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ ലോകത്തിനു മുന്നിൽ കൊണ്ടുവരാനും അദ്ദേഹത്തിനു കഴിയും എന്നാണു മറ്റൊരു പ്രതീക്ഷ .

ഇന്ത്യയെ സംബന്ധിച്ചു യു എസ് സന്ദർശനത്തിൽ സാമ്പത്തിക പരിഷ്ക്കരണത്തിൽ നമ്മുടെ പ്രതിബദ്ധത ആവർത്തിക്കാനുള്ള അവസരമാണിത് .ഇന്ത്യ യു എസ് ബന്ധം മെച്ചപ്പെടുത്താൻ ഉള്ള നിരവധി പ്രഖ്യാപനങ്ങൾ യു എസിലെ ഇന്ത്യാക്കാർ പ്രതീക്ഷിക്കുന്നു സാമ്പതിക ധനകാര്യ മേഖലയിലും മാനവ വിഭവശേഷി രംഗത്തും പ്രതിരോധരംഗത്തും പലഇടപെടലുകളും ഈ സന്ദർശനത്തിൽ ഉണ്ടാകും എന്നാണ് പ്രതീക്ഷ .പ്രത്യേകിച്ചും പ്രതിരോധ ഉത്പന്ന നിർമാണ രംഗത്ത് സഹകരണം ശക്തമാകും .സാങ്കേതികമായും പലപ്രതീക്ഷകൾ ഇന്ത്യൻ സമൂഹത്തിനുണ്ട് .കുടുതൽ എച് 1 ബി വിസകൾ വിദ്യാർഥി വിസകൾ എന്നി ആവശ്യങ്ങളും ഇപ്പോൾ ഉയരുന്നുണ്ട്

ഉച്ചകോടിക്കിടയിൽ മറ്റു നേതാക്കളുമായി ഉഭയകക്ഷി ചർച്ചകളും ഉണ്ടാവും. ബൈഡനുമായുള്ള ചർച്ചകളിൽ ചില പുതിയ കരാറുകൾക്കുള്ള സാദ്ധ്യതകൾ കാണുന്നു.

കാൻസർ മൂൺഷോട്ട് എന്ന പരിപാടി ഉച്ചകോടിയുടെ ഭാഗമായി നടക്കും. കാൻസർ തടയാനും കണ്ടെത്താനും ചികിൽസിക്കാനും നവീന പദ്ധതികൾ ആവിഷ്കരിക്കുന്നുണ്ട്. രോഗികളിലും അവരുടെ കുടുംബങ്ങളിലും ഉണ്ടാവുന്ന പ്രത്യാഘാതം പരിമിതപ്പെടുത്താനുള്ള ശ്രമങ്ങളും അതിലുണ്ടാവും.

സാങ്കേതിക രംഗത്തെ നേതാക്കളെയും മോദി കാണുന്നുണ്ട്. ഇന്ത്യയുടെ വളർച്ചയിൽ പ്രധാൻ ഘടകമാണ് ഈ ടെക് വമ്പന്മാർ .സാങ്കേതികമായുള്ള കുടുതൽ സഹകരണം നമ്മുടെ വികസന കുതിപ്പിൽ പ്രധാന ഘടകമാകും.

വിൽമിങ്ങ്ടണിൽ നിന്നു മോദി പോകുന്നത് ന്യൂ യോർക്കിൽ യുഎൻ പൊതു സഭയിൽ സംസാരിക്കാനാണ്. ഭാവിയുടെ ഉച്ചകോടി എന്നാണ് ആ സമ്മേളനത്തിനു യുഎൻ നൽകിയ പേര്.



**ജോർജ് ജോസഫ്**
ചീഫ് എഡിറ്റർ



**സുനിൽ ട്രൈസ്റ്റാർ**
മാനേജിംഗ് എഡിറ്റർ

# കവിയൂർ പൊന്നമ്മ



## കാലയവനികയിൽ മറയുന്ന മാതൃഭാവം

കവിയൂർ പൊന്നമ്മയുടെ വിയോഗ വാർത്ത അറിയുന്ന ഏതൊരു മലയാള സിനിമാപ്രേമിയുടെയും ഉള്ളൊന്ന് വിങ്ങും.ലോകമലയാളികൾ ഹൃദയത്തോട് ചേർത്തുവയ്ക്കുന്ന നഷ്ടങ്ങളിൽ ഒന്നാണ് ഈ വിടവാങ്ങൽ. അമ്മ,അമ്മൂമ്മ,മുത്തശ്ശി എന്നിവരുടെ സ്നേഹം അനുഭവിച്ചറിയാൻ ഭാഗ്യം ലഭിക്കാത്ത ആയിരങ്ങൾ ആ സ്ഥാനത്ത് കണ്ടിരുന്ന മുഖമാണ് കാലയവനികയിൽ മറഞ്ഞത്.കുടുംബത്തിലെ ഒരാൾ എന്ന തരത്തിൽ പ്രേക്ഷകരുടെ നെഞ്ചിൽ കുടിയേറിയ മറ്റൊരു കലാകാരി ഉണ്ടോ എന്നുതന്നെ സംശയം.

സ്നേഹനിധിയും സർവ്വംസഹയുമായ അമ്മമാരെ 'കവിയൂർ പൊന്നമ്മയെപ്പോലെ' എന്ന് ഉപമിക്കുന്ന രീതിയിൽ മലയാളികളുടെ മാതൃസങ്കല്പത്തിന്റെ മുഖമാകാൻ തന്റെ അഭിനയസപര്യയിലൂടെ അവർക്ക് സാധിച്ചു. സത്യൻ, പ്രേം നസീർ,മധു,സോമൻ,സുകുമാരൻ,മമ്മൂട്ടി,മോഹൻലാൽ തുടങ്ങി ദിലീപ് വരെ ആറുപതിറ്റാണ്ടിലേറെ മുൻനിര നായകന്മാരുടെ അമ്മറോളിൽ മിന്നുന്ന പ്രകടനമാണ് പൊന്നമ്മ കാഴ്ചവച്ചത്.

തോപ്പിൽ ഭാസിയുടെ 'മൂലധനം' എന്ന നാടകത്തിലൂടെയാണ് അഭിനയരംഗത്തേക്ക് അവർ ആദ്യമായി നടന്നു കയറിയത്. പതിനാലാം വയസ്സിൽ സിനിമയിൽ ഹരിശ്രീ കുറിച്ച പൊന്നമ്മ, കുടുംബിനി എന്ന ചിത്രത്തിലാണ് ആദ്യമായി അമ്മവേഷം ചെയ്തത്.ആയിരത്തോളം സിനിമകളിൽ നെഗറ്റീവ് റോളുകൾ അടക്കം കൈകാര്യം ചെയ്തിട്ടും മലയാളികളുടെ മനസ്സിൽ മക്കളെയോർത്ത് കണ്ണീർവാർക്കുന്ന സ്നേഹസ്വരൂപിണിയായ അമ്മയാണ് കവിയൂർ പൊന്നമ്മ. 1971,1972,1973,1994 എന്നീ വർഷങ്ങളിൽ മികച്ച സഹനടിക്കുള്ള പുരസ്കാരം ലഭിച്ചു.

സത്യ എന്ന തമിഴ് ചിത്രത്തിലും പ്രിയുരാലു എന്ന തെലുങ്ക് സിനിമയിലും അഭിനയിച്ചു. എട്ടോളം സിനിമകളിൽ പാടുകയും ഇരുപത്തിയഞ്ചിലേറെ ടെലിവിഷൻ പരമ്പരകളിൽ വേഷമിടുകയും ചെയ്തിട്ടുണ്ട്. 2021 ൽ റിലീസ് ചെയ്ത ആണും പെണ്ണും എന്ന സിനിമയിലാണ് അവസാനമായി അഭിനയിച്ചത്. പകർന്നാടിയ വേഷങ്ങളിലൂടെ പ്രേക്ഷകരുടെ ഉള്ളിൽ ചിരപ്രതിഷ്ഠ നേടുന്നതാണ് ഏതൊരു കലാകാരിയുടെയും ജന്മം സാർത്ഥകമാക്കുന്നത്. സ്വന്തം അമ്മയുടെ മരണത്തിൽ എന്നതുപോലെ മലയാള സിനിമാപ്രവർത്തകരുടെയും പ്രേക്ഷകരുടെയും കണ്ണുകളിൽ നിന്ന് ഇറ്റുവീഴുന്ന കണ്ണീർ തന്നെയാണ് കലാലോകത്തിന് അവർ നൽകിയ സമർപ്പണത്തിന് തിരികെ ലഭിക്കുന്ന ശ്രദ്ധാഞ്ജലി


MALABAR
GOLD & DIAMONDS
Pay 10%
Advance and block the gold rate
Don't let Gold rate fluctuations affect your jewellery purchase
Valid until 29th October, 2024
Get a FREE diamond voucher worth USD 50
ON FIRST BOOKING until 10th October, 2024
*T&C Apply

# സജിമോൻ ആന്റണി രാഹുൽ ഗാന്ധിയെ സന്ദർശിച്ചു; ഫൊക്കാനാ കേരള കൺവെൻഷനിലേക്ക് ക്ഷണിച്ചു

**പി ഡി ജോർജ് നടവയൽ**



വാഷിങ്ടൺ ഡി സി: ഫൊക്കാനാ പ്രസിഡന്റ് സജിമോൻ ആന്റണി, ഇന്ത്യൻ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധിയെ സന്ദർശിച്ചു. ഫൊക്കാനാ കേരള കൺ വെൻഷനിലേക്ക് ക്ഷണിക്കുകയും ചെയ്തു.

മറ്റു തടസ്സങ്ങളില്ലെങ്കിൽ, പങ്കെടുക്കുന്നത് പരിഗണിക്കാം എന്നു അരാഹുൽ അറിയിച്ചു. തുടർ കാര്യങ്ങൾക്ക് രാഹുലിന്റെ സെക്രട്ടറിയി ബന്ധപ്പെടാൻ രാഹുൽ നിർദേശിച്ചതായും സജിമോൻ ആന്റണി പറഞ്ഞു.

സെപ്റ്റംബർ 9 ന്, വെർജീനിയാ ഹയറ്റ് റീജൻസി ഹോട്ടലിൽ വച്ചായിരുന്നു കൂടിക്കാഴ്ച്ച. ഫൊക്കാനാ വൈസ് പ്രസിഡന്റ് വിപിൻ രാജും, ലീല മാരേട്ടും ഒപ്പമുണ്ടായിരുന്നു. 2025 ആഗസ്റ്റ് ആദ്യ ആഴ്ച്ചയിലാണ് ഫൊക്കാനാ കേരളാ കൺവെൻഷൻ നടത്തുവാൻ ലക്ഷ്യമിടുന്നത്.

കേരളാ കൺവെൻഷനിൽ അമേരിക്കയിലും കാനഡയിലും നിന്നുമായി 200 ഓളം കുടുംബങ്ങൾ പങ്കെടുക്കുന്ന രണ്ടു ദിവസത്തെ വിപുലമായ സംമ്മളനം ആണ് പ്ലാൻ ചെയ്യുന്നത് .









MALABAR
GOLD & DIAMONDS
Fall for Elegance
Receive
Up to
25%
Discount
on gold jewellery making charges
&
on diamond value
OFFER VALID TILL 30 SEPTEMBER 2024
*T&C Apply
Special buy counters with
attractive discounts




# മാർക്കിന്റെ ഓണാഘോഷം അതിഗംഭീരമായി

സണ്ണി കല്ലൂപ്പാറ

ന്യൂയോർക്ക്: മലയാളി അസോസിയേഷൻ ഓഫ് റോക്ക്‌ലാൻഡ് കൗണ്ടിയുടെ ഓണാഘോഷം ഓറഞ്ച് ബർഗിലുള്ള സിത്താർ പാലസിൽ അതിഗംഭീരമായി ആഘോഷിച്ചു.

താലപ്പൊലിയുടേയും ചെണ്ടമേളത്തിന്റേയും അകമ്പടിയോടെ മാവേലി മന്നനേയും വിശിഷ്ടാതിഥികളേയും ഘോഷയാത്രയോടെ സ്റ്റേജിലേക്ക് ആനയിച്ചു. അസോസിയേഷൻ പ്രസിഡന്റ് ജിജോ ആന്റണി ഭദ്രദീപം തെളിയിച്ചതോടെ മാർക്കിന്റെ ഓണാഘോഷങ്ങൾക്ക് തുടക്കമായി.

റോക്ക്‌ലാന്റിലെ ഏറ്റവും മികച്ച കർഷകനുള്ള എവർ റോളിംഗ് ട്രോഫിയും കാഷ് അവാർഡും ജോസ് അക്കക്കാട്ടിലിന് ലഭിച്ചു. വർക്കി പള്ളിത്താഴത്തിന് രണ്ടാം സ്ഥാനത്തിനും, മനോജ് അലക്സിന് മൂന്നും സ്ഥാനത്തിനുള്ള ക്യാഷ് അവാർഡും ലഭിച്ചു. തോമസ് അലക്സ് ആയിരുന്നു കർഷകശ്രീയുടെ അവാർഡ് കമ്മിറ്റി ചെയർപേഴ്സൺ.

ഷാജി പീറ്ററിന്റെ നാടൻ പാട്ടുകൾ ഓണാഘോഷത്തിന് മാറ്റുകൂട്ടി. നെഹാ ജോജിയുടെ ഗാനം കയ്യടി വാങ്ങി. ജറിൻ ജോസും, സ്നേഹ ഇടുക്കുളയും ചേർന്ന് ആലപിച്ച ഗാനങ്ങളും ജനപ്രീതി നേടി. അനബേൽ മണലിൽ, അബിഗേൽ മണലിൽ, അഞ്ചലീന ജറിൻ എന്നിവർ അവതരിപ്പിച്ച ഡാൻസും, ഷാരോൺ ഇടുക്കുള, സ്നേഹ ഇടുക്കുള, ക്രിസ്റ്റീന ജോസ്, എയിഞ്ചൽ ജോൺ, അസലിൻ ജോബി എന്നിവരുടെ ഫ്യൂഷൻ ഡാൻസും അതിമനോഹരമായിരുന്നു.

വർക്കി പള്ളിത്താഴത്ത് ആയിരുന്നു മഹാബലിയായി വേഷമിട്ടത്. ശബ്ദനിയന്ത്രണം ഷാജി പീറ്റർ ആയിരുന്നു. സണ്ണി കല്ലൂപ്പാറ ആയിരുന്നു എം.സി.

സന്തോഷ് വർഗീസ് നന്ദി രേഖപ്പെടുത്തി. മാർക്ക് നടത്തിവരുന്ന ചാരിറ്റി പ്രവർത്തനങ്ങൾക്ക് മികച്ച പിന്തുണയായിരുന്നു ലഭിച്ചത്. ഐ ഫോർ ദി ബ്ലൈൻഡ്, ഹോം ഫോർ ഹോംലെസ്, കിഡ്നി ഫൗണ്ടേഷൻ (ചിറമേലച്ചൻ), തിരുവനന്തപുരത്തുള്ള ലൂർദ് മാതാ കാൻസർ സെന്റർ (ഫാ. മോബൻ ചൂരവടി) എന്നീ സാധുജന ക്ഷേമ പദ്ധതികളാണ് മാർക്ക് ഇപ്പോൾ നടത്തിവന്നുകൊണ്ടിരിക്കുന്നത്.

റോക്ക്‌ലാൻഡിലുള്ള മൂന്നു സ്റ്റേജികളിലായി 75 പേരോളം പങ്കെടുക്കുന്ന സ്പോർട്സ് ആൻഡ് ഗെയിംസും നടത്തിവരുന്നു.






KLAND COUNTY
w York 1098
E-Mail




CIATION OF ROCK
Valley Cottage,



















MALAYALEE ASSOCIATION OF ROCKLAND COUNTY (MARC)
P.O. Box # 27, Valley Cottage, New York


LIVE
Television Channels
Streaming of Events
'VOD' Video On Demand
Movies | Shows | Photos
Event Tickets
MediaAppUSA
One App for All Media Outlets
amazon fireTV
Amazon fireTV
ROKU
ROKU TV
tv
Apple TV
Google TV
GoogleTV
Samsung SMART TV
Samsung TV
LG Life's Good
LGTV
Panasonic
Panasonic
VIZIO
VIZIO TV
iPhone
Android
Download on the App Store
ANDROID APP ON Google play
Available in App Store or Google Store
Scan the QR Code for instant download
Download
'MediaAppUSA'



# കേരള അസോസിയേഷൻ ഓഫ് ഡാലസിന്റെ ഓണാഘോഷം മറക്കാനാവാത്ത അനുഭവമായി

**പി പി ചെറിയാൻ .**

ഡാലസ് : കേരള അസോസിയേഷൻ ഓഫ് ഡാലസിന്റെ ഈ വർഷത്തെ ഓണാഘോഷം കഴിഞ്ഞ വർഷങ്ങളെ അപേക്ഷിച്ചു ആളുകളുടെ പങ്കാളിത്തം കൊണ്ടും മേന്മയാർന്ന കലാപരിപാടികളെ കൊണ്ടും തികച്ചും വ്യത്യസ്തത പുലർത്തി .ചടുലമായ പൂക്കളം, സ്വാദിഷ്ഠമായ ഓണസദ്യ, ആഹ്ലാദകരമായ പ്രകടനങ്ങൾ, മെഗാ തിരുവാതിര എന്നിവയും,പരിപാടിയുടെ എല്ലാ വശങ്ങളും സന്തോഷവും ചിരിയും പങ്കിട്ട സംസ്കാരത്തിന്റെ ഊഷ്മളതയും നിറഞ്ഞതായിരുന്നു. എല്ലാ സന്നദ്ധപ്രവർത്തകരുടെയും പങ്കാളികളുടെയും സമർപ്പണം ഈ ആഘോഷത്തെ എല്ലാവർക്കും മറക്കാനാവാത്ത അനുഭവമാക്കി മാറ്റി.

മുത്തുകുടകളുടെയും ചെണ്ടമേളത്തിൻറെയും താലപ്പൊലിയുടെയും പുലികളികളുടെയും അകമ്പടിയോടെ മാവേലിത്തമ്പുരാനെ ആനയിച്ച് മുഖ്യാതിഥിയും അസോസിയേഷൻ ഭാരവാഹികളും ആഘോഷത്തിൽ സംബന്ധിച്ച എല്ലാവരും ചേർന്ന് പ്രദക്ഷിണമായി വിശാലമായ മനോഹരമായി അലങ്കരിച്ചിരുന്ന ഓഡിറ്റോറിയത്തിലേക്ക് പ്രവേശിച്ചു.ഇന്ത്യൻ അമേരിക്കൻ ദേശീയ ഗാനാലാപനത്തിനു ശേഷം അസോസിയേഷൻ അംഗങ്ങൾ , വളണ്ടിയർമാർ എന്നിവർ ചേർന്ന് അവതരിപ്പിച്ച മെഗാ തിരുവാതിര ഓഡിറ്റോറിയത്തിൽ നിറഞ്ഞു നിന്ന സദസ്സ് ഹർഷാരവത്തോടെയാണ് സ്വീകരിച്ചത് .

സെപ്റ്റ :14 ശനിയാഴ്ച ഡാളസ്












ഫാർമേ ഴ്സ് ബ്രാഞ്ച് മാർത്തോമാ ചര്ച്ച ഓഡിറ്റോറിയത്തിൽ സംഘടിപ്പിച്ച ചടങ്ങിൽ അസോസിയേഷൻ പ്രസിഡൻറ് പ്രദീപ് നാഗനൂലിൽ അദ്ധ്യക്ഷത വചിച്ചു.കേരളത്തിൽ നിന്നും എത്തിച്ചേർന്ന സി പി ഐ ജനറൽ സെക്രട്ടറി ബിനോയ് വിശ്വം (കേരള)മുഖ്യാതിഥിയായിരിന്നു.

തുടർന്ന് മുഖ്യാതിഥിയും പ്രസിഡൻറ് പ്രദീപ് നാഗനൂലിലും സെക്രട്ടറി മൻജിത് കൈനിക്കരയും കമ്മറ്റി അംഗങ്ങളും കേരളത്തനിമയിൽ ഐശ്വര്യത്തിൻറെയും സമ്പുഷ്ടിയുടെയും പ്രതീകമായി നിറപറയും പൂക്കതിരും സാക്ഷിനിർത്തി ചേർന്ന് നിലവിളക്ക് കൊളുത്തിയതോടെ ഓണ ഘോഷത്തിനു തുടക്കമായി

കേരള അസോസിയേഷൻ ഓഫ് ഡാളസ് ഓണാഘോഷം വൻ വിജയമാക്കിയതിൽ നിങ്ങളോരോരുത്തർക്കും ഞങ്ങൾ നന്ദിയുള്ളവരാണ്! നിങ്ങളുടെ ആവേശകരമായ പങ്കാളിത്തവും പിന്തുണയും കൂട്ടായ മനോഭാവവും ഓണത്തിന്റെ യഥാർത്ഥ സത്തയെ സജീവമാക്കി

പ്രസിഡന്റ് അധ്യക്ഷപ്രസംഗത്തിൽ പറഞ്ഞു

‘ഈ വർഷം പങ്കെടുക്കുന്ന എൻറെ ആദ്യ ഓണാഘോഷ പരിപാടിയാണിതെന്നും ഇവിടെ അവതരിപ്പിച്ച കലാപരിപാടികളും നിങ്ങളുടെ എല്ലാവരുടെയും ഒത്തൊരുമയോടുള്ള ഓണാഘോഷ നടത്തിപ്പിൻറെ ആവേശവും കൂട്ടായ്മയും തന്നെയാണ് ഈ ഓണത്തിൻറെ മുഖ്യ സന്ദേസമെന്നും . ഈ ഒത്തൊരുമയാണ് മാവേലിയുടെ കാലത്തുണ്ടായിരുന്ന പ്രത്യേകതയെന്നും ബിനോയ് വിശ്വം ഒര്മപെടുത്തി. എല്ലാവർക്കും ഐശ്വര്യത്തിൻറെയും സാഹോദര്യത്തിന്റേയും ഓണാശംസകൾ മുഖ്യാതിഥി ബിനോയ് വിശ്വം നേർന്നു.

‘ഓണാഘോഷത്തിന്റെ തറവാടായ കേരളത്തിൽ ഒന്നോ രണ്ടോ ദിവസത്തിൽ ആഘോഷങ്ങൾ നടക്കുമ്പോൾ പ്രവാസികളായ മലയാളികൾ താമസിക്കുന്ന അമേരിക്കയിലും മറ്റ് പല വിദേശ രാജ്യങ്ങളിലും മാസങ്ങളോളമാണ് ആഘോഷം നടക്കുന്നത്. നിങ്ങളുടെ ഈ വർഷത്തെ ഓണാഘോഷത്തിൽ പങ്കെടുക്കുവാൻ ലഭിച്ച അവസരം ഏറ്റവും സന്തോഷം നൽകുന്നതാണ്അദ്ദേഹം കൂട്ടിച്ചേർത്തു

ഡാളസ് ബോട്ട് ക്ലബ്-നെഹ്റു ട്രോഫി വള്ളം കളി മാത്സരം,ഗ്രൂപ്പ് ഡാൻസ്(സംസ്കൃതി അക്കാദമി ഓഫ് പെർഫോമിംഗ് ആർട്സ്) , ഗ്രൂപ്പ് ഡാൻസ് -റിഥം ഓഫ് ഡാളസ്,. സംഘഗാനം-ഓണ കിനാവുകൾ ടീം,10. ഗ്രൂപ്പ് ഡാൻസ്-നർത്തന ഡാൻസ് ഗാർലൻഡ്, ഗ്രൂപ്പ് ഡാൻസ്-നദന ഡാൻസ് അക്കാദമി, തിരുവോണ ചുവട്

കൊറിയോഗ്രാഫി ജോബി വർഗീസ് ഗ്രാസിം എം.ആർ.ഇന്ത്യ, ഗ്രൂപ്പ് ഡാൻസ് -മല്ലൂസ് ബോയ്സ്,അക്കാദമിക് അവാർഡ് വിതരണം,ഓണസദ്യ,കളി-സിബി തലക്കുളം.സോളോ-ബഷീർ തവനൂർ,. ഗ്രൂപ്പ് ഡാൻസ്-സെമി ക്ലാസിക്കൽ ഡാൻസ്-(നർത്തന നൃത്തം), ഗ്രൂപ്പ് ഡാൻസ്-ബീറ്റ് ബ്രേക്കറുകൾ.

വയലിൻ പ്ലേ,20. സോളോ - ഷാജി തോമസ് എന്നെ പരിപാടികളും ഓണാഘോഷത്തിന്റെ മാറ്റ് വർദ്ധിപ്പിച്ചു

കേരള അസോസിയേഷൻ ഓഫ് ഡാളസ് ഓണാഘോഷം വൻ വിജയമാക്കിയതിൽ നിങ്ങളോരോരുത്തർക്കും ഞങ്ങൾ നന്ദിയുള്ളവരാണ്! നിങ്ങളുടെ ആവേശകരമായ പങ്കാളിത്തവും



പിന്തുണയും കൂട്ടായ മനോഭാവവും ഓണത്തിന്റെ യഥാർത്ഥ സത്തയെ സജീവമാക്കിയതായും ,ചടുലമായ പൂക്കളം, സ്വാദിഷ്ടമായ ഓണസദ്യ, ആഹ്ലാദകരമായ പ്രകടനങ്ങൾ, മെഗാ തിരുവാതിര എന്നിവ വരെ, പരിപാടിയുടെ എല്ലാ വശങ്ങളും സന്തോഷവും ചിരിയും നമ്മുടെ പങ്കിട്ട സംസ്കാരത്തിന്റെ ഊഷ്മളതയും നിറഞ്ഞതായിരുന്നു. എല്ലാ സന്നദ്ധ പ്രവർത്തകരുടെയും പങ്കാളികളുടെയും സമർപ്പണം ഈ ആഘോഷത്തെ എല്ലാവർക്കും മറക്കാനാവാത്ത അനുഭവമാക്കി മാറ്റി.

എല്ലാം സുഗമമായി നടക്കുന്നുണ്ടെന്ന് ഉറപ്പാക്കാൻ തിരശ്ശീലയ്ക്ക് പിന്നിൽ അക്ഷീണം പ്രവർത്തിച്ച സ്പോൺസർമാർക്കും സാംസ്കാരിക പ്രവർത്തകർക്കും ഇവന്റ് സംഘാടകർക്കും സെക്രട്ടറി മൻജിത് കൈനിക്കര പ്രത്യേക നന്ദി അറിയിച്ചു.

നിങ്ങളുടെ സംഭാവനകൾ വിലമതിക്കാനാവാത്തതായിരുന്നു, ഈ ആഘോഷത്തിന്റെ വിജയം നിങ്ങളുടെ കഠിനാധ്വാനത്തിന്റെ തെളിവാണെന്നും ആഘോഷത്തിന്റെ ചൈതന്യവും സൗഹൃദവും പ്രതിഫലിപ്പിക്കുമ്പോൾ, നമ്മുടെ മനോഹരമായ പാരമ്പര്യങ്ങൾ ആഘോഷിക്കുകയും നമ്മുടെ സമൂഹത്തിന്റെ ബന്ധങ്ങൾ ശക്തിപ്പെടുത്തുകയും ചെയ്യാം. ഓണക്കാലത്തും തുടർന്നുള്ള സമയത്തും നിങ്ങൾക്കെല്ലാവർക്കും സന്തോഷവും ആരോഗ്യവും സമൃദ്ധിയും നേരുന്നതായും അദ്ദേഹം കൂട്ടിച്ചേർത്തു ആര്ട്ട് ഡയറക്ടർ സുബി ഫിലിപ്പ്, ജോബി വര്ഗീസ്, പ്രമീള അജയ് ,ദേവേന്ദ്ര അനൂപ് എന്നിവർ പരുപാടികൾ നിയന്ത്രിച്ചു ജെയ്സി ജോർജ്,വിനോദ് ജോർജ്,,ബേബി കൊടുവത്തു,ദീപക് നായർ,,ദീപു രവീന്ദ്രൻ,സാബു മാത്യു,ഫ്രാൻസിസ് തോട്ടത്തിൽ ,ഹരിദാസ് തങ്കപ്പൻ , അനശ്വരൻ മാംമ്പിള്ളി ,രാജൻ ഐസക് എന്നിവർ പരിപാടികളുടെ വിജയത്തിനായി പ്രവർത്തിച്ചു. 2000 ത്തി ലധികം പേർ ഇലയിട്ട് ഓണവിഭവങ്ങൾ അടങ്ങിയ

ഓണ സദ്യ മതിവരുവോളം ആസ്വദിച്ചാണ് പിരിഞ്ഞു പോയത്











India Press Club of North America
MADHYAMASREE
Madhyamaratna
Media Excellence Awards
Jan 10th, 2025, Kochi
PLATINUM
MAIN SPONSOR
SAJAN &
MINI SAJAN
SAJ GROUP
HOTELS & RESORTS
India Press Club of North America
I P C N A
മാധ്യമശ്രീ
മാധ്യമരത്ന
മീഡിയ
എക്സലൻസ്
പുരസ്കാര സന്ധ്യ
ജനുവരി 10ന്
കൊച്ചിയിൽ
സാമൂഹിക-
സാംസ്കാരിക-രാഷ്ട്രീയ-
മാധ്യമ രംഗത്തെ പ്രമുഖർ
പങ്കെടുക്കുന്ന സമ്മേളനം!
Sunil Tristar (Samuel Easo) National President
Shijo Poulose National Secretary
Vishakh Cherian National Treasurer
Sunil Thymattam Advisory Board Chairman
Anil Kumar Aranmula National Vice President
Asha Mathew Joint Secretary
Roy Mulakunnam Joint Treasurer
Sunil Tristar 1-917-662-1122
Shijo Poulose 1-201-238-9654
Vishakh Cherian 1-757-756-7374
www.indiapressclub.org
eMail: indiapressclubofna@gmail.com

# ബ്ളസിക്കും വർഗീസ് മാമ്മനും സാജൻ വർഗ്ഗീസിനും ഫ്രണ്ട്സ് ഓഫ് തിരുവല്ല സ്വീകരണം നൽകി

ന്യു യോർക്ക്: ഈ വർഷത്തെ മികച്ച സിനിമാ സംവിധായകനുള്ള സംസ്ഥാന ചലച്ചിത്ര അവാർഡ് ലഭിച്ച ബ്ലസിക്കും യു ഡി എഫ് പത്തനംതിട്ട ജില്ലാ ചെയർമാനും കേരളാ കോൺഗ്രസ് പത്തനംതിട്ട ജില്ലാ പ്രസിഡന്റുമായ അഡ്വ വർഗ്ഗീസ് മാമ്മനും പ്രമുഖ വ്യവസായി സാജൻ വർഗ്ഗീസിനും ഫ്രണ്ട്സ് ഓഫ് തിരുവല്ല ന്യൂയോർക്കിൽ സ്വീകരണം നൽകി. ന്യൂയോർക്കിലെ തിരുവല്ലാക്കാരുടെ സംഘടനയായ ഫ്രണ്ട്സ് ഓഫ് തിരുവല്ലയുടെ വാർഷിക സമ്മേളനത്തിൽ വച്ചായിരുന്നു സ്വീകരണം. ന്യൂയോർക്ക് കൊട്ടിലിയൻ ഹോട്ടലിൽ നടന്ന ചടങ്ങിൽ തോമസ് ശാമുവേൽ (കുഞ്ഞു മാലിയിൽ) അധ്യക്ഷത വഹിച്ചു .






റവ ഫാദർ ജോൺ തോമസ്, റവ.ജോസി വർഗീസ്, ജേക്കബ് എബ്രഹാം പനച്ചിമുട്ടിൽ, വർക്കി എബ്രഹാം, സജി എബ്രഹാം തോമസ് റ്റി ഉമ്മൻ ,തോമസ് കോശി, പോൾ കറുകപ്പള്ളി, ഡോ.ജേക്കബ് തോമസ്, തോമസ് എം ജോർജ് , ജോൺ ഐസക്ക് , ഫിലിപ്പ് മഠത്തിൽ, സ്റ്റാൻലി കളത്തിൽ എന്നിവർ പ്രസംഗിച്ചു










V.S. REALTY
Sales ■ Appraisals ■ Rentals
■ Residential ■ Commercial
35+ Years of Trust and Service
Best Time to Buy Your Dream
Home with Low Interest Rates
Serving, Nassau,
Queens, suffolk,
West Chester County, NYC
REALTOR
MLS
EQUAL HOUSING OPPORTUNITY
KALATHIL
VARUGHESE
Lic. Real Estate Broker
/ Notary Public
NEW LOCATION
VS Realty, 515 Herricks Road, Suite #3, New Hyde Park, NY 11040
516-741-1850 (O), Cell: 516-984-6591 (C). E-mail: vsrealty@aol.com


ATTORNEY AT LAW
VINOD KEARKE
■ Accident Cases
■ Criminal matters
■ Real Estate
■ Matrimonial
■ Landlord/Tenant
■ Immigration
■ Wills and Estates
1611 Hillside Ave, New Hyde Park, NY 11040
Phone: 516 326 3350; 516 621 5381
Fax: 516 326 3353, Cell: 616 633 5208

# ഫോമാ ഭരണസമിതിയുടെ പ്രവർത്തന ഉദ്ഘാടനവും അധികാര കൈമാറ്റവും ഒക്ടോബർ 26ന് ഹ്യുസ്റ്റണിൽ

അജു വാരിക്കാട്

ഹ്യുസ്റ്റൺ: ബേബി മണക്കുന്നേൽ നയിക്കുന്ന ഫോമാ 2024-26 വർഷത്തെ പുതിയ ഭരണ സമിതിയുടെ പ്രവർത്തന ഉദ്ഘാടനവും അധികാര കൈമാറ്റവും ജനറൽ ബോഡിയും ഒക്ടോബർ 26ന് ഹ്യുസ്റ്റണിൽ നടത്തും. സെപ്റ്റംബർ ഒമ്പതാം തീയതി വൈകുന്നേരം നേർക്കാഴ്ച മീഡിയ ഔട്ട്ലെറ്റ് ഓഡിറ്റോറിയത്തിൽ വച്ച് കൂടിയ ഫോമ സതേൺ റീജിയൻ യോഗത്തിൽ വച്ചാണ് ഈ തീരുമാനമെടുത്തത്.

വിപുലമായ പരിപാടികളോടെയാണ് ഉത്ഘാടനം നടത്തുവാൻ തീരുമാനിച്ചിരിക്കുന്നത്.

സ്റ്റാഫോർഡിലുള്ള ഇമ്മാനുവേൽ മാർത്തോമാ സെന്ററിൽ വെച്ച് നടത്തപെടുന്ന ഈ പരിപാടിയിലേക്കു ഫോമയുടെ ഡെലിഗേറ്റ്മാരെ എല്ലാവരെയും സ്വാഗതം ചെയ്യുന്നു എന്ന് കമ്മറ്റി അംഗങ്ങൾ യോഗശേഷം പറഞ്ഞു.

സതേൺ റീജിയൻ ചെയർമാൻ മാത്യു വർഗീസ് (രാജേഷ്) ന്റെ അധ്യക്ഷതയിൽ കൂടിയ യോഗത്തിൽ ഫോമാ പ്രസിഡൻറ് ബേബി മണക്കുന്നേൽ സന്നിഹിതനായിരുന്നു. മുൻ റീജണൽ വൈസ് പ്രസിഡൻറ് മാത്യൂസ് മുണ്ടക്കൽ, നാഷണൽ കമ്മിറ്റി മെമ്പർമാരായ ജിജു കുളങ്ങര, രാജൻ യോഹന്നാൻ, ഫോമ ഫൗണ്ടിങ് പ്രസിഡൻറ് ശശിധരൻ നായർ, ഫോമ മുൻ ട്രഷറർ എം.ജി. മാത്യു തുടങ്ങിയവർ സംസാരിച്ചു.

പ്രവർത്തനോദ്ഘാടന നടത്തിപ്പിനായി വിവിധ കമ്മിറ്റികളും രൂപീകരിക്കയുണ്ടായി. പരിപാടിയുടെ കൺവീനറായി മാത്യൂസ് മുണ്ടക്കലിനേയും കോഡിനേറ്ററായി സുബിൻ കുമാരനെയും യോഗം തെരഞ്ഞെടുത്തു.

ട്രഷററായി ജോയ് എം സാമുവൽ, പി ആർഒ ആയി അജു വാരിക്കാട് മീഡിയ കോഡിനേറ്ററായി സൈമൺ വാളാച്ചേരിൽ, ട്രാൻസ്പോർട്ടേഷൻ ഇൻചാർജ് ആയി തോമസ് ജോർജ്, തോമസ് ഓലിയാൻകുന്നേൽ, രാജൻ യോഹന്നാൻ എന്നിവരെയും തെരഞ്ഞെടുത്തു. റിസപ്ഷൻ കമ്മിറ്റിയുടെ ചുമതല എസ് കെ ചെറിയാനെയും, എം ജി മാത്യുവിനെയും ഫുഡ് കമ്മിറ്റിയുടെ കൺവീനർ ആയി ബാബു മുല്ലശ്ശേരിയെയും ഐക്യകണ്ഠേന തിരഞ്ഞെടുത്തു. പ്രോഗ്രാം കമ്മിറ്റിയിലേക്ക് സണ്ണി കാരിക്കൽ ഉൾപ്പെടുന്ന വിപുലമായ ടീമിനെയാണ് ഉൾപ്പെടുത്തത്തിയിരിക്കുന്നത് .




India Press Club of North America
MADHYAMASREE
Madhyamaratna
Media Excellence Awards
Jan 10th, 2025, Kochi
India Press Club of North America
IPCNA
മാധ്യമശ്രീ
മാധ്യമരത്ന
മീഡിയ
എക്സലൻസ്
പുരസ്കാര സന്ധ്യ
ജനുവരി 10ന്
കൊച്ചിയിൽ
മാധ്യമശ്രീ
മാധ്യമരത്ന
പുരസ്കാരം 2024
സാമൂഹിക-
സാംസ്കാരിക-രാഷ്ട്രീയ-
മാധ്യമ രംഗത്തെ പ്രമുഖർ
പങ്കെടുക്കുന്ന സമ്മേളനം!
Sunil Tristar (Samuel Easo) National President
Shijo Poulose National Secretary
Vishakh Cherian National Treasurer
Sunil Thymattam Advisory Board Chairman
Anil Kumar Aranmula National Vice President
Asha Mathew Joint Secretary
Roy Mulakunnam Joint Treasurer
Sunil Tristar 1-917-662-1122
Shijo Poulose 1-201-238-9654
Vishakh Cherian 1-757-756-7374
www.indiapressclub.org
eMail: indiapressclubofna@gmail.com



# കേരള അസോസിയേഷൻ ഓഫ് ഗ്രേറ്റർ വാഷിംഗ്ടൺ ഓണാഘോഷം നടത്തി

റോണി തോമസ്

വാഷിംഗ്ടൺ ഡി സി : കേരള അസോസിയേഷൻ ഓഫ് ഗ്രേറ്റർ വാഷിംഗ്ടൺ (കെ എ ജി ഡബ്ലിയൂ ) ഉത്രാടനാളിൽ വിപുലമായി ഓണം ആഘോഷിച്ചു. ഇരുപതിലധികം വിഭവങ്ങൾ തൂശനിലയിൽ വിളമ്പി ആയിരത്തിലധികം ആളുകൾക്ക് നൽകിയ ഓണസദ്യ പ്രേത്യേക പ്രശംസ പിടിച്ചുപറ്റി. സദ്യക്ക് ശേഷം ഇരുനൂറിലധികം കലാകാരന്മാർ അണിനിരന്ന ഓണാഘോഷപരിപാടികൾക്ക് പ്രസിഡന്റ് സുഷമ പ്രവീണിന്റെ സ്വാഗതത്തോടു തുടക്കമായി . നവരസ എന്നു പേരിട്ട ഈ കലാവിരുന്ന് വാഷിംഗ്ടൺ ഡിസി പ്രേദേശത്തെ മലയാളികൾക്ക് ഒരു നവ്യാനുഭവം ആയി മാറി. ശൃങ്കാരം , ഹാസ്യം , കരുണ, രൗദ്രം , വീര്യം , ഭയാനകം , ബീഭൽസം , അത്ഭുതം , ശാന്തം എന്നീ നവരസങ്ങൾ വിവിധ കലാരൂപങ്ങളിലൂടെ അവതരിപ്പിച്ച കലാകാരന്മാർ കലാസ്നേഹികൾക്ക് ഒരു നല്ല കലാവിരുന്ന് ഒരുക്കി. ഓണപരിപാടിയുടെ മുഖ്യ പ്രഭാഷകയായിരുന്ന വുമൺ ലിര്യേലുൃലിലൗ അാുരൗ ഗ്രൂപ്പ് സി. ഇ. ഒ. അഞ്ജലി ആൻരാമകുമാരനെ ഈ വേദിയിൽ ആദരിച്ചു. അാുരൗ ഗ്രൂപ്പിന്റെ പ്രെസിഡെന്റ് സലിൽ ശങ്കരൻ ആയിരുന്നു കലാപരിപാടികളുടെ പ്ലാറ്റിനം സ്പോൺസർ. വിർജീനിയ സ്റ്റേറ്റ് ഡെലിഗേറ്റ് കണ്ണൻ ശ്രീനിവാസൻ, വിർജീനിയ സ്റ്റേറ്റ് ക്യാൻഡിഡേറ്റ് പൂജ ഖന്ന എന്നിവർ ഓണാംശസകൾ നേർന്നു .

എന്റർടൈൻമെന്റ് ടീം ചെയർ റീന ഫിലിപ്പ്, സുനന്ദ ഗോപകുമാർ, ശ്രീജിത്ത് നായർ , ശാലിനി നമ്പ്യാർ, കുട്ടി മേനോൻ, അരുൺ ജോ സക്കറിയ എന്നിവർ പ്രോഗാമുകൾക്ക് നേതൃത്വം നൽകി. ഷഫീൽ അഹമ്മദ്, പെൻസ് ജേക്കബ്, മനോജ് വെള്ളനൂർ എന്നിവരുടെ മേൽനോട്ടത്തിലാണ് ഓണ സദ്യ എകോപിപ്പിച്ചത് .

കെ എ ജി ഡബ്ള്യു യൂത്ത് കേരളിത്തിലെ എല്ലാ ജില്ലകളെയും കുറിച്ചുള്ള വിവരങ്ങൾ ഉൾകൊണ്ട ബൂത്ത് വേറിട്ട കാഴ്ചയായി . അമേരിക്കയിൽ ജനിച്ചു വളർന്ന കുട്ടികൾ തന്നെ ഇതിനു മുൻകൈ എടുത്തതിനെ പ്രവസിഡന്റ് സുഷമ അഭിനന്ദിക്കുകയും അവർക്കു പ്രേത്യേകം നന്ദി പറയുകയും ചെയ്തു . ഓണാഘോഷത്തിൽ പങ്കെടുത്ത വാഷിങ്ടൺ ഡിസി ഏരിയയിലെ എല്ലാവര്ക്കും സെക്രട്ടറി ആശ ഹരിദാസ്സ് സ്നേഹപൂർവമുള്ള നന്ദിയും ഓണാശംസയും നേർന്നു കൊണ്ട് ആഘോഷങ്ങൾ പര്യവസാനിച്ചു.













# ഹ്യൂസ്റ്റൺ മലയാളി സീനിയേഴ്സ് ഓണം കേരളത്തനിമയിൽ ഉജ്ജ്വലമായി

എ.സി.ജോർജ്

ഹ്യൂസ്റ്റൺ: ഹ്യൂസ്റ്റൺ ആസ്ഥാനമായി പ്രവർത്തിക്കുന്ന മലയാളി സീനിയേഴ്സ് സന്നദ്ധ സംഘടനയുടെ ഇക്കൊല്ലത്തെ ഓണം കേരളത്തനിമയിൽ ആഹ്ലാദകരവും ഉജ്ജ്വലവുമായി. സെപ്റ്റംബർ 14നു ഉച്ചയ്ക്ക് അപ്നാ ബസാർ ഓഡിറ്റോറിയത്തിൽ വച്ചായിരുന്നു ഓണം ആഘോഷിച്ചത്. ഹൂസ്റ്റണിലെ രാഷ്ട്രീയ സാമൂഹ്യ സാംസ്കാരിക രംഗങ്ങളിൽ വളരെ കാലമായി പ്രവർത്തിക്കുന്ന ശ്രീമതി പൊന്നു പിള്ളയുടെ നേതൃത്വത്തിൽ 25 വർഷം മുൻപ് ആരംഭിച്ച ഒരു പൊതു മലയാളി സീനിയേഴ്സ് പ്രസ്ഥാനമാണ്, മലയാളി സീനിയേഴ്സ് സംഘടന.

മലയാളി സീനിയേഴ്സ് സംഘടന സ്ഥാപിതമായതിന്റെ ഒരു രജത ജൂബിലി വർഷവും രജത ജൂബിലി ഓണമഹോത്സവവും ആയിരുന്നു ഇപ്രാവശ്യം ആഘോഷിച്ചത്.

ശ്രീമാൻ നാരായണൻ നായരുടെ ഈശ്വര പ്രാർത്ഥന ഗാനത്തിനു ശേഷം ശ്രീമതി പൊന്നുപിള്ള, ശ്രീമാൻമാരായ ടോം എബ്രഹാം, എ.സി.ജോർജ്, സ്.കെ. ചെറിയാൻ, തോമസ് ചെറുകര, ഡോക്ടർ മാത്യു വൈരമൺ, വി.എൻ.രാജു, ജി.കെ.പിള്ള, അച്ചൻ കുഞ്ഞ് എന്നിവർ നിലവിളക്ക് കൊളുത്തി. ശ്രീമതി പൊന്നു പിള്ള അധ്യക്ഷ പ്രസംഗത്തിൽ കേരളാ സീനിയേഴ്സിൻറെ ഹ്രസ്വമായ ഒരു ചരിത്രം, അതുപോലെ സമൂഹത്തിന് നൽകിയ നിസ്വാർത്ഥമായ സേവനങ്ങളെ പറ്റിയൊക്കെ പരാമർശിച്ച് സംസാരിച്ചു.

എസി ജോർജ് ഓണ സന്ദേശം നൽകി. നാട്ടിൽ ആണെങ്കിലും മറുനാട്ടിൽ ആണെങ്കിലും മലയാളിയുടെ ഏറ്റവും വലിയ ആഘോഷങ്ങളുടെ ഒരു ക്ലൈമാക്സ് ആണ് ഓണം. ജാതിമത വർഗ്ഗ ഭേദമന്യേ മലയാള ഒരുമയുടെ, തനിമയുടെ, മലയാളികളെ ഒരേ ചരടിൽ കോർത്തിനക്കുന്ന, ആഘോഷവും, അനുസ്മരണയും ആണ് ഓണം. മലയാളിയുടെ മധുരിക്കുന്ന ഓർമ്മകളെ താലോലിക്കുന്ന, മാവേലി തമ്പുരാൻറെ, കള്ളവും ചതിയും വഞ്ചനയും ഇല്ലാത്ത ഒരു നല്ല കാലത്തെ അനുസ്മരിക്കുന്ന നെഞ്ചോട് ചേർക്കുന്ന, അതുപോലെ സത്യവും നീതിയും എന്നും നിലനിൽക്കണം എന്ന് ആഗ്രഹിക്കുന്ന മനുഷ്യമനസ്സുകളുടെ ഒരു തീവ്രമായ ആഗ്രഹം കൂടി ഈ ആഘോഷങ്ങളിലൂടെ നമ്മൾ പ്രകടിപ്പിക്കുകയാണെന്ന് അദ്ദേഹം തന്റെ പ്രസംഗത്തിൽ സൂചിപ്പിച്ചു.



നാട്ടിലെയും വിദേശത്തേയും, ഓണാഘോഷങ്ങളെ പറ്റി, ഓണത്തെപ്പറ്റി നിലവിലുള്ള വിവിധ ഐതിഹ്യങ്ങളെ പറ്റിയൊക്കെ പരാമർശിച്ചുകൊണ്ട് ഇവിടത്തെ മലയാളി സമൂഹത്തിലെ പ്രഗൽഭരായ ടോം എബ്രഹാം, എസ് കെ ചെറിയാൻ, തോമസ് ചെറുകര, ഡോക്ടർ മാത്യു വൈരമൺ, വി.എൻ. രാജു, ജി.കെ. പിള്ള, അച്ചൻ കുഞ്ഞ്, ഗോപിനാഥപ്പണിക്കർ, ജോർജ് കാക്കനാട്ട്,




Muthoot Finance USA Inc.
You Only NEED
A GOLD LOAN
To Make Your Dreams
A REALITY!
Just avail a gold loan from Muthoot Finance and experience a host of incredible benefits.
Maximum Loan Value
Get the best loan value for your gold
Quick Loan Approval
Fast processing to get you your funds immediately
Easy Documentation
Hassle-free paperwork for a seamless loan experience
Trust the gold loan experts and secure your future today.
Visit our branches at:
New York Branch
1620, Hillside Ave, New Hyde Park, New York - 11040
+1 (516) 352 7900
New Jersey Branch
1407, Oak Tree Road, Iselin, New Jersey - 08830
+1 (732) 305 8200
Live Chat: +91 8078014111
Muthoot Family - 800 years of Business Legacy

ഫാൻസിമോൾ പള്ളാത്ത് മഠം, വാവച്ചൻ മത്തായി, അറ്റോർണി ജീവാ, തുടങ്ങിയവർ ആശംസ പ്രസംഗങ്ങൾ നടത്തി. ഏവരും തങ്ങളുടെ പ്രസംഗത്തിൽ ശ്രീമതി പൊന്നുപിള്ളയുടെ നിസ്വാർത്ഥ സേവനങ്ങളെപ്പറ്റി പ്രകീർത്തിക്കാൻ മറന്നില്ല.

ഹ്യൂസ്റ്റനിലെ കേരള സീനിയേഴ്സ് പ്രസ്ഥാനത്തിൻറെ മുഖമുദ്രയായ സ്നേഹം സമത്വം സാഹോദര്യം എന്ന ചിന്തയോടെ ഇക്കാലമത്രയും ശ്രീമതി പൊന്നുപിള്ളയോടൊപ്പം പ്രവർത്തിച്ച മറിയാമ്മ ഉമ്മൻ, രാജമ്മ ജോൺസി, ഏലിക്കുട്ടി കുര്യാക്കോസ്, ലീലാമ്മ ജോൺ, മാർത്ത ചാക്കോ, മേരിക്കുട്ടി എബ്രഹാം, ഏലിയാമ്മ, ജോസഫ്, ഓമന സ്റ്റാൻലി, ത്രേസിയാമ്മ ജോർജ്, എന്നിവർക്ക് അംഗീകാര സൂചകമായി യോഗം ഓരോ സാരി നൽകി ആദരിച്ചു. അതുപോലെ മലയാളി സീനിയേഴ്സ് പ്രസ്ഥാനത്തിൽ നിന്ന് വിവിധ വർഷങ്ങളിലായി ചരമമടഞ്ഞവരെ പ്രത്യേകം അനുസ്മരിക്കുകയും പ്രാർത്ഥിക്കുകയും ചെയ്തു.

ആൻഡ്രൂ ജേക്കബ് പുതിയതും പഴയതുമായ വിവിധ ഗാനങ്ങൾ പാടി. കലാകാരൻ ബേബി, വിവിധ നാടക ഗാനങ്ങളെ കോർത്തിണക്കിക്കൊണ്ട് ഫ്ലൂട്ട് വായിച്ചു. എം.ജോർജുകുട്ടി വടക്കണേഴികത്തു മനോഹരമായ മംഗള കവിത അവതരിപ്പിച്ചു. വഞ്ചിപ്പാട്ടുകൾക്കും, മറ്റു സമൂഹ ഗാനങ്ങൾക്കും ആൻഡ്രൂ ജേക്കപ്പും, ഫാൻസിമോൾ പള്ളാത്ത്മഠവും നേതൃത്വം നൽകി.

ജീവിതത്തിലെ ഏറിയ കാലം പുറം നാടുകളിൽ കഴിഞ്ഞ കേരള സീനിയേഴ്സിൻറെ ചെറുപ്പകാല അനുഭവങ്ങൾ ചിലർ വർണ്ണിക്കുകയുണ്ടായി. എന്താഘോഷം ഉണ്ടായാലും അതെല്ലാം മൂല്യാധിഷ്ഠിതമായിരിക്കണം എന്നും മാനവികതയും സേവനവും ആയിരിക്കണം ആഘോഷങ്ങളുടെയും ജീവിതത്തിന്റെയും അടിസ്ഥാന തത്വങ്ങളും മുഖമുദ്ര എന്നും ആഘോഷങ്ങളിൽ പങ്കെടുക്കാൻ എത്തിയവർ ഒന്നടങ്കം അഭിപ്രായപ്പെടുകയുണ്ടായി.

വിഭവസമൃദ്ധമായ കേരളീയ ഓണസദ്യ ഏവരും ആസ്വദിച്ചു. ഓണസദ്യ കഴിഞ്ഞപ്പോൾ സദ്യ ഉണ്ട ഇലയിൽ ഒന്നും അവശേഷിപ്പിക്കാതെ, ഇല ക്ലീൻ ആക്കി വെച്ച ശ്രീമതി അമ്മിണി സാബുവിന് സ്.കെ.ചെറിയാൻ പാരിതോഷികം നൽകി ആദരിച്ചു. അച്ചൻ കുഞ്ഞിൻറെ നന്ദി പ്രസംഗത്തോടെ ഓണാഘോഷങ്ങൾക്ക് പരിസമാപ്തിയായി.











# ഭാരത് ബോട്ട് ക്ലബ് വിജയകിരീടം ചൂടി!



ന്യൂയോർക്ക്: ന്യൂയോർക്കിൽ പ്രവർത്തിക്കുന്ന 'ദി അമേരിക്കൻ മലയാളി ഹെറിറ്റേജ് ഫൗണ്ടേഷൻ' 2024 സെപ്തംബർ 15 ഞായറാഴ്ച ഫ്രീപോർട്ടിലുള്ള കൗ മെഡോ പാർക്കിൽ വച്ച് ആദ്യമായി സംഘടിപ്പിച്ച മത്സര വള്ളം കളിയിൽ രാധാകൃഷ്ണൻ കുഞ്ഞുപിള്ള ക്യാപ്റ്റനായി തുഴഞ്ഞ ഭാരത് ബോട്ട് ക്ലബ് വിജയ കിരീടം ചൂടി.

സെനറ്റർ കെവിൻ തോമസ് നേതൃത്വം കൊടുത്ത സംഘാടക സമിതിയാണ് ഈ മത്സര വള്ളം കളി നടത്തിയത്. ബിജു ചാക്കോയും അജിത് കൊച്ചൂസും സെനറ്റർ കെവിൻ തോമസിന് പൂർണ പിന്തുണ നൽകി.

ചെണ്ടമേളവും തിരുവാതിര കളിയും, വടംവലി മത്സരവും വിഭവസമൃദ്ധമായ ഓണസദ്യയുമൊക്കെ ഈ വള്ളം കളിക്ക് മാറ്റുകൂട്ടി.

റിപ്പോർട്ട്: ജയപ്രകാശ് നായർ





# കേരള അസോസിയേഷൻ ഓഫ് ഡാലസ് എഡ്യൂക്കേഷൻ ക്യാഷ് അവാർഡുകൾ വിതരണം ചെയ്തു





**പി പി ചെറിയാൻ**

ഗാർലാൻഡ് ( ഡാളസ്):കേരള അസോസിയേഷൻ ഓഫ് ഡാലസ് എഡ്യൂക്കേഷൻ ക്യാഷ് അവാർഡുകൾ വിതരണം ചെയ്തു കേരള അസോസിയേഷൻ ഓഫ് ഡാലസിൻറെയും ഇന്ത്യ കൾച്ചറൽ ആൻഡ് എഡ്യൂക്കേഷൻ സെന്ററിന്റെയും സംയുക്ത ആഭിമുഖ്യത്തിൽ നടത്തപ്പെട്ട ഈ വർഷത്തെ ഓണാഘോഷത്തിൽ വെച്ച നടന്ന ചടങ്ങിൽ വെച്ചായിരുന്നു അവാർഡ് വിതരണം നടത്തപ്പെട്ടത്. .

സെപ്റ്റ :14 ശനിയാഴ്ച ഡാളസ് ഫാർമേഴ്‌സ് ബ്രാഞ്ച് മാർത്തോമാ ചർച്ച ഓഡിറ്റോറിയത്തിൽ സംഘടിപ്പിച്ച ചടങ്ങിൽ അസോസിയേഷൻ പ്രസിഡൻറ് പ്രദീപ് നാഗനൂലിൽ അദ്ധ്യക്ഷത വഹി ച്ചു.കേരളത്തിൽ നിന്നും എത്തിച്ചേർന്ന സി പി ഐ ജനറൽ സെക്രട്ടറി ബിനോയ് വിശ്വം (കേരള)മുഖ്യാതിഥിയായിരിന്നു.

അവാർഡിനർഹമായ വിദ്യാർഥികൾക്കു മുഖ്യാതിഥിയും, ഇന്ത്യ കൾച്ചറൽ ആൻഡ് എഡ്യൂക്കേഷൻ സെന്റർ പ്രസിഡന്റ് ഷിജു എബ്രഹാം എന്നിവർ ക്യാഷ് അവാർഡുകൾ വിതരണം ചെയ്തു

അഞ്ചാം ക്ലാസ്ഒന്നാം സമ്മാനം ഗൗതം ഉണ്ണിത്താൻ, രണ്ടാം സമ്മാനം ജെസ്വിൻ ജെജോയ് എട്ടാം ക്ലാസ് ഒന്നാം സമ്മാനം,ഗൗരി വിനീഷ്,രണ്ടാം സമ്മാനം-എയ്ഡൻ ജോർജ്, 12-ാം ക്ലാസ് ഒന്നാം സമ്മാനം. ജോനാഥൻ ജോസ് രണ്ടാം സമ്മാനം അലക്സി തോമസ് എന്നിവരാണ് അവാർഡിന് അർഹരായവർ. സണ്ണി ജേക്കബ്, ഐപ്പ് സ്കറിയ,രമണികുമാർ , ജോസഫ് ചാണ്ടി,ഇർവിംഗ് ഉഎണ ഇന്ത്യൻ ലയൺസ് ക്ലബ്ബ്,ജോർജ് ജോസഫ് വിലങ്ങോലിൽ എന്നിവരാണ് അവാർഡുകൾ സ്പോൺസർ ചെയ്തിരുന്നത്



എഡ്യൂക്കേഷൻ ഡയറക്ടർ ഡിംപിൾ ജോസഫ് സ്വാഗതവും, അസോസിയേഷൻ സെക്രട്ടറി മൻജിത് കൈനിക്കര നന്ദിയും പറഞ്ഞു.

ആർട്ട് ഡയറക്ടർ സുബി ഫിലിപ്പ്, ജോബി വർഗീസ്, പ്രമീള അജയ് ,ദേവാനന്ദ അനൂപ് എന്നിവർ പരുപാടികൾ നിയന്ത്രിച്ചു ഇന്ത്യ കൾച്ചറൽ ആൻഡ് എഡ്യൂക്കേഷൻ സെന്റർ സെക്രട്ടറി സൈമൺ ജേക്കബ് ,ജെയ്സി ജോർജ്,വിനോദ് ജോർജ്,,ബേബി കൊടുവത്തു,ദീപക് നായർ,,ദീപു രവീന്ദ്രൻ,സാബു മാത്യു,ഫ്രാൻസിസ് തോട്ടത്തിൽ ,ഹരിദാസ് തങ്കപ്പൻ , അനശ്വരൻ മാംമ്പിള്ളി ,രാജൻ ഐസക് ദീപു രവീന്ദ്രൻ ,സബു മുക്കാൽഡി,സിജു വി ജോർജ് , എന്നിവർ പരിപാടികളുടെ വിജയത്തിനായി പ്രവർത്തിച്ചു.

# ഫൊക്കാന ന്യൂസ് ടീമിൽ അനിൽ കുമാർ ആറന്മുള, പി ഡി ജോർജ് നടവയൽ, സന്തോഷ് എബ്രഹാം ,സരൂപ അനിൽ



**ശ്രീകുമാർ ഉണ്ണിത്താൻ**

ന്യൂ യോർക്ക് :ഫൊക്കാനയുടെ 2024 -2026 ലെ ന്യൂസ് ടീം അംഗങ്ങൾ ആയി അനിൽ കുമാർ ആറന്മുള, പി ഡി ജോർജ് നടവയൽ, സന്തോഷ് എബ്രഹാം ,സരൂപ അനിൽ എന്നിവരെ നിയമിച്ചതായി പ്രസിഡന്റ് സജിമോൻ ആന്റണി അറിയിച്ചു.

ഈ രണ്ടു വർഷക്കാലം ഫൊക്കാനയുടെ പ്രവർത്തനങ്ങൾ എങ്ങനെ ജനങ്ങളിൽ എത്തിക്കാം എന്ന ലക്ഷ്യബോധത്തോടെയും കാഴ്ചപ്പാടോടെ കൂടിയുമാണ് ഈ ടീം രംഗത്തേക്ക് വരുന്നത്. ഫൊക്കാനയുടെ പ്രവർത്തനങ്ങൾ സമൂഹത്തിൽ എത്തിക്കുക എന്ന കർത്തവ്യമാണ് ന്യൂസ് ടീമിന്റേത് . അത് കണ്ടറിഞ്ഞു, മാധ്യമ രംഗത്ത് പരിചയവും കഴിവുമുള്ളവരാണ് ഈ ടീമിന്റെ ഭാഗമായി മുന്നോട്ട് വരുന്നത്.

ഫൊക്കാനക്കു സമൂഹത്തിൽ വളരെ അധികം സ്വാധീനം ചെലുത്തുവാൻ കഴിയുന്ന 22 ഓളം പദ്ധതികളും, അതിന്റെ ഉപപദ്ധിതികളും മറ്റ് പ്രോജെക്ട്കളുമായി ഈ രണ്ടു വർഷക്കാലം ഫൊക്കാനയുടെ മുഖമുദ്ര തന്നെ മാറ്റുന്ന പ്രവർത്തനങ്ങൾ ആണ് ഫൊക്കാന കമ്മിറ്റി പ്ലാൻ ചെയ്തു മുന്നോട്ട് കൊണ്ട് പോകുന്നത്. അതുകൊണ്ടു തന്നെ ഫൊക്കാന ന്യൂസ് ടീമിന് വളരെ അധികം പ്രാധാന്യമാണ് ഉള്ളത്. കാലാകാലങ്ങളിൽ സമൂഹത്തിൽ വരുന്ന മാറ്റങ്ങൾ അനുസരിച്ചു ഫൊക്കാനയുടെ പ്രവർത്തനവും വിപുലീകരിക്കേണ്ടുന്നത് അനിവാര്യമാണ്. അത് കണ്ടറിഞ്ഞുള്ള ഒരു പ്രവർത്തനമാണ് ഫൊക്കാനയുടെ ഈ കമ്മിറ്റി മുന്നോട്ട് വെയ്ക്കുന്നത് .

**അനിൽ ആറൻമുള:** പ്രമുഖ അമേരിക്കൻ മലയാളി മാധ്യമ പ്രവർത്തകനും, എഴുത്തുകാരനുമായ അനിൽ ആറൻമുള ഇന്ത്യാ പ്രസ്ക്ലബ്ബ് ഓഫ് നോർത്ത് അമേരിക്കയുടെ വൈസ് പ്രസിഡന്റ് കൂടിയാണ്. വളരെ അധികം സാഹിത്യ സൃഷ്ടികളുടെ രചയിതാവ് കൂടിയാണ് അദ്ദേഹം. അമേരിക്കൻ മലയാളികൾക്കിടയിൽ സർവ്വസമ്മതനും ,ഏറെ ജനപ്രീതിയുള്ള സാംസ്ക്കാരിക



പ്രവർത്തകനുമായ അനിൽ മികച്ച സംഘാടകനും മലയാളികൾക്കിടയിലെ അറിയപ്പെടുന്ന വ്യക്തിത്വത്തിന്റെ ഉടമയാണ്. മലയാളി അസോസിയേഷൻ ഓഫ് ഗ്രേറ്റർ ഹൂസ്റ്റന്റെ (മാഗ്) പ്രസിഡന്റായും, അനിൽ കുമാർ ആറന്മുള സേവനം അനുഷ്ടിച്ചിട്ടുണ്ട്.കുടുംബസമേതം ഹൂസ്റ്റണിൽ ആണ് താമസം.

**ജോർജ് നടവയൽ**

2004 ലെ ഫൊക്കാനാ മീഡിയാ എക്സലൻസ് അവാഡ് ജേതാവാണ് ജോർജ് നടവയൽ. 2008ൽ ഫൊക്കാനാ സ്പൊക്സ് പേഴ്സൺ ആയിരുന്നു.മുട്ടത്തു വർക്കി സെന്റിനറി കമ്മറ്റിയുടെ 2014 ലെ ഗ്ലോബൽ ലിറ്ററി അവാഡ്, ഫോമയുടെ 2012 ലെ ലിറ്ററി അവാഡ് ഉൾപ്പെടെ വിവിധ പുരസ്കാരങ്ങൾ അലങ്കരിക്കുന്നു. പമ്പാ മലയാളി അസ്സോസിയേഷന്റെ മുൻ ജനറൽ സെക്രട്ടറി, മാപ് മലയാളി അസ്സോസിയേഷന്റെ മുൻ ജോയിന്റ് സെക്രട്ടറി, ഇന്ത്യാ പ്രസ് ക്ലബ് ഫിലഡൽഫിയാ ചാപ്റ്ററിന്റെ മുൻ പ്രസിഡന്റ്, ലാനാ ലിറ്ററി അസ്സോസിയേഷന്റെ മുൻ വൈസ് പ്രസിഡന്റ്, ട്രൈസ്റ്റേറ്റ് കേരളാ ഫോറം മുൻ ചെയർമാൻ, പിയാനോ നേഴ്സസ് അസ്സോസിയേഷന്റെ മുൻ പ്രസിഡന്റ്, ഓർമാ ഇന്റർനാഷണൽ പ്രസിഡന്റ് , മുൻ കേരളാ പി എസ് സി സെക്ഷൻ ഓഫീസർ, ഇന്ത്യൻ എംബസ്സിസ്കൂൾ മുൻ അധ്യാപകൻ, മുൻ ഗ്രാമീണ് ബാങ്ക് ഉദ്യോഗസ്ഥൻ, ഇന്ത്യൻ എയർഫോഴ്സിൽ മുൻ എഡ്യൂക്കേഷണൽ ഇൻസ്ട്രക്ടർ (യൂ ടി), മുൻ വയനാട് ലൈബ്രറി ആന്റ് ലിറ്ററി കോഓപ്പറേറ്റിവ് സൊസൈറ്റി ഡയറക്റ്റർ, മുൻ വയനാട് എഡ്യൂക്കേഷണൽ സൊസൈറ്റി ഡയറക്ടർ എന്നിങ്ങനെ വിവിധ സമൂഹ്യ സേവന മുദ്രകൾക്കുടമയാണ്. പെൻസിൽ വേനിയാ കോമൺ വെൽത്തിൽ ഉദ്യോഗം.

**സന്തോഷ് എബ്രഹാം:**

പ്രമുഖ എഴുത്തുകാരനായ സന്തോഷ് എബ്രഹാം അറിയപ്പെടുന്ന മാധ്യമ പ്രവർത്തകൻ കൂടിയാണ് .വേൾഡ് മലയാളി കൗൺസിൽ പെൻസിൽവേനിയ പ്രൊവിൻസിന്റെ പ്രധാന പ്രവർത്തകൻ ആയിരുന്ന അദ്ദേഹം വേൾഡ് മലയാളി കൗൺസിലിന്റെ പി ആർ ഓ ആയും പ്രവർത്തിച്ചിരുന്നു. ഫിലാഡൽഫിയായിലെ പ്രമുഖ മലയാളീ സംഘടനയായ(മലയാളീ അസോസിയേഷൻ ഓഫ് ഗ്രേറ്റർ ഫിലാഡൽഫിയായുടെ (മാപ്പിന്റെ) പ്രധാന പ്രവർത്തകൻ കൂടിയ അദ്ദേഹം ഓവർസീസ് കോൺഗ്രസിന്റെ ഭാരവാഹി കൂടിയാണ് സാമുഖ്യസംഘടനകളിൽ എന്നത് പോലെ മതസംഘടനകളിലും ഉജ്ജ്വല പ്രവർത്തനം കാഴ്ചവെയ്ക്കുന്ന വ്യക്തികൂടിയാണ് . കുടുംബ സമേതം ഫിലാഡൽഫിയായിൽ ആണ് താമസം

**സരൂപ അനിൽ:**

അറിയപ്പെടുന്ന നർത്തകി എഴുത്തുകാരി . അവതാരിക, സംഘടനാ പ്രവർത്തക, മത-സാംസ്കാരിക പ്രവർത്തക, കമ്പ്യൂട്ടർ പ്രൊഫഷണൽ തുടങ്ങി നിരവധി മേഖലകളിൽ തനതായ വ്യക്തിമുദ്ര പതിപ്പിച്ച ബഹുമുഖപ്രതിഭയാണ് വാഷിങ്ങ്ടൺ ഡി സി ക്കാരുടെ അഭിമാനമായ സരൂപ അനിൽ. നോർത്ത് അമേരിക്കയിലെ വിവിധ സാമൂഹ്യ സന്നദ്ധ സംഘടനകളിൽ സജീവ സാനിധ്യം ആയ സരൂപ മന്ത്രയുടെ ഭാഗമായാ സോവിനിയറിന്റെ ചീഫ് എഡിറ്റർ ആയും പ്രവർത്തിച്ചിട്ടുണ്ട് .ഇന്ത്യയിലും, അമേരിക്കയിലും അറിയപ്പെടുന്ന നർത്തകി കൂടിയായ സരൂപ വിവിധ വേദികളിൽ ക്ലാസിക്കൽ നൃത്തത്തിൽ പ്രസിദ്ധയാണ്. പല ചാനലുകളിൽ അവതാരികയായും പ്രവർത്തിച്ചിട്ടുള്ള സരൂപ കുടുംബ സമ്മേതം വാഷിങ്ങ്ടൺ ഡി സി യിൽ ആണ് താമസം.

ഫൊക്കാനയുടെ 2024 -2026 ലെ ന്യൂസ് ടീം അംഗങ്ങൾ ആയ അനിൽ കുമാർ ആറന്മുള, പി ഡി ജോർജ് നടവയൽ, സന്തോഷ് എബ്രഹാം ,സരൂപ അനിൽ എന്നിവരെ പ്രസിഡന്റ് സജിമോൻ ആന്റണി , സെക്രട്ടറി ശ്രീകുമാർ ഉണ്ണിത്താൻ , ട്രഷർ ജോയി ചക്കപ്പൻ, എക്സി . പ്രസിഡന്റ് പ്രവീൺ തോമസ് , വൈസ് പ്രസിഡന്റ് വിപിൻ രാജു, ജോയിന്റ് സെക്രട്ടറി മനോജ് ഇടമന, ജോയിന്റ് ട്രഷർ ജോൺ കല്ലോലിക്കൽ, അഡിഷണൽ ജോയിന്റ് സെക്രട്ടറി അപ്പുകുട്ടൻ പിള്ള, അഡിഷണൽ ജോയിന്റ് ട്രഷർ മില്ലി ഫിലിപ്പ് , വിമൻസ് ഫോറം ചെയർപേഴ്സൺ രേവതി പിള്ള, ട്രസ്റ്റീ ബോർഡ് ചെയർ ജോജി തോമസ് എന്നിവർ അഭിനന്ദിച്ചു.

# Got into an accident?

# NEVER TO WORRY



CALL

GLOBAL COLLISION
& BODY WORKS LLC

1-845-727-4022

We will pick up the vehicle
and repair it fully to your satisfaction!

# വേൾഡ് മലയാളി കൗൺസിൽ ന്യൂയോർക് പ്രൊവിൻസിന്റെ ഓണാഘോഷം വർണ്ണാഭമായി അരങ്ങേറി



ന്യൂയോർക്: വേൾഡ് മലയാളി കൗൺസിൽ ന്യൂയോർക് പ്രോവിൻസിന്റെ ഓണാഘോഷം വിവിധ കലാപരിപാടികളോടു കൂടി ഓണദിവസം തന്നെ കേരള സെന്ററിൽ അരങ്ങേറി. WMC അംഗങ്ങളും അഭ്യുദയകാംഷികളുമായിരുന്ന DR . മോഹൻ ഏബ്രഹാം , ജയ്സൺ ജോസഫ് , ജോർജ് കൊട്ടാരം എന്നിവരുടെ നിര്യാണത്തിൽ അനുശോചനം രേഖപ്പെടുത്തി അവരുടെ ആത്മാവിനു നിത്യശാന്തി നേർന്നുകൊണ്ട് യോഗം ആരംഭിച്ചു.

താലപ്പൊലി , ചെണ്ടമേളം എന്നിവയുടെ അകമ്പടിയോടു കൂടി മാവേലി മന്നനെ വേദിയിലേക്ക് ആനയിച്ചു. മാവേലി തുമ്പുരാൻ വളരെ സരസ ലളിതമായി സദസ്സിനെ അഭിസംബോധന ചെയ്തു . മാവേലി തമ്പുരാനും പ്രൊവിൻസ് ഭാരവാഹികളും ചേർന്ന് നിലവിളക്ക് തെളിയിച്ചു കലാപരിപാടികൾക്ക് തുടക്കം കുറിച്ചു .

DR . അന ജോർജിന്റെ നേതൃത്വത്തിലുള്ള തിരുവാതിര ഏവരുടെയും കണ്ണിനും കാതിനും മനസ്സിനും കുളിർമ്മയേകി. ജയ മണ്ണൂരാം പറമ്പിൽ ഒരുക്കിയ കുട്ടികളുടെ ഡാൻസ് , നക്ഷത്ര , നവോമിക സഹോദരിമാരുടെ ഗാനവും ഉപകരണ സംഗീതവും , മേരിക്കുട്ടി മൈക്കിളിന്റെ ഗാനവും, കാർത്തി മണ്ണിക്കരോട്ടിന്റെ ഡാൻസും നയന ശ്രവണ സുന്ദരമായിരുന്നു. ഈ ആഘോഷങ്ങൾക്ക് ചുക്കാൻ പിടിച്ച MC , മേരിക്കുട്ടി മൈക്കൽ ശുതൃർഹമായ പ്രകടനം കാഴ്ച വെച്ചു .

ന്യൂയോർക് പ്രൊവിൻസ് സെക്രട്ടറി ജോർജ് കെ ജോൺ സ്വാഗതവും പ്രൊവിൻസ് പ്രസിഡന്റ് പ്രൊഫ, സാം മണ്ണിക്കരോട്ട് ഓണ സന്ദേശവും WMC അമേരിക്ക റീജിയൻ ചെയർമാൻ ചാക്കോ കോയിക്കലേത്തു ആശംസ പ്രസംഗവും നടത്തി. കഥയും , തിരക്കഥയും എഴുതി ഒരു മലയാള സിനിമ സംവിധാനം ചെയ്ത പ്രൊവിൻസ് അംഗമായ ചാർളി തോമസിനെ പൊന്നാട അണിയിച്ചു യോഗം ആദരിച്ചു, മലയാളികളുടെ അമേരിക്കൻ ദേശീയ സംഘടനകളിലേക്ക് തിരഞ്ഞെടുക്കപ്പെട്ട പ്രൊവിൻസ് അംഗങ്ങളെ യോഗം അഭിനന്ദിച്ചു. WMC ന്യൂയോർക് പ്രൊവിൻസ് ചെയർമാൻ മോൻസി വർഗീസിന്റെ നന്ദി പ്രകാശനത്തിനു ശേഷം വിഭവ സമൃദ്ധമായ ഓണസദ്യ വിളമ്പി .










NEWYORKPROVINCE



# രാഹുൽ ഗാന്ധി: ധീരതയുടെ പ്രതീകം

ജോർജ്ജ് എബ്രഹാം

ധീരതയ്ക്ക് അതിന്റേതായ സങ്കീർണ്ണതകളുണ്ടെങ്കിലും അതിനോട് ചേർന്ന് നിശ്ചിത തലത്തിലുള്ള ശക്തി സ്ഫുരിക്കുന്നുണ്ട്. ആരോ പറഞ്ഞതുപോലെ, 'ധീരതയുടെ പ്രതീകങ്ങളായ വ്യക്തിത്വങ്ങളിൽ നന്മയുടെ കാലാതീതമായ പാഠങ്ങളും മനുഷ്യന്റെ അന്തരാത്മാവിന്റെ ശക്തിയെക്കുറിച്ചുള്ള ഓർമ്മപ്പെടുത്തലുകളും പ്രതിധ്വനിക്കും.' ഇന്നത്തെക്കാലത്ത് മൗലീകമായ മൂല്യങ്ങൾക്കുവേണ്ടി നിലകൊള്ളുന്നത് വെല്ലുവിളി നിറഞ്ഞതും പലപ്പോഴും ചെലവേറിയതുമായ കാര്യമാണ്. വ്യക്തികളെ അവരുടെ മനസ്സാക്ഷിക്ക് അനുസൃതമായി പ്രവർത്തിക്കാൻ അത് നിർബന്ധിക്കുന്നു. അതെ, ആ മാതൃക പിന്തുടരാൻ പുതിയ തലമുറയെ അത് പ്രചോദിപ്പിക്കും. സ്വന്തം ആഗ്രഹങ്ങളോ ലക്ഷ്യങ്ങളോ നിറവേറ്റുന്നതിന് കരുത്തരായ എതിരാളികൾക്കുമുൻപിൽ പോലും തലകുനിക്കാത്ത വ്യക്തിത്വം എന്ന പ്രതിച്ഛായയാണ് രാഹുൽ ഗാന്ധി മുന്നോട്ട് വയ്ക്കുന്നത്. സമകാലിക ഇന്ത്യൻ രാഷ്ട്രീയത്തിൽ ഏറ്റവും കൂടുതൽ അധിക്ഷേപിക്കപ്പെട്ട വ്യക്തി രാഹുൽ ഗാന്ധിയായിരിക്കാം. വർഷങ്ങളായി, സമൂഹമാധ്യമങ്ങളിലെ കൂലിയെഴുത്തുസംഘത്തിന്റെ പരിഹാസത്തിനും നിരന്തരമായ ആക്രമണത്തിനും അദ്ദേഹം വിധേയനായിരുന്നു. മക്കൾ രാഷ്ട്രീയത്തിന്റെ ഗുണഭോക്താവായ 'പപ്പു' എന്ന് രാഹുൽ ഗാന്ധിയെ ചിത്രീകരിച്ചിരിക്കുന്നതിൽ ബിജെപി വിജയിച്ചിരിക്കാം. സാധാരണ ജനങ്ങളുടെ യഥാർത്ഥ പ്രശ്നങ്ങളിൽ നിന്ന് അകലെ കഴിയുന്ന വരേണ്യവർഗത്തിനെതിരായ വ്യാപകമായ രോഷവും അദ്ദേഹത്തെ അടിച്ചുതാഴ്ത്തുന്ന ആ പ്രചാരണത്തെ സഹായിച്ചിരിക്കാം. തെറ്റ് മനുഷ്യസഹജമാണ്; അദ്ദേഹത്തിനും വീഴ്ചകൾ സംഭവിച്ചിട്ടുണ്ടാകാം. പക്ഷേ ഇന്ത്യയുടെ ഭരണകക്ഷി തൊടുത്തുവിട്ടിരിക്കുന്ന ഈ വെറുപ്പും വിദ്വേഷവും തീർത്തും മനഃസാക്ഷിക്ക് നിരക്കാത്തതാണ്.

'ഇന്ത്യയെ ഒന്നിപ്പിക്കുക' എന്ന ബാനറുമായി 4080 കിലോമീറ്റർ ' കന്യാകുമാരി മുതൽ ശ്രീനഗർ വരെ നടത്തിയ ഭാരത് ജോഡോ യാത്ര (ബിജെവൈ)എന്ന അദ്ഭുതപ്രതിഭാസം അക്ഷരാർത്ഥത്തിൽ പൊതുജനങ്ങളുടെ ശ്രദ്ധ തിരിച്ചു. 2024ലെ തിരഞ്ഞെടുപ്പ് ഫലങ്ങൾ അക്കാര്യം തെളിയിക്കുകയും നമ്മുടെ പരമാധികാരത്തെയും ആദരണീയമായ ഭരണഘടനയെയും രക്ഷിക്കുകയും ചെയ്തു. ഇന്ത്യയിലെ ജനങ്ങൾ മതത്തിന്റെ പേരിൽ കൂടുതൽ ധ്രുവീകരിക്കപ്പെടുകയും കൊവിഡ്-19 മഹാമാരിയെ തെറ്റായി കൈകാര്യം ചെയ്തതും, യുവാക്കൾക്കിടയിലെ ഉയർന്ന തൊഴിലില്ലായ്മയും, വർദ്ധിച്ചുവരുന്ന പണപ്പെരുപ്പവും, ന്യൂനപക്ഷങ്ങളുടെ പാർശ്വവൽക്കരണവും എല്ലാമായി മോഡി ഭരണകൂടം പരാജയപ്പെട്ടുനിൽക്കുന്ന സമയത്താണ് പദയാത്ര നടന്നത്.

'ഭാരത് ജോഡോ യാത്ര' ഇന്ത്യയിലെ സാധാരണക്കാരുടെ മനസ്സിലെ ചിന്തകൾ തൊട്ടറിയുകയും വിശ്വാസം, ജാതി, ഭാഷ, പ്രാദേശിക വ്യത്യാസങ്ങൾ എന്നിവയ്ക്കതീതമായി എല്ലാവരുമായും സമാധാനപരമായ സഹവർത്തിത്വത്തിനായുള്ള അവരുടെ ആഗ്രഹം പ്രതിഫലിപ്പിക്കുകയും ചെയ്തു. രാഹുൽ ഗാന്ധി അത്ര കാര്യക്ഷമതയില്ലാത്തതും പരാജയപ്പെട്ടതുമായ ഒരു നേതാവാണോ? എന്തുകൊണ്ടാണ് അദ്ദേഹത്തെ ഉന്നം വയ്ക്കുന്നതിൽ ബി.ജെ.പി ഇത്രയധികം ശ്രദ്ധ കേന്ദ്രീകരിക്കുന്നതെന്നത് ആശ്ചര്യപ്പെടുത്തുന്നു. ഈ ഭരണകൂടത്തിന്റെ ഇരട്ടത്താപ്പും തെറ്റായ നടപടികളും തുറന്നുകാട്ടുന്ന ചുരുക്കം ചിലരിൽ ഒരാളാണ് അദ്ദേഹം എന്നതാണ് സത്യം. അധികാരത്തിന്റെ പരമോന്നത സ്ഥാനങ്ങളിലെ അഴിമതി തുറന്നുകാട്ടാനും റഫേൽ ഇടപാടിനെപ്പറ്റിയും പാർലമെന്റിനുള്ളിലെ അദാനി കുംഭകോണം പോലുള്ള വിഷയങ്ങളിൽ പ്രധാനമന്ത്രിയെ അഭിമുഖീകരിക്കാനും അദ്ദേഹം തെല്ലും ഭയപ്പെട്ടില്ല. ഇന്നത്തെ രാഷ്ട്രീയ രംഗം പരിശോധിക്കുമ്പോൾ, ഈ ഗവൺമെന്റിന്റെ അഴിമതിയിലോ നിലവിലുള്ള ജനാധിപത്യ വിരുദ്ധ നടപടികളിലോ ഉള്ള രോഷം പ്രകടിപ്പിക്കാൻ മറ്റ് രാഷ്ട്രീയക്കാർ വാക്കുകൾകിട്ടാതെ പാടുപെടുന്നത് കാണാം. കാരണം ലളിതമാണ്: തങ്ങൾ കുഴിച്ചുമൂടിയ രഹസ്യങ്ങൾ ചികഞ്ഞെടുത്ത് പുറത്തുകൊണ്ടുവരാൻ സർക്കാർ അന്വേഷണ ഏജൻസികൾ എല്ലായിടത്തും പതിയിരിക്കുന്നുണ്ടെന്ന് അവർക്ക് നന്നായി അറിയാം. വെല്ലുവിളികളെ നേരിടാൻ തയ്യാറുള്ള ഒരു ധീരനാണ് രാഹുൽ ഗാന്ധി. തന്റെ രണ്ട് കുടുംബാംഗങ്ങൾ രാജ്യത്തെ വിദ്വേഷത്തിനും വിഭജനത്തിനും ഇരയായിട്ടും, രാജ്യത്തെ സേവിക്കുന്നതിന് അവരുടെ പാത പിൻപറ്റാൻ ധാർമികമായ ധൈര്യം അദ്ദേഹം പ്രകടിപ്പിച്ചു. ഒരാളുടെ നിയന്ത്രണത്തിനപ്പുറം അവനവനെയും സ്വന്തം നിയന്ത്രണങ്ങൾക്കതീതമായ ജീവിത സാഹചര്യങ്ങളെയും അംഗീകരിക്കാനുള്ള കഴിവാണ് ധൈര്യശാലിയായിരിക്കാൻ ആദ്യം വേണ്ടത്. സാധാരണക്കാരുടെ മനസ്സിൽ ഉയർന്ന പ്രതീക്ഷയും ശുഭാപ്തിവിശ്വാസവും വളർത്തുന്നതിൽ അദ്ദേഹം ഇതിനകം വിജയിച്ചു കഴിഞ്ഞു.ഭരണഘടനയെയും രാജ്യത്തെയും രക്ഷിക്കാനുള്ള അദ്ദേഹത്തിന്റെ ധീരതയിലും സമഗ്രതയിലുമാണ് ഇപ്പോൾ ഇന്ത്യയിലെ മുഴുവൻ ജനങ്ങളും പ്രതീക്ഷയർപ്പിക്കുന്നത്.


JOYALUKKAS
GRAND SUMMER FEST
FLAT
25%
DISCOUNT
ON MAKING CHARGES
0%
DEDUCTION ON
OLD GOLD
EXCHANGE
Joyalukkas

# നായർ അസോസിയേഷൻ ഓണാഘോഷം അവിസ്മരണീയമായി

**സതീശൻ നായർ**

ചിക്കാഗോ: നായർ അസോസിയേഷൻ ഓഫ് ഗ്രേറ്റർ ചിക്കാഗോയുടെ ഈവർഷത്തെ ഓണാഘോഷ പരിപാടികൾ ഡസ്പ്ലെയിൻസിലുള്ള കെ.സി.എസ് സെന്ററിൽ വച്ച് നടന്നു. ശ്രേയ മഹേഷിന്റെ ഈശ്വര പ്രാർത്ഥനയോടുകൂടി ആരംഭിച്ച ചടങ്ങിൽ എം.ആർ.സി പിള്ളയും മറ്റ് ബോർഡ് അംഗങ്ങളും കൂടി ഭദ്രദീപം കൊളുത്തി. പ്രസിഡന്റ് അരവിന്ദ് പിള്ള സദസിനെ സ്വാഗതം ചെയ്തു. കൂടാതെ ഏവർക്കും ഓണാശംസകൾ നേരുകയും ചെയ്തു. ഓണാഘോഷ പരിപാടികൾ സ്പോൺസർ ചെയ്തവരേയും അതുപോലെ തന്നെ ഓണാഘോഷത്തിന്റെ വിവിധ പരിപാടികൾ ആസൂത്രണം ചെയ്തവരേയും അദ്ദേഹം പ്രത്യേകം അഭിനന്ദിച്ചു.

ധന്യ നായർ, ആശ, ദീപക്, ഉമ മഹേഷ് തുടങ്ങിയവരുടെ നേതൃത്വത്തിൽ ഒരുത്തിയ അത്തപ്പൂക്കളം ചടങ്ങിനെ ധന്യമാക്കി. കലാപരിപാടികൾക്ക് ദീപു നായരും, ബിന്ധ്യ നായരും നേതൃത്വം നൽകി. അഞ്ചു നവാനും ടീമും അവതരിപ്പിച്ച തിരുവാതിര, ടിം ഗുംഗുരു, സൗപർണിക കലാക്ഷേത്ര, ഗോപിക ഡാൻസ് അക്കാദമി, ഷിക്കാഗോ മണവാളൻസ്, തേജോ ലക്ഷ്മി, ബിമൽ നായർ, സെറാഫിൻ ബിനോയി, ശ്രുതി മഹേഷ്, മ്ജു പിള്ള, അഞ്ചു മനീഷ്, മനീഷ് നായർ, ധന്യ നായർ എന്നിവർ ചേർന്ന് അവതരിപ്പിച്ച വിവിധ കലാപരിപാടികളും, ഓംകാരം ഷിക്കാഗോയുടെ ചെണ്ടമേളവും സദസിന് നവ്യാനുഭൂതി നൽകി.

ദീപക് നായർ, അജി പിള്ള, ജിതേന്ദ്ര കൈമൾ, പ്രസാദ് ബാലചന്ദ്രൻ തുടങ്ങിയവരുടെ നേതൃത്വത്തിൽ വിഭവസമൃദ്ധമായ സദ്യ അതിഥികളുടെ മനവും വയറും നിറച്ചു. അസോസിയേഷൻ ബോർഡ് അംഗങ്ങളായ രാജഗോപാലൻ നായർ, രഘുനാഥൻ നായർ, വിജി നായർ, ചന്ദ്രൻപിള്ള, സുരേഷ് ബാലചന്ദ്രൻ തുടങ്ങിയവർ ആഘോഷ പരിപാടികൾക്ക് നേതൃത്വം നൽകി. ജനറൽ സെക്രട്ടറി മഹേഷ് കൃഷ്ണൻ ഏവർക്കും നന്ദി രേഖപ്പെടുത്തി.




NAIR
OF GREATER











# പി. സി മാത്യു ഫോർ ഗാർലാൻഡ് മേയർ പ്രചാരണം ഉൽഘാടനം പാസ്റ്റർ ഷാജി കെ. ഡാനിയേൽ നിർവഹിച്ചു

**സ്വന്തം ലേഖകൻ**

ഡാളസ്: 2025 -ൽ നടക്കുന്ന മുനിസിപ്പൽ തെരഞ്ഞെടുപ്പിൽ ഒഴിവു വരുന്ന മേയർ സ്ഥാനത്തേക്ക് ഗാർലണ്ടിൽ മത്സരിക്കുന്ന പി. സി. മാത്യുവിന്റെ തിരഞ്ഞെടുപ്പ് പ്രചാരണത്തിന്റെ ലളിതമായ ഉൽഘാടനം സമർപ്പണത്തോടെയുള്ള പ്രാർത്ഥനയോടെ സീനിയർ പാസ്റ്ററും അഗപ്പേ ഹോം ഹെൽത് പ്രെസിഡന്റും കൂടിയായ പാസ്റ്റർ ഷാജി ജി കെ. ഡാനിയേൽ നിർവഹിച്ചു. പി. സി. മാത്യു അഗപ്പേ ചർച്ചിന്റെ സന്തത സഹചാരിയും സപ്പോർട്ടറുമാണെന്നും എല്ലാ പിന്തുണയും നൽകി വിജയിപ്പിക്കണമെന്നും തന്റെ ആമുഖ പ്രസംഗത്തിൽ പറഞ്ഞു. മുനിസിപ്പൽ ഇലക്ക്ഷൻ രാഷ്ട്രീയത്തിന് അതീതം ആണെന്നും അദ്ദേഹം എടുത്തു പറയുകയുണ്ടായി.

സ്പാനിഷ് ചർച് പാസ്റ്റർ ഹോസെ, സീനിയർ പാസ്റ്റർ കോശി, യൂത്ത് പാസ്റ്റർ ജെഫ്റി എന്നിവരും പെങ്കടുത്ത യോഗത്തിൽ പി. സി. മാത്യു താൻ ഗാർലാൻഡിനുവേണ്ടി വിഭാവന ചെയ്യാൻ ആഗ്രഹിക്കുന്ന കാര്യങ്ങൾ ചുരുക്കത്തിൽ പറഞ്ഞു.

പൗരന്മാരുടെ സുരക്ഷാ, സാമ്പത്തിക വളർച്ച, സിറ്റിയുടെ ജിയോഗ്രഫിക്കൽ ഇൻഫ്രാസ്ട്രക്ച്ചർ പുനരുദ്ധീകരണം എന്നിവക്ക് പ്രാധാന്ന്യം നല്കുന്നതോടപ്പം വളർന്നു വരുന്ന ജനസംഖ്യക്ക് ആനുപാതികമായി വേണ്ട സഹായങ്ങൾ നൽകുക, നോൺ പ്രോഫിറ്റ് ഓർഗനൈസഷനുകളുടെ കൂട്ടത്തിൽ പെടുത്തുവാൻ കഴിയുന്ന സംഘടനകൾക്കും റിലീജിയസ് സ്ഥാപനങ്ങൾക്കും ആവശ്യടിസ്ഥാനത്തിൽ മുൻഗണന നൽകുക മുതലായവ തന്റെ ലക്ഷ്യങ്ങളിൽ പെടുന്നു എന്ന് പി. സി. മാത്യു പറഞ്ഞു.



ഗാര്ലാണ്ടിലെ മാത്രമല്ല ഡാലസിലെയും അമേരിക്കയിലെ തന്നെ മലയാളികൾക്കു അഭിമാനമായി ആദ്യമായി 2021 ൽ താൻ സിറ്റി കൗൺസിലിൽ മത്സരിക്കുവാൻ കാട്ടിയ പ്രചോദനത്തിന്റെ പിന്നിൽ മലയാളികൾ തന്നെ ആയിരുന്നു എന്ന് പി. സി. പറഞ്ഞു. കഴിഞ്ഞ നാലുവർഷം ഗാർലണ്ടിൽ നിരന്തരമായി പ്രവർത്തിച്ചു വരുന്നതിനാൽ താൻ വളെരെ ആത്മ വിശ്വസത്തോടെ ആണ് തിരഞ്ഞെടുപ്പിനെ നേരിടുന്നതെന്നും അദ്ദഹം പറഞ്ഞു.



ഡാളസ്, ന്യൂ ടെസ്റ്റ്മെന്റ് ചർച്ചിൽ 2005 മുതൽ അംഗമായിട്ടുള്ള പി. സി. മാത്യുവിന് പാസ്റ്റർ കാർലാൻഡ് റൈറ്റിന്റെയും പ്രാർത്ഥനയും അനുഗ്രവും ഉണ്ടെന്നു പി. സി. മാത്യു പറഞ്ഞു. ഒപ്പം എല്ലാവരുടെയും പിന്തുണയും പാർത്ഥനയും അഭ്യര്ഥിക്കുന്നതായും പി. സി. മാത്യു പറഞ്ഞു.



# LIVE

Television Channels
Streaming of Events

‘VOD’ Video On Demand

Movies | Shows | Photos

Event Tickets

MediaAppUSA



One App for All Media Outlets

amazon fireTV — Amazon fireTV

Roku — ROKU TV

tv — Apple TV

Google TV — GoogleTV

Samsung SMART TV — Samsung TV

LG Life's Good — LGTV

Panasonic — Panasonic

VIZIO — VIZIO TV

iPhone

Android

Download on the App Store

ANDROID APP ON Google play

Available in App Store or Google Store

Scan the QR Code for instant download

Download ‘MediaAppUSA’





# തീരത്തെ തരൂർ

**സുനിൽ വല്ലാത്തറ ഫ്ലോറിഡാ**

യൂ എൻ അണ്ടർ സെക്രട്ടറി സ്ഥാനം ഒഴിഞ്ഞ ശേഷം 2006ൽ സെക്രട്ടറി ജനറൽ സ്ഥാനത്തേയ്ക്കു മത്സരിച്ച വിശ്വപൗരൻ ശശി തരൂർ സെക്രട്ടറി ജനറൽ ആയി തെരെഞ്ഞെടുക്കപ്പെട്ട കൊറിയയുടെ ബാൻകി മൂണിനോട് കടുത്ത പോരാട്ടം ആണ് കാഴ്ച വച്ചത്.

തുടർന്ന് അന്നത്തെ ഇന്ത്യൻ പ്രധാനമന്ത്രി ഡോ. മൻമോഹൻസിംഗിന്റെ പ്രത്യേക ക്ഷണം സ്വീകരിച്ചു ഇന്ത്യയിൽ എത്തി 2008ൽ കോൺഗ്രസ് അംഗത്വം എടുത്ത തരൂർ 2009ലെ ലോക്സഭ തെരഞ്ഞെടുപ്പിൽ തിരുവനന്തപുരം പാർലമെന്റ് മണ്ഡലത്തിൽ സ്ഥാനാർഥിയാവുകയും ഇടതുപക്ഷ സ്ഥാനാർഥി ആയിരുന്ന സി പി ഐ യുടെ പി രാമചന്ദ്രൻ നായരേ വലിയ മാർജിനിൽ പരാജയപ്പെടുത്തി ആദ്യമായി ഇന്ത്യൻ പാർലമെന്റിൽ എത്തുകയും ചെയ്തു.

രണ്ടാം മൻമോഹൻസിംഗ് മന്ത്രിസഭയിൽ രണ്ടു തവണ ആയി ഏതാണ്ട് മൂന്നര വർഷത്തോളം സഹമന്ത്രി ആയിരുന്ന തരൂരിന് എന്തുകൊണ്ട് ക്യാബിനറ്റ് പദവി കൊടുത്തില്ല എന്ന ചോദ്യം ഇപ്പോഴും കാരണം കിട്ടാതെ അവശേഷിക്കുന്നു.

ഈ കാലയളവിൽ അദ്ദേഹത്തിന്റെ ഭാര്യ സുനന്ദ പുഷ്കരുടെ ആകസ്മിക മരണം അദ്ദേഹത്തിന്റെ പൊളിറ്റിക്കൽ കരിയറിലും വ്യക്തി ജീവിതത്തിലും സാരമായ ബുദ്ധിമുട്ടുകൾ ഉണ്ടാക്കി. രാഷ്ട്രീയ എതിരാളികൾ ഈ മരണം അദ്ദേഹത്തിനെതിരെ ഉള്ള ആയുധമാക്കി.

അദ്ദേഹത്തിനെതിരെയുള്ള ആരോപണങ്ങൾ നിലനിക്കുമ്പോൾ തന്നെ നടന്ന 2014ലെ ഇലക്ഷനിൽ ബി ജെ പി കൂടുതൽ ശക്തമായ തിരുവനന്തപുരം മണ്ഡലത്തിൽ വാജ്‌പേയ് സർക്കാരിൽ റെയിൽവെ സഹമന്ത്രി ആയിരുന്ന ഒ രാജഗോപാൽ കടുത്ത മത്സരം കാഴ്ച്ച വച്ചെങ്കിലും അവസാന റൗണ്ടിൽ തീരദേശത്തെ വോട്ടെണ്ണിയപ്പോൾ തരൂർ 15000ൽ അധികം വോട്ടുകളുടെ വ്യത്യാസത്തിൽ ജയിച്ചു കയറി.

2019ൽ മൂന്നാം അങ്കത്തിനു ഇറങ്ങിയ തരൂർ രാഹുൽ തരംഗവും ശബരിമല വിഷയത്തിന്റെ അനുകൂല്യവും പറ്റി താരതമ്യേനെ ദുർബല സ്ഥാനാർഥി ആയിരുന്ന കുമ്മനം രാജശേഖരനെ ഒരു ലക്ഷത്തോളം വോട്ടുകൾക്ക് പരാജയപ്പെടുത്തി.

ഇതിനിടയിൽ കഴിഞ്ഞ വർഷം നടന്ന എ ഐ സി സി പ്രസിഡന്റെ സ്ഥാനത്തേയ്ക്കുള്ള മത്സരത്തിൽ ഗാന്ധി കുടുംബത്തിന്റെ ഔദ്യോഗിക സ്ഥാനാർഥി മല്ലികർജുൻ ഖാർഗെയ്കെതിര് മത്സരിച്ചും തരൂർ വാർത്തകളിൽ ഇടം പിടിച്ചു. ആ മത്സരത്തിൽ നേടിയ ആയിരത്തിൽ അധികം വോട്ട് അദ്ദേഹത്തിന് വർക്കിങ് കമ്മറ്റി മെമ്പർ സ്ഥാനവും നേടി കൊടുത്തു.

ഈ വർഷം ഏപ്രിലിൽ നടന്ന ലോക്സഭ തെരഞ്ഞെടുപ്പിൽ നാലാം പ്രാവശ്യവും തിരുവനന്തപുരത്തു മത്സരിക്കുവാൻ ഇറങ്ങിയ തരൂരിന് നേരിടേണ്ടി വന്നത് ബി ജെ പി ക്കു ഇറക്കുവാൻ പറ്റിയ ഏറ്റവും നല്ല സ്ഥാനാർഥിയെ ആണ്. ഐ ടി വിദഗ്ധനും ധനാഢ്യനും അന്ന് കേന്ദ്ര മന്ത്രിയുമായിരുന്ന രാജീവ് ചന്ദ്രശേഖർ. വലിയ മത്സരം രാജീവ് കാഴ്ച വച്ചെങ്കിലും അവസാന റൗണ്ടിൽ തീരദേശം എണ്ണിയപ്പോൾ തരൂർ 16000ൽ അധികം വോട്ടുകൾക്ക് ജയിച്ചു വീണ്ടും അജയ്യൻ ആണെന്ന് തെളിയിച്ചു.

കഴിഞ്ഞ കുറെ ദിവസങ്ങളായി ദേശീയ ചാനലുകൾ ഉൾപ്പെടെ എല്ലാ മാധ്യമങ്ങളിലും വന്ന വാർത്ത കേരളത്തിലെ ഒരു കോൺഗ്രസ് എം പി ബി ജെ പി യിൽ ചേരുമെന്നാണ്. ചില മാധ്യമങ്ങൾ ഡോ ശശി തരൂർ തന്നെയാണ് ആ കോൺഗ്രസ് എം പി എന്നു ഉറപ്പിച്ചു പറഞ്ഞു.

ഇതിനൊന്നും ചെവി കൊടുക്കാതെ നടന്ന തരൂർ ഒടുവിൽ തിരുവോണം ദിവസം തന്റെ തറവാട് വീടായ പാലക്കാട് കൊല്ലങ്കോട് സദ്യ കഴിച്ച ശേഷം ചുറ്റും കൂടിയ മാധ്യമങ്ങളോട് അസന്നിഗ്ധമായി പറഞ്ഞു താൻ എന്ത് പ്രലോഭനം ഉണ്ടായാലും കോൺഗ്രസിൽ അടിയുറച്ചു നിൽക്കും.

ഇനി അറിയേണ്ടത് 2029ലെ തെരെഞ്ഞെടുപ്പിലും തരൂർ ജയിച്ചു കയറുന്നത് അവസാന റൗണ്ടിൽ എണ്ണുന്ന തീരത്തെ വോട്ടിന്റെ മാജിക്ക് കൊണ്ടാണോ എന്നാണ്.



# ആത്മീയതയുടെ പ്രഭ അനുഭവിക്കാൻ കഴിഞ്ഞതായി ബ്ലെസി

പി പി ചെറിയാൻ

ഡാളസ് :കഴിഞ്ഞ രണ്ടാഴ്ചയായി അമേരിക്കയിലെ വിവിധ സ്ഥലങ്ങളിൽ സഞ്ചരിക്കുന്നതിലൂടെ ദൈവത്തിൽ ആശ്രയിച്ച് ജീവിക്കുന്ന ആത്മീയതയുടെ പ്രഭ അനുഭവിക്കാൻ കഴിഞ്ഞതായി മികച്ച സംവിധായകനുള്ള അവാർഡ് ലഭിച്ച ബ്ലസി ഐപ്പ് തോമസ് അഭിപ്രായപ്പെട്ടു

സെപ്തംബർ 18 ബുധനാഴ്ച രാവിലെ 10 മണിക്ക് ഡാളസ് സെൻറ് പോൾസ് മാർത്തോമാ ചർച്ച് സീനിയർ സിറ്റിസൺസ് സംഘടിപ്പിച്ച പ്രത്യേക സമ്മേളനത്തിൽ മുഖ്യാതിഥിയായി പങ്കെടുത്തു സംസാരിക്കുകയായിരുന്നു അദ്ദേഹം .

ഞാൻ പലപ്പോഴും പറയാറുണ്ട് ഞാനൊരു ക്രിസ്ത്യാനിയായിരിക്കുന്നതിന‌ുള്ള കാരണം ദൈവം സ്നേഹമാകുന്നു എന്നതിനാൽ മാത്രമാണ്. നമ്മൾ അനുഭവിക്കുന്ന നമ്മുടെ സ്നേഹത്തെ ഒരു വസ്തുവായിട്ടും ഒരു രൂപമായിട്ടും കാണാൻ പറ്റില്ല. നമ്മൾ സ്നേഹത്തെ കുറിച്ച് ഏറ്റവും കൂടുതൽ വായിക്കുന്നത്പുതിയ നിയമത്തിൽ നിന്നാണ്. ക്രിസ്തു ജനിച്ചില്ലായിരുന്നെങ്കിൽ മലാക്കിയിൽ ഈ വേദപുസ്തകം അവസാനിക്കുമായിരുന്നു. പുതിയ നിയമം എന്ന് പറയുന്ന വേദവചനങ്ങൾ ഉണ്ടാകില്ല എന്നുള്ളത് ഞെട്ടലോടെ കൂടിയാണ്നാം മനസ്സിലാക്കേണ്ടത്. അതുതന്നെയാണ് ക്രിസ്തു ജനിച്ചു എന്നതിനുള്ള ഏറ്റവും വലിയ ഉറപ്പും വിശ്വാസവും എന്നും അദ്ദേഹം കൂട്ടിച്ചേർത്തു.



എല്ലാവർക്കും കൂടുതൽ ഉണർവോടെ ശോഭിക്കുവാൻ ഈ കൂട്ടായ്മ കൂടുതൽ ശക്തമാകട്ടെ എന്ന് ആശംസിച്ചുകൊണ്ട് ബ്ലെസി തന്റെ പ്രസംഗം അവസാനിപ്പിച്ചു. ഡോക്യുമെന്ററി ഫിലിം ' 100 ഇയേഴ്സ് ഓഫ് ക്രിസോസ്റ്റം' എന്ന 48 മണിക്കൂറും 10 മിനിറ്റും ദൈർഘ്യമുള്ള ലോകത്തിലെ ഏറ്റവും ദൈർഘ്യമേറിയ ഡോക്യുമെന്ററിക്ക് ഗിന്നസ് വേൾഡ് റെക്കോർഡ് നേടിയ വ്യക്തിയാണ് ബ്ലസി.

വികാരി റവ ഷൈജു സി ജോയ് അധ്യക്ഷത വഹിച്ച യോഗത്തിൽ സി എസ് ഐ കോൺഗ്രിഗേഷൻ ഓഫ് ഡാളസ് വികാരി റവ രജീവ് സുകു ജേക്കബ്, നോർത്ത് അമേരിക്ക ഭദ്രാസന കൗസിൽ അംഗം ഷാജി എസ് രാമപുരം എന്നിവർ അതിഥികളായി പങ്കെടുത്തിരുന്നു



# വിൻസർ മലയാളി അസ്സോസിയേഷന്റെ ഓണാഘോഷം പ്രൗഢഗംഭീരം

**അലൻ ചെന്നിത്തല**

വിൻസർ: വിൻസർ മലയാളി അസ്സോസിയേഷന്റെ ഓണാഘോഷം പാരമ്പര്യ തനിമയോടെ വിൻസർ ഡബ്ലിയു എഫ് സി യു(WFCU) സെന്ററിൽ വെച്ച് പ്രൗഢ ഗംഭീരംമായി ആഘോഷിച്ചു. ചരിത്രത്തിൽ ആദ്യമായി അഞ്ഞൂറിലധികം ആളുകൾ ഒത്തുചേർന്ന ഓണാഘോഷത്തിൽ രാഷ്ട്രീയ സാമൂഹ്യ സാംസ്കാരിക രംഗത്തെ പ്രമുഖർ പങ്കെടുത്തു. കേരളത്തിന്റെ തനതായ വിഭവങ്ങൾ ഉൾപ്പെടുത്തിയ ഓണസദ്യ ഏവർക്കും രുചിയുടെ നവ്യാനുഭവം സമ്മാനിച്ചു. വിൻസറിൽ നിന്നുള്ള കലാകാരന്മാരും കലാകാരികളും പ്രായഭേദമന്യെ പങ്കെടുത്ത കലാപരിപാടികൾ ഉയർന്ന നിലവാരം പുലർത്തി.

ഓണാഘോഷത്തോടു ചേർന്നു നടന്ന സമ്മേളനത്തിൽ വെച്ച് വിൻസർ മലയാളി അസ്സോസിയേഷന്റെ ആദ്യ പ്രസിദ്ധീകരണം ഡബ്ലിയു എം എ വോയിസ് ((WMA Voice) എന്ന മലയാള മാസികയുടെ പ്രകാശനം നടന്നു. പാർലമെന്റ് അംഗം ബ്രയൻ മാസ്സെ മാസികയുടെ ആദ്യ പ്രതി പ്രമുഖ ചലച്ചിത്ര നടൻ ജോസ്കുട്ടി വലിയകല്ലുങ്കലിന് നൽകി പ്രകാശനം നിർവ്വഹിച്ചു. പുതിയ തലമുറക്ക് നമ്മുടെ ഭാഷയും സംസ്കാരവും പരിചയപ്പെടുത്തുന്നതിനും അവരുടെ കഴിവുകളെ പരിപോഷിപ്പിക്കുന്നതിനും ഡബ്ലിയുഎംഎ (WMA) വോയിസ് എന്ന പ്രസിദ്ധീകരണം സഹായിക്കുമെന്ന് പ്രസിഡന്റ് ജസ്റ്റിൻ മാത്യു പറഞ്ഞു. ഇതിന്റെ ചീഫ് എഡിറ്റർ ഷീനത്ത് മാത്യുവിനെ സമ്മേളനത്തിൽ വെച്ച് ആദരിച്ചു. ദീപ്തി മാക്സിന് ആദ്യ കോൺട്രിബ്യൂട്ടർ അവാർഡ് ജോസ്കുട്ടി വലിയകല്ലുങ്കൽ സമ്മാനിച്ചു. ഫോമാ അഡ്വൈസറി കൗൺസിൽ സെക്രട്ടറി സൈജൻ കണിയൊടിക്കൽ, മുൻ പ്രസിഡന്റുമാരായ ലിബിൻ ജോൺ, മാത്യു താനിക്കൽ, ലിബു താമരപ്പള്ളിൽ, റാണി താമരപ്പള്ളിൽ എന്നിവർ പങ്കെടുത്ത ഓണാഘോഷം വിൻസർ മലയാളി അസ്സോസിയേഷന്റെ ചരിത്രത്തിലെ ഏറ്റവും മികച്ച ഓണാഘോഷം ആയിരുന്നു എന്ന് ജനറൽ സെക്രട്ടറി ബിൻസൺ ജോസഫ് പറഞ്ഞു.




ജീവകാരുണ്യ പ്രവർത്തനങ്ങളുടെ ഭാഗമായി വയനാട് സഹായനിധിയിലേക്ക് സംഭാവന ചെയ്ത ഏവരോടും നന്ദി അറിയിക്കുന്നതായി കൺവീനർ മനു വർഗ്ഗീസ് പറഞ്ഞു. ഗായത്രി ഹർഷകുമാർ, രേഷ്മ ജോർജ് എന്നിവർ മാസ്റ്റർ ഓഫ് സെറിമണിയായി പരിപാടികൾ നിയന്ത്രിച്ചു. പ്രസിഡന്റ് ജസ്റ്റിൻ മാത്യു, ജനറൽ സെക്രട്ടറി ബിൻസൺ ജോസഫ്, ട്രഷറർ ഇസിദോർ ജോസ്, വൈസ് പ്രസിഡന്റ് ലിയൊ ജോൺ, ജോയിൻറ് സെക്രട്ടറി മനു ഏബ്രഹാം, ഓണാഘോഷ കമ്മറ്റിയുടെ ചെയർമാൻ സ്മിത്ത് ഏബ്രഹാം എന്നിവരുടെ നേതൃത്വത്തിൽ വിപുലമായ കമ്മറ്റിയാണ് ഓണാഘോഷങ്ങൾക്ക് നേതൃത്വം നൽകിയത്.





# കേരള സെൻെറർ പയനീർ ക്ലബ് സംയുക്ത ഓണം – 24 വർണ്ണാഭമായി



ജോസ്
കാടാപുറം

കേരള സെൻെറർ പയനീർ ക്ലബും സെപ്തംബർ 14 ന് കേരള സെന്റർ ഓഡിറ്റോറിയത്തിൽ വച്ച് വിവിധ കല പരിപാടികളോട് കൂടി ഓണം ആഘോഷിച്ചു ..പയനീർ ക്ലബ് സെക്രട്ടറി വർഗീസ് അബ്രഹാമിന്റെ അവതരണോത്തോട് കൂടി യോഗം ആരംഭിച്ചു .വിശിഷ്ട അതിഥികളും വിവിധ അസോസിഷൻ ഭാരവാഹികളും ചേർന്ന് നിലവിളക്കു കൊളുത്തി കലാപരിപാടികൾക്ക് തുടക്കം കുറിച്ച് താലപ്പൊലി ചെണ്ടമേളം എന്നിവയുടെ അകമ്പടിയോട് കൂടി വിശിഷ്ടതിഥികളും ഭാരവാഹികളും ചേർന്ന് മഹാബലിയെ വേദിയിലേക്ക് സ്വീകരിച്ചു ആനയിച്ചു മാവേലി മന്നന്റെ ഓണ സന്ദേശത്തിനു ശേഷം നുപര ഡാൻസ് ഗ്രൂപ്പിന്റെ തിരുവാതിരയും ഡാൻസും മനോഹരമായ നവ്യാനുഭവമായി .. മേരിക്കുട്ടി മൈക്കിലിന്റ ഓണ ഗാനം മാധുര്യമുള്ളതായിരുന്നു ..കേരളസെന്റര് പ്രെസിഡെന്റ് അലക്സ് എസ്തപ്പാൻ എല്ലാവര്ക്കും സ്വാഗതം പറഞ്ഞു .. പയനീർ ക്ലബ്



പ്രെസിഡെന്റ് ജോണി സക്കറിയ ഓണത്തിന്റെ കൂട്ടായ്മയെ കുറിച്ചും പയനീർ രണ്ടു വര്ഷത്തിനിടയില് നടത്തിയ ചാരിറ്റി പ്രവർത്തനങ്ങളെ കുറിച്ചു പറയുകയുണ്ടായി .. വയനാട് ദുരിതാശ്വാസ സഹായ ഫണ്ടിലേക്കു പ്രതീക്ഷിക്കാത്ത വലിയ തുക ലഭിച്ചത് പയനീർ ക്ലബ് അംഗങ്ങളോടുള്ള നന്ദിയും രേഖപ്പെടുത്തി .. സെനറ്റർ കെവിൻ തോമസ്, കേരള സെന്റർ സ്ഥാപക പ്രെസിഡെന്റ് ഇ എം സ്റ്റീഫൻ എന്നിവർ ആശംസകൾ അർപ്പിച്ചു..മുഖ്യാഥിതി ഗുരു പാർത്ഥസാരഥി പിള്ള ഓണ സന്ദേശം നൽകി തുടർന്ന് പയനീർ ക്ലബ്ബ് പ്ലാക്ക് നൽകി അദ്ദേഹത്തെ ആദരിച്ചു ..ഡോക്ടർ ബെൻസി തോമസ് ആയിരുന്നു പരിപാടികളുടെ എം സി .. മേരി ഫിലിപ്പ്, അബി തോമസ് ,തോമസ് പോളും പരിപാടികൾ കോ ഓർഡിനേറ്റ് ചെയ്തത് .. കേരള സെന്റര് സെക്രട്ടറി രാജുതോമസ് എല്ലാവര്ക്കും നന്ദി പറഞ്ഞതിനു ശേഷം വിഭവ സമർദ്ദമായ ഓണ സദ്യയോടെ പങ്കാളിത്തത്തിലും പരിപാടികളിലും മികവ് പുലർത്തിയ കേരള സെന്റര് പയനീർ ക്ലബ് സംയുക്ത ' ഓണം -24 'സമാപിച്ചു ..



















HEDGE
BROKERAGE INC.
Life Insurance with Long Term Care
Disability Income
Business Overhead Expense Disability Insurance
10 Pay Life Insurance
Estate Planning
Advantage Index Universal Life S&P 500
Life Income Annuity
HEDGE
BROKERAGE INC.
1-516-433-4310
hedgebrokerage@gmail.com

# പുലി കളി മുതൽ മുടിയേറ്റ് വരെ, അമേരിക്കയിലെ ഏറ്റവും വലിയ ഓണം ആഘോഷിച്ച് കേരള ഹിന്ദു സോസൈറ്റി




സുരേഷ് കരുണാകരൻ

ഹ്യൂസ്റ്റൻ : 2024 സെപ്റ്റംബർ 8 ഞായറാഴ്ച ഹ്യൂസ് റ്റൻ മലയാളികൾക്ക് മറക്കാനാവാത്ത ഓർമ്മകൾ സമ്മാനിച്ചു കേരള ഹിന്ദു സൊസൈറ്റിയും ഗുരുവയുരപ്പൻ ക്ഷേത്രവും. ഓണാഘോഷങ്ങൾ എന്നും മറുനാടൻ മലയാളികൾക്ക് ഒരാവേശമാണ്, അമേരിക്കയിൽ ഇത്രയധികം ആളുകൾ ഒത്തുകൂടുന്ന മറ്റൊരു ഓണാഘോഷ പരിപാടിയും ഉണ്ടാകില്ല.ഇത്തവണയും അത് അന്വർഥമാക്കി ആയിരത്തിൽപരം മലയാളികൾ തടിച്ചു കൂടിയ ഓണാഘോഷം സംഘടിപ്പിച്ച് കേരള ഹിന്ദു സൊസൈറ്റി വ്യത്യസ്ത പുലർത്തി. സമൂഹത്തിലെ വിവിധ തലങ്ങളിൽ നിന്നും മലയാളികൾ സ്റ്റാഫോർഡ് ഏടങ്ങ ഹാളിലേക്ക് ഒഴുകിയെത്തി.

ആഘോഷങ്ങളിൽ പങ്കെടുക്കാനെത്തിയവരുടെ അഭൂതപൂർവമായ തിരക്ക് സംഘാടകരെ അക്ഷരാർത്ഥത്തിൽ അത്ഭുതപ്പെടുത്തി.

ആഘോഷ പരിപാടികൾക്ക് ആരംഭം



കുറിച്ചുകൊണ്ട് ചെണ്ടമേളത്തിന്റെയും, പുലികളിയുടെയും താലപൊലിയുടെയും അകമ്പടിയോടെ മഹാബലി തമ്പുരാനെ വേദിയിലേക്ക് ആനയിച്ചു. തുടർന്ന് നടന്ന സമ്മേളനത്തിൽ കേരള ഹിന്ദു സൊസൈറ്റിയുടെ പ്രസിഡന്റ് ശ്രീ സുനിൽ നായർ ഭദ്ര ദീപം കൊളുത്തി ഉത്ഘാടനം നിർവഹിച്ചു. ജഡ്ജ് സുരേന്ദ്രൻ പട്ടേൽ, അമിത് മിസ്രാ (വൈസ് പ്രസിഡന്റ് HSS), അരുൺ കങ്കാണി (നാഷണൽ പ്രസിഡന്റ് സേവ ഇന്റർനാഷണൽ), അച്‌ലേഷ് അമർ ( ടെക്സസ് റീജിയണൽ കോ ഓർഡിനേറ്റർ VHP), ലക്ഷ്മി നരസിംഹ (പ്രസിഡന്റ് ശ്രീ ശാരഥംഭ ടെംപിൾ), കനു പട്ടേൽ (സ്വാമിനാരായണ് ടെംപിൾ ), അരുൺ വർമ ( സീതാറാം ഫൌണ്ടേഷൻ എന്നിവർ സന്നിഹിതകരായിരുന്നു.തനതു കലാരൂപംങ്ങൾ അണിനിരന്ന ആഘോഷ പരിപാടികൾക്ക് തുടക്കം കുറിച്ചുകൊണ്ട് നടന്ന തിരുവാതിരകളിയും, മാർഗം കളിയും, ഒപ്പനയും, കൊച്ചു കുട്ടികളെ അണിനിരത്തി അണിയിച്ചൊരുക്കിയ പഞ്ചഭൂതങ്ങൾ എന്ന പ്രോഗ്രാമും, കളരിപ്പയറ്റും കണ്ണിനും കരളിനും കുളിരേകി. അതുപോലെ . ഗുരുവായൂരപ്പൻ ക്ഷേത്രത്തിലെ മേളക്കാർ ചേർന്ന് അവതരിപ്പിച്ച മേളം ഒരു വ്യത്സ്ഥ അനുഭവമായി. കേരളത്തിൽ നിലനിന്നു വരുന്ന വിവിധ കലാരൂപങ്ങൾക്ക് പ്രചുര പ്രചാരം നൽകുന്നതിനും അതിനുള്ള വേദികളും അവസരങ്ങളും ഉണ്ടാക്കുന്നതിനുമുള്ള കേരള ഹിന്ദു സൊസൈറ്റിയുടെ പ്രതിബദ്ധത പ്രകടമാക്കുന്നതായിരുന്നു കേരള ക്ഷേത്രകലകൾ എന്ന പ്രോഗ്രാം.കേരളത്തിൽ നിലനിൽക്കുന്ന വിവിധ കലാരൂപങ്ങൾ കോർത്തിണക്കി അവയെ പുതു തലമുറയ്ക്ക് പരിചയപ്പെടുത്തിയത് അതിന്റെ ഉത്തമ ഉദാഹരണമായിരിന്നു.

ഓണാഘോഷങ്ങളിൽ ഒഴിച്ചുകൂടാൻ പറ്റാത്ത സ്വാദിഷ്ട്ടമായ ഓണസദ്യ ഒരുക്കി വിളമ്പുന്നതിന് എന്നും ഒരുപടി മുന്നിലാണ് കേരള ഹിന്ദു സൊസൈറ്റി. ഇരുന്നൂറിൽ പരം സന്നദ്ധ പ്രവർത്തകരുടെ സഹായത്തോടെ ബോർഡ് മെമ്പറും കുക്കിംഗ് കമ്മിറ്റി ചെയ്റുമായ രാജേഷ് നായരും, കൃഷ്ണ ശർമ്മയും, ശ്രീ ഗുരുവായൂരപ്പന്റെ സന്നിധിയിൽ വച്ചു തയ്യാറാക്കിയ ഓണസദ്യ കഴിക്കാൻ വലിയ തിരക്കാണ് ഇത്തവണയും അനുഭവപ്പെട്ടത്.

ആഘോഷപരിപാടികളുടെ വിജയത്തിന് ചുക്കാൻ പിടിച്ച അജിത് നായർ, അഞ്ചു മണിക്കൂർ ഇടവേളകളില്ലാതെ അവതരിപ്പിച്ച കലാ പരിപാടികൾക്ക് നേതൃത്വം കൊടുത്ത കൃഷ്ണൻ ഗിരിജ എന്നിവരെ വേദിയിൽ പ്രത്യേകം അനുമോദിച്ചു. കേരള ഹിന്ദു സൊസൈറ്റി ഏർപ്പെടുത്തിയ വിവിധ സ്കോർഷിപ്പുകളുടെ വിതരണവും ഈ അവസരത്തിൽ നടത്തപ്പെട്ടു.സന്നദ്ധപ്രവർത്തകർ ചേർന്ന് ഒരുക്കിയ അത്തപൂക്കളം എല്ലാവരുടെയും മനംകവാർന്നു.

ഓണാഘോഷപരിപാടികൾക്ക് നേതൃത്വം കൊടുത്തുകൊണ്ട് പ്രസിഡന്റ് സുനിൽ നായർ, സെക്രട്ടറി അജിത് പിള്ള, ട്രെഷർ ശ്രീകല നായർ, വൈസ് പ്രസിഡന്റ് സുബിൻ ബാലകൃഷ്ണൻ മറ്റു ബോർഡ് മെമ്പർമാരായ വിനോദ്, സുരേഷ് കരുണാകരൻ, രാജി പിള്ള, രാജി തമ്പി, സിന്ധു മനോജ്, സുരേഷ് കണ്ണോളിൽ എന്നിവരും ട്രസ്റ്റി ചെയർ രമാ പിള്ള, ഹരി ശിവരാമൻ, രൂപേഷ് അരവിന്ദ്ധാക്ഷൻ എന്നിവരും പങ്കെടുത്തു. KHS ന്റെ മുതിർന്ന പ്രവർത്തകരായ ശശിധരൻ നായർ, മാധവൻ പിള്ള, V. N രാജൻ എന്നിവർ ആഘോഷ പരിപാടികൾക്ക് വേണ്ട നിർദ്ദേശങ്ങൾ കൊടുത്തു.













# സഭകൾ മാനവഹൃദയങ്ങൾക്ക് ആശ്വാസ കേന്ദ്രമാകണം : റവ. കെ.സി.ജോൺ




**നിബു വെള്ളവന്താനം**

അറ്റ്ലാന്റ: ഐ.പി.സി സൗത്ത് ഈസ്റ്റ് റീജിയൻ 24 –മത് വാർഷിക കൺവൻഷൻ സംയുക്ത സഭായോഗത്തോടും തിരുവത്താഴ ശുശ്രൂഷയോടും കൂടി അറ്റ്ലാന്റയിൽ സമാപിച്ചു. റീജൻ പ്രസിഡന്റ് പാസ്റ്റർ കെ. സി. ജോൺ കൺവെൻഷൻ ഉദ്ഘാടനം ചെയ്തു. സഭകൾ മാനവ ഹൃദയങ്ങൾക്ക് ആശ്വാസകേന്ദ്രം ആകണമെന്നും സമൂഹത്തിന്റെ ആത്മീയവും ഭൗതികവുമായ വളർച്ചയ്ക്കുള്ള സങ്കേതമായി തീരണമെന്നും അദ്ദേഹം വിശ്വാസ സമൂഹത്തെ ഉത്ബോധിപ്പിച്ചു.

ആഗസ്റ്റ് 30 മുതൽ സെപ്റ്റംബർ 1 വരെ വെള്ളി, ശനി, ഞായർ ദിവസങ്ങളിൽ നടത്തപ്പെട്ട കൺവൻഷനിൽ പാസ്റ്റർ കെ.ജെ. തോമസ് മുഖ്യ പ്രാസംഗികനായിരുന്നു. സംയുക്ത യുവജന – സഹോദരി സമ്മേളനത്തിൽ സിസ്റ്റർ സൂസൻ തോമസ് (ബഹറിൻ) വചനം പ്രസംഗിച്ചു. പാസ്റ്റർമാരായ ചെറിയാൻ സി ഡാനിയേൽ, റോയി വാകത്താനം, എബ്രഹാം സി. തോമസ് എന്നിവർ വിവിധ ദിവസങ്ങളിൽ അദ്ധ്യക്ഷത വഹിച്ചു. പാസ്റ്റർ ഡോ. ജോയി ഏബ്രഹാം കർത്ത്യമേശയുടെ പ്രാധാന്യത്തെക്കുറിച്ച് പ്രസംഗിച്ചു.

ഇഗ്ലീഷ് സെക്ഷനിൽ സിബി ഏബ്രഹാം, ഡാനി ചെറിയാൻ എന്നിവരും പ്രസംഗിച്ചു. പ്രെയ്സ് ആന്റ് വർഷിപ്പിന് റീജിയൻ കയർ നേതൃത്വം നൽകി. ജോയിന്റ് സെക്രട്ടറി നിബു വെള്ളവന്താനം സ്വാഗതവും ട്രഷറർ എബ്രഹാം തോമസ് നന്ദിയും പ്രകാശിപ്പിച്ചു. വുമൺസ് മിനിസ്ടി ഫെലോഷിപ്പിന് സഹോദരിമാരായ ബീന മത്തായി, സാലി ഏബ്രഹാം, റേച്ചൽ രാജു എന്നിവരും യുവജന സമ്മേളനത്തിന്

സുവിശേഷകൻ സിബി ഏബ്രഹാം, റിജോ രാജു എന്നിവരും നേതൃത്വം നൽകി.

പാസ്റ്റർമാരായ ഷിബു തോമസ്, സി. വി ആൻഡ്രൂസ്, ജോൺ ചെറിയാൻ, എബി മാമൻ, ജോർജ് മാത്യു, കെ. വി ജോസഫ്, മനു ഫിലിപ്പ്, രാജൻ ആര്യപള്ളിൽ, ജെയിംസ് ടി. സാമുവൽ, അലക്സാണ്ടർ ജോർജ്, സ്റ്റീഫൻ ചാക്കോ, രാജു പൊന്നോലിൽ, പ്രൊഫസർ ജയിംസ് കുളങ്ങര, അലക്സാണ്ടർ തോമസ്, സജിമോൻ മാത്യു എന്നിവർ ആശംസകൾ അറിയിച്ചു. ഫ്ലോറിഡ, ജോർജിയ, ടെന്നസ്സി, സൗത്ത് കരോലിന തുടങ്ങിയ സംസ്ഥാനങ്ങളിൽ നിന്നുമുള്ള വിശ്വാസികളും ശുശ്രുഷകന്മാരും കൺവൻഷനിൽ സംബന്ധിച്ചു.



# മുല്ലപ്പെരിയാർ

## ജനങ്ങൾക്കിടയിൽ വലിയ മതിൽ ?



**ലേഖനം**

**ജയൻ വർഗീസ്.**

ഭൂപ്രകൃതിയുടെയും, ഭാഷയുടെയും അടിസ്ഥാനത്തിൽ ഭരണ പരമായ സൗകര്യങ്ങൾക്ക് വേണ്ടിയിട്ടാണ് ഭാരതഭൂമിയെ സംസ്ഥാനങ്ങളായി വിഭജിച്ചത്. ഏകീകൃതമായ ഒരു സാംസ്കാരിക അടിത്തറ നില നിൽക്കവേ തന്നെഈ വിഭജനം ജനപഥങ്ങളുടെ സ്വതന്ത്രമായ വികാസത്തിന് വഴി തെളിച്ചിട്ടുണ്ട്. ഏതൊരു സംസ്ഥാനവും നേടുന്നപുരോഗതി ഇന്ത്യൻ യൂണിയൻ എന്ന ചരിത്രാതീത സമൂർത്തതയുടെ പുരോഗതിയാണ് എന്ന് വിലയിരുത്താവുന്നതാണ്.

ഈ ലക്ഷ്യം മുന്നിൽ കണ്ടാണ്, വിവരമുള്ള ആളുകൾ ഭരണ ഘടനയുടെ പരിപക്വമായ രൂപ രേഖകൾതയാറാക്കിയിട്ടുള്ളത്. കൊച്ചു കൊച്ചു നാട്ടു രാജ്യങ്ങളായി നില നിന്ന് കൊണ്ട് തമ്മിലടിച്ചും, തല കീറിയും സ്വന്തംതല ബ്രിട്ടീഷുകാരന്റെ കക്ഷത്തിനടിയിൽ വച്ച് കൊടുത്ത നഷ്ട പ്രതാപത്തിന്റെ ദുരന്ത സ്മരണകളിൽ നിന്ന്പ്രചോദനം ഉൾക്കൊണ്ടു കൂടിയാവണം ഇന്ത്യൻ യൂണിയൻ എന്ന മഹത്തായ സ്വപ്നത്തിന് ഭരണ ഘടന പരമപ്രാധാന്യം നൽകി നില നിർത്തുന്നത്.

അഞ്ചാറു വ്യാഴവട്ടങ്ങൾ നീണ്ട സ്വതന്ത്ര ഇന്ത്യയുടെ ചരിത്ര സംഭവങ്ങളിലേക്ക് കണ്ണോടിച്ചാൽ, ഭരണ ഘടനയുടെഈ പ്രഖ്യാപിത ലക്ഷ്യങ്ങളെ കാറ്റിൽ പറത്തിക്കൊണ്ട് നില നിൽക്കുന്ന വിഘടന വാദങ്ങൾ ആർക്കുംഅവഗണിക്കാനാവാത്ത വിധം ഇന്നും സജീവമാണ് . സിക്ക് ഭീകരതയും, നാഗാ കലാപങ്ങളും, തെലുങ്കാനാവാദവും മാത്രമല്ലാ, ആസാമിലും, മിസോറാമിലും, കാശ്മീരിലും, ഇങ്ങു തമിഴ് നാട്ടിൽ പോലും വിഘടനാവാദങ്ങൾ തലയുയർത്തിയതും, അതിൽ ചിലതെങ്കിലും ഇന്നും നില നിൽക്കുന്നതും നമുക്കറിയാം.

കേന്ദ്ര ഭരണാധികാരികളുടെ തന്നെ വിവിധകാല കുറ്റ സമ്മതത്തിന്റെ അടിസ്ഥാനത്തിൽ തന്നെ ചിന്തിക്കുമ്പോൾ ജനതയിലെ വലിയൊരുവിഭാഗംആളുകൾക്കിടയിൽപുരോഗതിയുടെ നാട്ടു വെളിച്ചം ഒരു തരി പോലും എത്തിച്ചേരുന്നില്ലാ എന്ന് മനസിലാക്കാവുന്നതാണ്. ഇതിനർത്ഥം, ഇന്ത്യൻ കുത്തകകളും, പാശ്ചാത്യ വഴിവാണിഭക്കാരും വിളിച്ചു കൂവുന്നതും, ഇന്ത്യ നേടിയെടുത്തുവെന്ന് അവകാശപ്പെടുന്നതുമായ പുരോഗതിയുടെ. സദ്ഫലങ്ങൾ അനുഭവിക്കാനാവുന്നത് കേവലമായ ഒരു ന്യൂന പക്ഷത്തിന് മാത്രമാണെന്നും, മുക്കാൽനൂറ്റാണ്ടിലധികം നീണ്ടആഞ്ഞ ഭരണം കൊണ്ട് ഇന്ത്യൻ ദരിദ്രവാസിയുടെ അപ്പച്ചട്ടിയിലെ മുറിക്ഷണങ്ങളിൽ കാര്യമായഒരു മാറ്റവും വരുത്താൻ സാധിച്ചിട്ടില്ലാ എന്നുമാണ്. ബ്രിട്ടീഷു കാരന്റെ കാലത്തേ ഉണ്ടായിരുന്ന പതിന്നാലുശതമാനം മേധാവികളുടെ എണ്ണം ഉന്തിയുന്തി ഇരുപതിനും മുകളിലാക്കി വച്ചുവത്രെ! എന്താ പോരെ? ഏതുകഴുതകളാണ് പറയുന്നത് ഇന്ത്യ പുരോഗതി നേടിയില്ലെന്ന് ?

നാം വിഷയത്തിൽ നിന്ന് വിട്ടു. ഇന്ത്യൻ ജനതയിലെ മഹാഭൂതിപക്ഷത്തിനും തങ്ങൾക്കർഹമായ അവകാശങ്ങൾ. അനുഭവിക്കാനായിട്ടില്ലാ എന്ന യാഥാർഥ്യം ഔദ്യോഗികമായി അംഗീകാരം നേടുമ്പോൾത്തന്നെ, നൂറ്റി നാൽപ്പത് കോടിയും എന്നേ കവിഞ്ഞുലഞ്ഞു നിൽക്കുന്ന ഇന്ത്യയിലെ മനുഷ്യർക്കിടയിൽ 'തങ്ങൾ ഒരു ജനതയാണ്' എന്ന ദേശീയ ബോധം വളർത്തിയെടുക്കുന്നതിൽ പോലും ഭരണകൂടങ്ങൾ അമ്പേ പരാജയപ്പെടുകയാണുണ്ടായത് എന്ന് എനിക്ക് തോന്നുന്നു.

കഴിക്കുന്ന ആഹാരത്തിലും, ധരിക്കുന്ന വസ്ത്രങ്ങളിലും വരെ വർഗ്ഗവൽക്കരണത്തിന്റെ ചോര വാളുകൾകുത്തിയിറക്കിക്കൊണ്ട് ഭിന്നിപ്പിച്ചു ഭരിക്കുക എന്നപഴയ ബ്രിട്ടീഷ് തന്ത്രം ഇന്ത്യൻമേധാവികൾ വിജയകരമായി പരീക്ഷിച്ചു വിജയിച്ചു കൊണ്ടിരിക്കുകയാണിപ്പോൾ? ആയതിന്റെ ഏറ്റവും വലിയതെളിവായി നമ്മുടെ മുന്നിൽ നില നിൽക്കുന്ന യാഥാർഥ്യമാണ് കേരളം - തമിഴ്നാട് സർക്കാരുകൾക്കിടയിൽ കാലങ്ങളായി പരിഹരി

**ബലക്കുറവുള്ള അണക്കെട്ടിനു പകരമായി മറ്റൊന്ന് നിർമ്മിക്കാമെന്നു കേരളം പറയുമ്പോൾ  തമിഴ് നാടിന് അത്  സമ്മതമല്ലത്രെ! വൈക്കോലിൽ കിടക്കുന്ന പട്ടിയെപ്പോലെ ഒന്നിനും സമ്മതിക്കാതെ എല്ലാറ്റിന്റെയുംഇടയ്ക്ക് കയറി കവച്ചു നിൽക്കുകയാണ്  നമ്മുടെ സുപ്രീം കോടതിയുടെനീതി ന്യായ വികല വാദങ്ങൾ.  ഇന്ത്യൻ ക്യാപിറ്റലിസത്തിന്റെ  ശീതള  ഛായയിൽ വായിൽവെള്ളിക്കരണ്ടിയുമായി പിറന്നിരിക്കാൻ ഇടയുള്ള ഒരു സുപ്രീം കോടതി ജഡ്ജിക്ക്, നദീ തീരത്തെ  നന മണ്ണിൽ  തങ്ങളുടെ മനസ്സും, തലമുറകളുടെ  സ്വപ്നങ്ങളും  നടുന്ന മലയാളത്തിലെ മനുഷ്യനെക്കുറിച്ചെന്തറിയാം ?**


ക്കപ്പെടാതെ കിടക്കുന്ന ' മുല്ലപ്പെരിയാർ ' എന്ന നീറുന്ന തർക്ക പ്രശ്നം?

ജല സമൃദ്ധിയിൽ നിറഞ്ഞു നിന്ന കേരളം ജല വറുതിയിൽ വീർപ്പു മുട്ടിയ തമിഴ് നാടിന് കുറെ ജലം നൽകാൻകരുണ കാട്ടിയത് മാനുഷികമായ കേവല ധർമ്മം. ഭരണ ഘടനാ പരമായ ബാധ്യത ഉണ്ടെങ്കിൽ കൂടിയും ഇന്നത്തെജനകീയന്മാരായിരുന്നെങ്കിൽ അത് നടപ്പിലാകുമായിരുന്നോ എന്ന് സംശയമാണ്. മനുഷ്യ സ്നേഹിയായ മഹാ രാജാവിന്റെ മഹാ  മനസ്കതയും, ബ്രിട്ടീഷ് സാഹചര്യങ്ങളുടെ  അദൃശ്യ സമ്മർദ്ദവും കൊണ്ട്  അന്ന് അത്സാധിച്ചു എന്നേയുള്ളു. വിശാലമായ ഒരർത്ഥത്തിൽ എടുക്കുകയാണെങ്കിൽ ആ പ്രവർത്തി ഒരു സ്വതന്ത്ര രാജ്യം അനുവർത്തിക്കേണ്ട ഒരു മാതൃക കൂടി ആയിരുന്നു എന്ന് വിലയിരുത്താവുന്നതാണ്. ഒരു രാജ്യത്തിലെവിഭവങ്ങൾ പരസ്പരം പങ്കു വയ്ക്കുമ്പോളാണ്,  അതൊരു നല്ല രാജ്യമാവുന്നത് ; ഒരു ലോകത്തിലെ വിഭവങ്ങൾപരസ്പരം പങ്കു വയ്ക്കുമ്പോളാണ് അതൊരു നല്ല ലോകമാവുന്നത് എന്നത് പോലെ !

അയൽക്കാരൻ എന്ന സങ്കല്പം യേശു രൂപപ്പെടുത്തിയത് ഈ ചിന്തയിൽ നിന്നായിരിക്കണം എന്ന് കരുതുന്നു. അടുത്ത വീട്ടിലെ മത്തായിയാണ് അയൽക്കാരൻ എന്ന് പള്ളി ക്രിസ്ത്യാനികൾ പറഞ്ഞു കൊണ്ട്നടക്കുന്നുണ്ടെങ്കിലും, താനൊഴികെയുള്ള തന്റെ ലോകത്തെയാണ് യേശു അയൽക്കാരൻ എന്ന് വിളിച്ചത്. അവനു വേണ്ടിയുള്ള 'കരുതലിനെ' യാണ് സ്നേഹം എന്ന അതിമനോഹര പദംകൊണ്ട് യേശു വിവക്ഷിച്ചത്. കുറുവടിയേന്തികുർബ്ബാന കാണുന്ന പുത്തൻ പൊളിറ്റിക്കൽ റിലീജിയൻസിന് ഇതൊക്കെ എവിടെ മനസ്സിലാവുന്നു?

അപ്പോൾ തമിഴ് നാടിനു കേരളം കുടിവെള്ളം കൊടുത്തത് ധർമ്മം. വര്ഷങ്ങളായി നിശ്ചിത അളവിൽ തമിഴ് നാടെവെള്ളം ഒഴുക്കിക്കൊണ്ട് പോകുന്നു - അതും ധർമ്മം.

നൂറിലധികം വർഷങ്ങൾക്കു മുൻപ് സിമന്റിനേക്കാൾ ബലംകുറഞ്ഞ 'സുർക്കി' ഉപയോഗിച്ച് നിർമ്മിച്ച അണക്കെട്ടിന്റെ ബലം കുറയുന്നത് സ്വാഭാവികം. എങ്കിലും ഗ്രാവിറ്റി ബലത്തിൽ നിർമ്മിച്ചിരിക്കുന്നു എന്നതിനാൽ അത് നില നിൽക്കുന്നു. നൂറ്റി നാൽപ്പതോളംഅടി ഉയരത്തിൽ വെള്ളം നിറച്ചു കൊണ്ട് പത്തും തികഞ്ഞ ഗർഭിണിയെപ്പോലെ ഏങ്ങി വലിഞ്ഞു നിൽക്കുന്ന മുല്ലപ്പെരിയാറിന്റെ ഇന്നത്തെ നില തമിഴ്നാടിന് യാതൊരാശങ്കയും ഉണ്ടാക്കുന്നില്ല എന്നതാണ് വിശാലമായ ഒരർത്ഥത്തിൽ മാനവികത നേരിടുന്ന ഏറ്റവും വലിയപ്രശ്നം. ! സ്വന്തം കാര്യം സിന്താബാദ് എന്ന കച്ചവട സംസ്ക്കാരം ലോകത്താകമാനം പിടി മുറുക്കുമ്പോൾനാടോടുമ്പോൾ നടുവേ എന്ന നിലയിൽ അവരും ആയിത്തീർന്നു എന്നതാവാം യാഥാർഥ്യം ! സഖ്യ കക്ഷികളുടെ താങ്ങലോടെ ന്യൂ ഡൽഹിയിലെ ഭരണ കസേരകളിൽ അള്ളിപ്പിടിച്ചിരിക്കുന്ന കേന്ദ്രത്തിന് മനസ്സുറച്ചു വായതുറക്കാൻ ആവുന്നുമില്ല. ചൂടൻ കഞ്ഞിക്കു വട്ടം ചുറ്റുന്ന കുഞ്ഞുപട്ടികളെപ്പോലെ  തെക്കു - വടക്കുപറക്കുന്ന കേരളത്തിലെ ജനപ്രതിനിധികൾക്കും പ്രസ്താവനകളിറക്കി ആശ്വസിക്കാമെന്നല്ലാതെ ഒന്നുംനടക്കുന്നില്ല. (ഇത് എല്ലാവരെയും കുറിച്ചല്ല. )



പെരിയാറിന്റെയും, അതിന്റെ കൈവഴികളുടെയും തീരങ്ങളിൽ അവഗണിക്കപ്പെട്ട ബഹു ഭൂരിപക്ഷത്തിന്റെയുംപ്രതിനിധികളായി കാലാകാലങ്ങളിൽ കുത്തിക്കുത്തി കൊടുക്കാനുള്ള വോട്ട് മാത്രം കൈവശമുള്ള കുറേപാവങ്ങളുണ്ട്. ഇടുക്കി, എറണാകുളം, കോട്ടയം ജില്ലകളിൽ വ്യാപിച്ചു കിടക്കുന്ന ഒരു വിസ്തൃത പ്രദേശത്ത്ചിലയിടങ്ങളിലെങ്കിലും മണ്ണെണ്ണ വിളക്കിന്റെ അരണ്ട വെളിച്ചത്തിൽ തങ്ങളുടെ പിഞ്ചോമനകൾക്ക്കാവലിരിക്കുന്ന മാതാ പിതാക്കളുണ്ട്. വർഷങ്ങളായി ഉറങ്ങാൻ കഴിയാതെ തങ്ങളുടെ അരുമകളെ നെഞ്ചോട്ചേർക്കുന്ന മുത്തശ്ശിമാരാരുണ്ട്. താഴ്ച പ്രദേശത്തെ വീട്ടിൽ കുടുംബാംഗങ്ങളെ തനിച്ചാക്കിയിട്ട

ഉയർന്നപ്രദേശത്തെ സ്കൂളിൽ പഠിക്കാൻ പോകുന്നില്ലാ എന്ന് ഉറക്കെ പ്രഖ്യാപിച്ചു കൊണ്ട് തന്റെ ജീവിത കാമനകൾക്ക്സ്വയം തിരശീലയിടുന്ന  കുരുന്നു ബാല്യങ്ങളുണ്ട്.

എവിടെ നമ്മുടെ രാഷ്ട്രീയ, ഭരണ സംവിധാനങ്ങൾ ? അടുത്ത തെരഞ്ഞെടുപ്പിലെ തന്ത്രം മെനയുന്നതിനുള്ളതിരക്കിലാണോ അവർ ? എവിടെ നമ്മുടെ അന്താരാഷ്ട്ര ആസന സാംസ്ക്കാരിക വീര നായകന്മാർ ? അക്കാദമിക്കസേരകളിൽ ആസനസ്ഥനാകാനുള്ള ആർത്തിയോടെ തങ്ങളുടെ അജ സ്മൃശുക്കൾ തടവിക്കൊണ്ട് അധികാരികളുടെ ആസനം താങ്ങുകയാണോ അവർ ? എവിടെ മനുഷ്യ കഥാനുഗായികൾ ആവേണ്ട മീഡിയകൾ? മദ്യ - സ്വർണ്ണ - വസ്ത്ര മാഫിയകളുടെ പൃഷ്ഠം ഉരയ്ക്കുന്നതിനുള്ള പ്രതലങ്ങളായി തങ്ങളുടെ സ്വർണ്ണത്തിരമുഖങ്ങൾ പരുവപ്പെടുത്തുകയാണോ അവർ?

ബലക്കുറവുള്ള അണക്കെട്ടിനു പകരമായി മറ്റൊന്ന് നിർമ്മിക്കാമെന്നു കേരളം പറയുമ്പോൾ  തമിഴ് നാടിന് അത് സമ്മതമല്ലത്രെ! വൈക്കോലിൽ കിടക്കുന്ന പട്ടിയെപ്പോലെ ഒന്നിനും സമ്മതിക്കാതെ എല്ലാറ്റിന്റെയുംഇടയ്ക്ക് കയറി കവച്ചു നിൽക്കുകയാണ്  നമ്മുടെ സുപ്രീം കോടതിയുടെ

**മുല്ലപ്പെരിയാറിൽ 140 അടി വെള്ളമാണ് ഭീഷണിയുയർത്തുന്നത്. പനംകുട്ടി ചോർച്ചയേക്കാൾ അനേകായിരംഇരട്ടി സമ്മർദ്ദത്തിൽ നില നിൽക്കുന്ന വെള്ളം. ഇടുക്കി അണക്കെട്ടും ഇപ്പോൾ നിറഞ്ഞുകവിഞ്ഞിരിക്കുന്നതിനാൽ തന്നെ മുല്ലപ്പെരിയാറിന്റെ ഭീഷണി പ്രവചനാതീതമായ ഒരു മാനറിലാണ്ഇപ്പോഴുള്ളത്.**

നീതിന്യായ വികല വാദങ്ങൾ. ഇന്ത്യൻ ക്യാപിറ്റലിസത്തിന്റെ ശീതള ഛായയിൽ വായിൽവെള്ളിക്കരണ്ടിയുമായി പിറന്നിരിക്കാൻ ഇടയുള്ള ഒരു സുപ്രീം കോടതി ജഡ്ജിക്ക്, നദീ തീരത്തെ നന മണ്ണിൽ തങ്ങളുടെ മനസ്സും, തലമുറകളുടെ സ്വപ്നങ്ങളും നടുന്ന മലയാളത്തിലെ മനുഷ്യനെക്കുറിച്ചെന്തറിയാം ? കടലാസു രേഖകളിൽ നിന്ന് ന്യായവും നീതിയും വേർതിരിക്കുന്ന വ്യവസ്ഥാപിതമായ ഒരു സംവിധാനത്തിൽനിന്ന് മാറി ചിന്തിക്കുകയും, പകരം, നിസ്സഹായനായ മനുഷ്യന്റെ പച്ചയായ ജീവിത പരിസ്സരങ്ങളിലേക്ക് താണിറങ്ങുന്ന സജീവമായ ഒരു ഒരു കാഴ്ചപ്പാട് രൂപപ്പെടുത്തുകയുമാണ് ഇക്കാര്യത്തിൽ അനിവാര്യമായിട്ടുള്ളതെന്ന് ഇത്തരം കോടതി ദൈവങ്ങളോട് ആര് പറയും ?

കേന്ദ്ര പരിസ്ഥിതി വകുപ്പിന്റെ അനുവാദം ഒരാനകേറാ മലയാണെന്ന് ബന്ധപ്പെട്ടവർ പറയുന്നു. മനുഷ്യന്റെപ്രാണനേക്കാൾ വിലപ്പെട്ടതായി എന്ത് പരിസ്ഥിതിയാണുള്ളത് സാർ ? കേന്ദ്രത്തിൽ നിന്നുള്ള ഒരനുമതിയാണ്കേരളത്തിന് വേണ്ടതെങ്കിൽ 24 മണിക്കൂറിനകം അത് കിട്ടണം, കിട്ടിയിരിക്കണം. മനുഷ്യന്വേണ്ടി മനുഷ്യൻ ഭരിക്കുന്ന ജനാധിപത്യമാണ് ഇന്ത്യയിൽ നിലവിൽ ഉള്ളതെങ്കിൽ ആദ്യം അതാണ് നടപ്പിലാവേണ്ടത്. കേന്ദ്ര പ്രതിരോധ - പ്രവാസ - വിദേശ - വകുപ്പുകളിലും, മറ്റു സംസ്ഥാനങ്ങളിലെ ഗവർണർ കസേരകളിലും ചടഞ്ഞിരിക്കുന്ന കുറേപ്പേർ ഉണ്ടല്ലോ അഥവാ, ഉണ്ടായിരുന്നുവല്ലോ കേരളത്തിന് ?

ഇതിനുംപുറമേ ഇപ്പോഴുമുണ്ടല്ലോ തെക്കു വടക്ക് പറന്നു നടന്നു ഭരിക്കുന്ന കുറെ മെമ്പർ ഓഫ് പാർലിമെന്റികൾ? കൂടാതെ ലോക് സഭയിലും, രാജ്യ സഭയിലും നിന്ന് അടുത്തൂൺ പറ്റുന്ന ബുദ്ധി ജീവികൾ ? ഇവരൊക്കെ എവിടെ ? ഒരാവശ്യം വന്നപ്പോൾ ഒരുത്തനുമില്ല. റോഡ് വക്കത്തെ വെയ്റ്റിംഗ് ഷെഡിൽ പോലും സ്വന്തം പേരെഴുതി വച്ച് ക്രെഡിറ്റ് തട്ടിയെടുക്കാനാണെങ്കിൽ എന്തൊരു ഉത്സാഹം ? മിടുക്ക് ?



ആരൊക്കെ കൂടിയാണെങ്കിലും വേണ്ടില്ലാ, ഉടൻ തീരുമാനം ഉണ്ടാവണം. മൂന്നടി വ്യാസമുള്ള ഒരു പെൻസ്റ്റോക്കുപൈപ്പ് പൊട്ടിയപ്പോൾ പനങ്കുട്ടിയിൽ ( നേര്യമംഗലം പവർ ഹൌസ് സ്ഥിതി ചെയ്യുന്നത് പനംകുട്ടിയിലാണ് ) ഉണ്ടായ ദുരന്തം നമുക്കറിയാം. ഒരു വലിയ പ്രദേശത്തെ മണ്ണും, മരങ്ങളും, വീടുകളും, പാറകളും ജല പ്രവാഹംകുത്തിയൊലിപ്പിച്ചു കൊണ്ട് പോയി. മരണമടഞ്ഞവരിൽ ചിലരുടെയെങ്കിലും മൃത ദേഹങ്ങൾ ഇന്ന് വരെയും കണ്ടുകിട്ടിയിട്ടില്ലാ എന്നാണോർമ്മ. ( നിശ്ചയമില്ല ) ( വയനാട് ദുരന്തം ഇവിടെ പറയാൻ മനസ്സ് സമ്മതിക്കുന്നില്ല - ക്ഷമിക്കുക. )

മുല്ലപ്പെരിയാറിൽ 140 അടി വെള്ളമാണ് ഭീഷണിയുയർത്തുന്നത്. പനംകുട്ടി ചോർച്ചയേക്കാൾ അനേകായിരംഇരട്ടി സമ്മർദ്ദത്തിൽ നില നിൽക്കുന്ന വെള്ളം. ഇടുക്കി അണക്കെട്ടും ഇപ്പോൾ നിറഞ്ഞുകവിഞ്ഞിരിക്കുന്നതിനാൽ തന്നെ മുല്ലപ്പെരിയാറിന്റെ ഭീഷണി പ്രവചനാതീതമായ ഒരു മാനറിലാണ്ഇപ്പോഴുള്ളത്.

ഞാൻ എഴുതാതെ ഒഴിവാക്കുന്ന ഒരു വാക്കുണ്ട്. അത് സംഭവിക്കാതിരിക്കുന്നതിനായി ഏവരും ഉണരണം. കേരളത്തിലെയും,തമിഴ് നാട്ടിലെയും, കേന്ദ്രത്തിലെയും ഗവർമെന്റുകൾ........, ഇവകളിൽ ഭാഗഭാക്കായിനികുതിപ്പണം കൈപ്പറ്റുന്ന ജന പ്രതിനിധികൾ......, ഊരിയ വാൾ ഉറയിലിട്ടുകൊണ്ട് കോടതികൾ......., മനുഷ്യസ്വപ്നങ്ങളിൽ വിളവിറക്കി ജീവിക്കുന്ന മീഡിയകൾ ......, മനസിന് അജീർണം ബാധിച്ച് ഉറക്കം തൂങ്ങികളായി അഭിനയിച്ച് ആർക്കോ വേണ്ടി ഓക്കാനിക്കുന്ന സാംസ്കാരിക താടി ജീവികൾ.......എല്ലാവരും ഒരുമിച്ചു വന്ന് ഈ പ്രശ്നം പരിഹരിക്കണം. തമിഴ് നാടിന് അവകാശപ്പെട്ട വെള്ളം എന്നും അവർക്കു കിട്ടും എന്ന് ഉറപ്പു വരുത്തുന്ന മുൻകൂർ കരാർ....എല്ലാം....എല്ലാം നടപ്പാവണം.

എല്ലാറ്റിലും വലുത് മനുഷ്യനും അവന്റെ ജീവിത സുരക്ഷിതവുമാണ്. അതിനു വേണ്ടി വിട്ടുവീഴ്ച ചെയ്യാൻഏതൊരു സംവിധാനവും തയ്യാറാവണം. അവിടെ സംസ്ഥാനങ്ങളുടെ മാത്രമല്ലാ രാജ്യങ്ങളുടെയും അതിരുകൾഇല്ലാതാവും, ആശംസകൾ !

# സങ്കടകടലിലൂടെ!

(മീനു എലിസബത്ത്)

2024 എന്നെ സംബന്ധിച്ചിടത്തോളം പ്രിയപ്പെട്ട പലരെയും നഷ്ടപ്പെട്ട വർഷമാണ്. എന്റെ അപ്പന്റെ ഇളയ അനുജൻ കുഞ്ഞുമോനപ്പാപ്പൻ. അമ്മയുടെ അനുജത്തിയുടെ ഭർത്താവ് ബാബുച്ചായൻ. പിന്നെ കുടുംബ സുഹൃത്തായിരുന്ന തെക്കേമുറി ച്ചേട്ടനും.

ഉറ്റവരെയും ഉടയവരെയും സുഹൃത്തുക്കളെയും സാമൂഹിക സംഘടനകളെയും സാഹിത്യ കൂട്ടായ്മകളെയും എഴുത്തുകാരെയും വിട്ട് എബ്രഹാം തെക്കേമുറിയെന്ന സണ്ണിച്ചായൻ ഈ ലോകത്തു നിന്ന് വിട പറഞ്ഞിട്ട് ഒരു മാസം കഴിഞ്ഞിരിക്കുന്നു.

കഴിഞ്ഞ കുറെ വർഷങ്ങളായി രോഗാവസ്ഥയിലായിരുന്നുവെങ്കിലും ഇത്ര നേരത്തെ മരണം അദ്ദേഹത്തെ കൊണ്ടുപോകുമെന്ന് ആരും വിചാരിച്ചിരുന്നില്ല. അത് കൊണ്ട് തന്നെയാവണം അദ്ദേഹത്തിന്റെ വിയോഗം വല്ലാതെയുലക്കുന്നത്. തീരാ ദുഃഖമാകുന്നത്.

ഏകദേശം മുപ്പത്തിഅഞ്ചു വർഷം മുൻപാണ് തെക്കേമുറിച്ചേട്ടനെ പരിചയപ്പെടുന്നത്. ഒരു നവവധുവായി ഗ്രാൻഡ്പ്രെയറി മാർത്തോമ്മാ പള്ളിയിൽ ചെന്നപ്പോഴായിരുന്നു അത്.

ആയിടക്ക് കേരള അസോസിയേഷൻ ഓഫ് ഡാലസിന്റെ കയ്യെഴുത്തു മാസികയായ കൈരളിയിൽ അദ്ദേഹത്തിന്റെ ഗ്രീൻ കാർഡ് എന്ന നോവൽ ഖണ്ഡശ്ശ വായിക്കുന്നുണ്ട്. പേരറിയാമെങ്കിലും ആളെ അറിയില്ല.

പള്ളി പിരിഞ്ഞിറങ്ങുമ്പോൾ ഷാജി ഒരാളെ പരിചയപ്പെടുത്തി. ‘‘ഇതാണ് കൈരളിയിൽ എഴുതുന്ന നോവലിസ്റ്റ് എബ്രഹാം തെക്കേമുറി’’!

ഞാൻ അദ്‌ഭുതതരങ്ങളോടെ അദ്ദേഹത്തെ നോക്കി കൈ കൂപ്പി. ജീവിതത്തിലാദ്യമാണ് ഒരു എഴുത്തുകാരനെ നേരിൽ പരിചയപ്പെടുന്നത്. വെള്ള ഷർട്ടും കറുത്ത പാന്റും കോട്ടും ധരിച്ച ഒരു ചെറുപ്പക്കാരൻ. കണ്ടാൽ ഒരു വക്കിലിന്റെ രൂപം. ചെറിയ നര ഒരു വര പോലെ ആ ചുരുണ്ട മുടിയുടെ മുകളിൽ അന്നേയുണ്ടായിരുന്നു.

ഒരു വായനക്കാരിയുടെ സന്തോഷം എഴുത്തുകാരനുമായി പങ്കു വെച്ചു. അതായിരുന്നു ഞങ്ങളുടെ സൗഹൃദത്തിന്റെ തുടക്കം.

ഷാജിക്ക് തെക്കേമുറിചേട്ടനെയും കുടുംബക്കാരെയും മുന്പരിചയമുണ്ടായിരുന്നു. എൺപതുകളിൽ അവർ വന്ന കാലത്തു അടുത്തടുത്ത അപ്പാർട്ട്മെന്റുകളിലായിരുന്നു താമസിച്ചിരുന്നത്. അദ്ദേഹം കൈരളി മാസികയുടെ എഡിറ്റർ ആയപ്പോൾ ഷാജിയായിരുന്നു അസിസ്റ്റന്റ്. കാലിഗ്രഫി എഴുതുവാൻ ഷാജിക്കറിയമായിരുന്നു.



പിന്നീട് തൊണ്ണൂറുകളുടെ തുടക്കത്തിൽ ഞങ്ങൾ പഠനത്തിനായി ലിറ്റിൽ റോക്ക്, അർക്കൻസായിലേക്ക് പോവുകയും ഡാലസിലേക്കുള്ള വരവ് വിശേഷദിനങ്ങളിലായി ചുരുങ്ങുകയും ചെയ്തു. ഇടക്കുള്ള വരവുകളിൽ പൊതു പരിപാടികളോ കല്യാണങ്ങളോ ചടങ്ങുകളോ ഉള്ളപ്പോൾ തെക്കേമുറിച്ചേട്ടനെ കണ്ടെന്നു വരും. എപ്പോൾ കണ്ടാലും അദ്ദേഹം വന്നു ഞങ്ങളോട് സ്നേഹത്തോടെ കുശലം പറയും. സുഖവിവരങ്ങൾ അന്വേഷിക്കും.

പതിനഞ്ചു വർഷം ഡാലസിൽ നിന്നും മാറി നിന്നെങ്കിലും 2009 തിൽ തിരികെ വരുമ്പോൾ ഇടയ്ക്കു നിന്നുപോയ സൗഹൃദം പിന്നെയും തളിർത്തു. സസന്തോഷം അദ്ദേഹം ഞങ്ങളെ കേരള ലിറ്ററി സൊസൈറ്റിയിലേക്ക് ക്ഷണിച്ചു. സമാനഹൃദയരായ കുറേപ്പേരെ അങ്ങിനെ പരിചയപ്പെട്ടു.

പഴയ സുഹൃത്തുക്കളിൽ ചിലരും ലിറ്ററി സൊസൈറ്റിയിൽ അംഗങ്ങളായി ഉണ്ടായിരുന്നു.

എഴുത്തുകാരുടെ അംബ്രല്ല സംഘടനയായ ലാനായുടെ പ്രോഗ്രാമുകളിൽ പങ്കെടുക്കുന്നതുമൊക്കെ തെക്കേമുറിച്ചേട്ടന്റെ ഉത്സാഹത്തിലായിരുന്നു. 2019 വരെ ലിറ്ററി സൊസൈറ്റിയുടെ മീറ്റിങ്ങുകൾക്കൊക്കെ അദ്ദേഹം പങ്കെടുത്തിരുന്നു. കേരള ലിറ്ററി സൊസൈറ്റിയിൽ അദ്ദേഹവുമായി ഒന്നിച്ചു പ്രവർത്തിച്ച 11 -12 വർഷങ്ങൾ, ഡാലസിൽ നടത്തിയ ലാന മീറ്റിങ്ങുകൾ .. ലാനാ മീറ്റിങ്ങുകൾക്കായി ഷിക്കാഗോ, ന്യൂ യോർക്ക്, ഫ്ലോറിഡ എന്നിവിടങ്ങളിലേക്ക് നടത്തിയ യാത്രകൾ , ലാന മീറ്റിങ്ങുകൾക്കു ശേഷമുള്ള സംഗീത സദസ്സുകൾ, കവിയരങ്ങുകൾ!

പരിചയപ്പെടുന്ന സമാന ഹൃദയർക്കെല്ലാം അദ്ദേഹം സുഹൃത്തായിരുന്നു. ചിലർക്കെങ്കിലും ഒരു സഹോദരനായിരുന്നു. മാർഗദർശിയായിരുന്നു.

തെക്കേമുറിയെന്ന പച്ച മനുഷ്യനെക്കുറിച്ചും .. തെക്കേമുറിയെന്ന സാധാരണക്കാരനെക്കുറിച്ചും തെക്കേമുറിയെന്ന സുഹൃ

ത്തിനെക്കുറിച്ചും നമ്മൾ മാറി നിന്ന് കണ്ട – തെക്കേമുറിയെന്ന അപ്പനെക്കുറിച്ച് .. ഭർത്താവിനെക്കുറിച്ച്, സഹോരനെക്കുറിച്ച് ജ്യേഷ്ഠനെക്കുറിച്ച് തെക്കേമുറി കുടുംബ ത്തിന്റെ തല മൂത്ത കാരണവരെക്കുറിച്ചും

എല്ലാറ്റിനും ഉപരി ഞങ്ങളുടെ ഒരു നല്ല സുഹൃത്തിനെക്കുറിച്ചും അയലക്കക്കാരനെ ക്കുറിച്ചും കൂടി ... ചില കാര്യങ്ങൾ പറയു വാനാണ് ഞാനീ ചുരുങ്ങിയ നിമിഷങ്ങളിൽ ശ്രമിക്കുന്നത്.



അതീവ നിരീക്ഷണ പാടവമുള്ള ആളാ യിരുന്നു അദ്ദേഹം. കണ്ട കാര്യങ്ങൾ ഹൃദ യത്തിൽ സൂക്ഷിച്ചു –

പിന്നിടതേക്കുറിച്ചു ചിന്തിക്കുന്ന – പ ഠിച്ചു അഭിപ്രായം പറയുന്ന, കുത്തിക്കുറി ക്കുന്ന തെക്കേമുറി.

മിത ഭാഷി ..

തെക്കേമുറിയെന്ന വായനക്കാരനെക്കുറി ച്ചു, സഹൃദയനെക്കുറിച്ചു, സൗന്ദര്യാരാധക നെക്കുറിച്ചു പാട്ടുകാരനെക്കുറിച്ച് വിശദീക രിക്കുവാൻ തുടങ്ങിയാൽ സമയം തികയില്ല. പറയാൻ ധാരാളമുണ്ട്.

പുരാണങ്ങളെക്കുറിച്ചു അദ്ദേഹത്തിന് നല്ല ജ്ഞാനം ഉണ്ടായിരുന്നു. ബൈബിളി ലും അതീവ പാടവം അദ്ദേഹത്തിനുണ്ടായി രുന്നു.

പിറന്ന നാടിനെയും മലയാളത്തെയും ഏറെ പ്രിയത്തോടെ നെഞ്ചോടു ചേർത്തു വെച്ചിരുന്ന ഒരാൾ!

അമേരിക്കയിലെയും ഇന്ത്യയിലെയും പ്രത്യേകിച്ച് കേരളത്തിന്റെ സാമൂഹ്യ, രാഷ്ട്രീ യ, സാമ്പത്തിക മൂല്യച്യുതികളെക്കുറിച്ചു വളരെ അപ്ഡേറ്റഡ് ആയിരുന്നു അദ്ദേഹം. ഓൺലൈൻ വഴി ഒരു മൂന്നു പത്രങ്ങളെങ്കി ലും വായിച്ചിരുന്നതായി അറിയാം.

ന്യൂസ് ചാനലുകൾ വഴി ഇന്ത്യയിലെ കാര്യങ്ങളെല്ലാം അപ്പപ്പോൾ അറിയുകയും അതേക്കുറിച്ചൊക്കെ ഒട്ടൊക്കെ വേദന യോടും ചിലപ്പോൾ അതീവ കോപത്തോ ടും അതി വൈകാരികതയോടും അദ്ദേഹം പ്രതികരിക്കുമ്പോൾ ' ചേട്ടാ ഇത്രയങ്ങ് ഹൃദയത്തിലോട്ടെടുക്കാതെ .. ചേട്ടന് ബിപി കൂടുമെന്നു ഓർമിപ്പിക്കുമ്പോൾ,

''അല്ല മീനു ഇതൊക്ക കാണുമ്പോൾ അങ്ങ് പറഞ്ഞു പോവ്വാ.. ഈ ചാനലു കൾ കാണരുതെന്നൊക്ക ഇടക്ക് ഓർക്കും,' പിന്നേം അങ്ങിനെയെങ്കിലുമൊന്ന് നാട് കാണാവല്ലോ എന്നോർത്തു ടിവി വെയ്ക്കു ന്നതാ ' എന്ന് അദ്ദേഹം മറുപടി പറയും.

മലയാളസാഹിത്യത്തെയും സാഹിത്യ കാരെയും അദ്ദേഹം അങ്ങേയറ്റം സ്നേഹി ച്ചിരുന്നു. നാട്ടിൽ നിന്ന് എഴുത്തുകാർ ഡാ ളസ് സന്ദർശിക്കുമ്പോൾ ചേട്ടൻ അവർക്ക് വിരുന്നൊരുക്കിയിരുന്നു. ആതിഥേയത്വം നൽകിയിരുന്നു. പോകുമ്പോൾ ചെറുത ല്ലാത്ത തുകകൾ അവരുടെ പോക്കറ്റിലിട്ടു കൊടുത്തിരുന്നതായി പല എഴുത്തുകാരും നന്ദിയോടെ സ്മരിച്ചിക്കുന്നതോർക്കുന്നു.

അതെ അദ്ദേഹത്തിന്റെ വിയോഗത്തിൽ നമുക്കെല്ലാം നഷ്ടപ്പെട്ടത് നല്ലയൊരു എഴു ത്തുകാരനെയും സുഹൃത്തിനെയും മാർഗ ദർശിയെയും അഭ്യുദയകാംക്ഷിയെയു മാണ്.

എന്നാൽ തെക്കേമുറിചേട്ടന്റെ വിയോഗം കുടുംബത്തിനു വരു ത്തിയ നഷ്ടം നമുക്കൂഹിക്കാവു ന്നതിലും ഉപരിയാണ്. തെക്കേമുറി കുടുംബത്തിലേ വലിയ കാരണവർ സ്ഥാനത്തായിരുന്നു ചേട്ടന്റ സ്ഥാ നം. സ്വന്തം കുടുംബം കൂടാതെ സഹോദരങ്ങളുടെ കുടുംബത്തിനും അദ്ദേഹം വിളക്കും മാർഗദർശിയുമാ യിരുന്നു. മക്കളെയും മരുമക്കളെയും അദ്ദേഹം ഒരു പോലെ ചേർത്ത് നിർ ത്തിയിരുന്നു.

ആ മൂന്നു കുഞ്ഞുങ്ങൾ തെക്കേമു റിച്ചേട്ടന് നിധികളായിരുന്നു. അവർ കണ്ടു പിടിച്ചു കൊണ്ട് വന്ന അവരു ടെ നിധികളെയും ചേട്ടൻ നെഞ്ചോടു ചേർത്തു.

അവരിലെല്ലാം ചേട്ടന് അഭിമാനമാ യിരുന്നു.

മലയാളത്തിന് പ്രതേകിച്ചു വാ യനയുള്ള അമേരിക്കൻ മലയാളിക്കു നഷ്ടപ്പെട്ടത് നല്ലൊരു എഴുത്തുകാര നെയാണ്.. ചരിത്രത്തിന്റെ താളുക ളിൽ അതൊരു തീരാ നഷ്ടം തന്നെ യായി നില നിൽക്കും.

****

കഴിഞ്ഞ മൂന്നാഴ്ച്ച മുൻപാണ് അ മേരിക്കൻ മലയാളി സമൂഹത്തിന്റ ഹൃദയം നുറുക്കിയ ആ അപകടം പ്ളേനോയിൽ നടക്കുന്നത്. എബ്രഹാം തെക്കേമുറിയുടെ സഹോദരന്റെ പുത്രൻ വിക്ടറും ഭാര്യ ഖുശ്ബുവും ഒരു റോഡപ കടത്തിൽ അതീവ ഗുരുതരമായി പരുക്കേൽ ക്കുകയും ദിവസങ്ങൾ കഴിഞ്ഞു രണ്ടു പേ രും മരണപ്പെടുകയും ചെയ്തു.

തെക്കേമുറി ചേട്ടന് കണ്ണുനീരിൽ കു തിർന്ന യാത്ര മൊഴി നൽകി ഒരു മാസം തികയുന്നതേയുള്ളു. വീണ്ടും കുടുംബ ത്തിന്റെ വേദനയിലും, കണ്ണുനീരിലും, തീ രാനഷ്ടത്തിലും പങ്കു ചേരാൻ ഡാളസിലെ മലയാളി സമൂഹം കൂടെയുണ്ടാകും.

തെക്കേമുറിച്ചേട്ടന്റെപ്രിയപ്പെട്ട വിക്ടറിനും ഖുഷ്ബുവിനും ആദരാഞ്ജലികൾ. പുതിയ ലോകത്തും നിങ്ങളെ ചേർത്തു പിടിക്കാൻ നിങ്ങളുടെ സ്വന്തം സണ്ണിച്ചായനുണ്ടാകും. തീർച്ച.



# വിനേഷ് ഫോഗട്ട്

# രാഷ്ട്രീയ ഗോദയിൽ ജയിക്കുമോ?

**സനിൽ പി. തോമസ്**

ജമ്മു കശ്മീരിൽ തിരഞ്ഞെടുപ്പ് തുടങ്ങി, ഇനി ഹരിയാനയിൽ, പിന്നെ മഹാരാഷ്ട്രയിൽ ലോക്സഭാ തിരഞ്ഞെടുപ്പിൽ കേവല ഭൂരിപക്ഷം നഷ്ടപ്പെട്ട ബി.ജെ.പി.ക്ക് കനത്ത വെല്ലുവിളിയാണ് നിയമസഭാ തിരഞ്ഞെടുപ്പുകൾ. ലോക്സഭയിൽ തിളക്കമാർന്ന നേട്ടം കൈവരിച്ച ഇന്ത്യാ സഖ്യത്തിന് നിയമസഭാ തിരഞ്ഞെടുപ്പു ഫലം അതിലേറെ നിർണ്ണായകമാണ്. ഈ തിരഞ്ഞെടുപ്പുകളിൽ പക്ഷേ, രാജ്യം മുഴവുവൻ ശ്രദ്ധി ക്കുന്നത് ഹരിയാനയിലെ ജുലാന നിയമസഭാ മണ്ഡലമാണ്. അവിടെ കോൺഗ്രസ് സ്ഥാനാർത്ഥി ഗുസ്തിതാരം വിനേഷ് ഫോഗട്ട് ആണ്.

പാരിസ് ഒളിംപിക്സിൽ ഫ്രീസ്റ്റൈൽ ഗുസ്തിയിൽ 50 കിലോ വിഭാഗത്തിൽ ഫൈനലിൽ കടന്നെങ്കിലും രണ്ടാം നാൾ നൂറുഗ്രാം തൂക്കം കൂടിയെന്ന പേരിൽ അയോഗ്യയാക്കപ്പെട്ട വിനേഷ് ഫോഗട്ട് ഗോദവിട്ട് രാഷ്ട്രീയത്തിൽ ഇറങ്ങിയത് അപ്രതീക്ഷിതമല്ല. പാരിസിൽ നിന്നും മടങ്ങി വന്ന വിനേഷിന് ന്യൂഡൽഹി വിമാനത്താവളം മുതൽ ഗംഭീര വരവേൽപ് ഒരുക്കിയത് കോൺഗ്രസ് ആണ്. കർഷക നേതാക്കളുടെ പിന്തുണയും അവർക്കുണ്ടായി.

പാരിസിൽ നിന്നു മടങ്ങിയെത്തി ഏതാനും ദിവസങ്ങൾക്കുള്ളിൽ വിനേഷ് ഫോഗട്ടും ഒപ്പം ടോക്കിയോയിലെ വെങ്കല മെഡൽ ജേതാവ് ബജ്റങ് പൂനിയയും രാഹുൽ ഗാന്ധിയെ കാണുകയും തുടർന്ന് കോൺഗ്രസിൽ ചേരുകയും ഉണ്ടായി. തുടർന്ന് വിനേഷ് റയിൽവേയിലെ ജോലി രാജിവച്ചു. പാരിസിൽ മുഴുവൻ ഇന്ത്യക്കാരുടെയും വേദനയായി മാറിയ വിനേഷിനെ വിമർശിച്ചുകൊണ്ട് രംഗത്തുവന്ന റെസ് ലിങ് ഫെഡറേഷൻ ഓഫ് ഇന്ത്യ മുൻ അദ്ധ്യക്ഷൻ ബ്രിജ്ഭൂഷൻ ശരൻ സിങ്ങിനെ ബി.ജെ.പി. നേതൃത്വം താക്കീത് ചെയ്തതായി അറിയുന്നു. വിനേഷ് വെല്ലുവിളിയാണെന്ന് പാർട്ടി തിരിച്ചറിഞ്ഞിട്ടുണ്ട്.

ബ്രിജ്ഭൂഷിനെതിരെ ലൈംഗിക അതിക്രമം ആരോപിച്ച് ജന്തർ മന്ദറിൽ സമരം നയിച്ചത് വിനേഷും, ബജ്റങ്ങും സാക്ഷി മാലിക്കുമാണ്. സാക്ഷി രാഷ്ട്രീയത്തിൽ നിന്നു വിട്ടു നിൽക്കുകയാണെങ്കിലും വിനേഷിന്റെ കസിൽ ബബിത ഫോഗേട്ടുമൊത്ത് റസ്ലിങ് ലീഗ് പ്രഖ്യാപിച്ചിരിക്കുകയാണ്. ഇത് ഫെഡറേഷനെതിരായ വെല്ലുവിളി തന്നെയാണ്. ബ്രിജ്ഭൂഷന്റെ സ്വന്തക്കാരനായ ഡബ്ളിയു.എഫ്.ഐ. പ്രസിഡന്റ് സഞ്ജയ് സിങ് ഗുസ്തി ലീഗിനെതിരെ ശബ്ദമുയർത്തിക്കഴിഞ്ഞു. പക്ഷേ, ഇപ്പോൾ ശ്രദ്ധയത്രയും നിയമസഭാ തിരഞ്ഞെടുപ്പിലാണ്.

ഹരിയാനയിലെ 90 നിയമസഭാ മണ്ഡലങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പ് ഒക്ടോബർ അഞ്ച് ശനിയാഴ്ചയാണ് നടക്കുക. ദേശീയ തലത്തിൽ ഇന്ത്യ സഖ്യത്തിന്റെ ഭാഗമായ ആം ആദ്മി പാർട്ടി ഒറ്റയ്ക്ക് മത്സരിക്കുന്നതിനാൽ പലയിടത്തും ചതുഷ്കോണ മത്സരമാണ് നടക്കുക. ഭരണകക്ഷിയായ ബി.ജെ.പിയും അധികാരം തിരിച്ചുപിടിക്കാൻ തുടങ്ങിയിരിക്കുന്ന കോൺഗ്രസും പിന്നെ ജനനായക് ജനതാ പാർട്ടിയും ആണ് പ്രധാനമായി മത്സരരംഗത്തുള്ളത്.

ജുലാനയുടെ മരുമകൾ എന്ന ലേബലിൽ(ജുലാനാ കി ബാഹു) ആണ് വിനേഷ് ഫോഗട്ട് മത്സരിക്കുന്നത്. വിനേഷിന്റെ ഭർത്താവ്, ഗുസ്തിതാരം തന്നെയായ സോംവീർ രാത്തെ ജുലാനയുടെ ഭാഗമായ ഭക്ത്ഖേര ഗ്രാമത്തിൽ നിന്നുള്ളയാളാണ്. ആം ആദ്മി പാർട്ടിയുടെ കവിതാ ദയാലും ഗുസ്തി താരം തന്നെ. ഡബ്ളിയു. ഡബ്ല്യു.ഇയിൽ പങ്കെടുത്ത പ്രഥമ ഇന്ത്യൻ വനിതാ പ്രഫഷനൽ ഗുസ്തിതാരമാണ് കവിത. ജുലാനയുടെ പുത്രിയായാണ് കവിത രംഗത്തുള്ളത്. കവിതയുടെ നാടായ മാൽവി ജുലാനയിൽ നിന്ന് നാലു കിലോമീറ്റർ മാത്രം അകലെയാണ്.

ഈ രണ്ടു വനിതാ ഗുസ്തിതാരങ്ങളെ കൂടാതെ മൂന്നു സ്ഥാനാർത്ഥികൾ കൂടിയുണ്ട്. യോഗേഷ് ബൈരാഗിയാണ് ബി.ജെ.പി. സ്ഥാനാർത്ഥി. ഇദ്ദേഹം പൈലറ്റ് ആയിരുന്നു. നിലവിലെ എം.എൽ.എ. അമർജീത് സിങ് ധൻദോയാണ് ജനനായക് ജനതാ പാർട്ടി സ്ഥാനാർത്ഥി. ഇന്ത്യൻ നാഷണൽ ലോക്ദൾ-ബി.എസ്.പി.സഖ്യത്തിലെ സുരേന്ദർ ലാത്തറും മത്സരരംഗത്തുണ്ട്. ഇദ്ദേഹം ഡപ്യൂട്ടി എക്സൈസ് - ടാക്സ് കമ്മീഷ്ണർ ആയി വിരമിച്ചയാളാണ്.

ശക്തമായ മത്സരം പ്രതീക്ഷിക്കുന്നു. പക്ഷേ, തിരഞ്ഞെടുപ്പ് ഗോദയിൽ വിനേഷ് ഫോഗേട്ട് ജയിക്കുമെന്നു തന്നെയാണു കണക്കുകൂട്ടൽ.കർഷക സമരക്കാരോടൊപ്പം വിനേഷ് ചേർന്നിരുന്നു. കർഷക സംഘടനകളുടെ പിന്തുണ വിനേഷിനായിരിക്കും. ജയിച്ചാൽ വിനേഷ് ആയിരിക്കും ഹരിയാനയിൽ സ്പോർട്സ് മന്ത്രിയെന്നു പ്രചാരണവേളയിൽ ചില ആരാധകർ കൊട്ടിഘോഷിക്കുന്നുണ്ട്. അതെന്തായാലും വിനേഷ് ജയിച്ചാൽ കോൺഗ്രസിന്റെ താരമുഖമാകും.

emalayalee.com

hanover bank



# SBA & USDA Solutions for Financing










## *Need Money for your Business?*

- ✓ Property and Business Acquisition
- ✓ Lease Hold Improvements/ Renovations
- ✓ LTC up to 90%*
- ✓ Up to 30 Year Amortization**
- ✓ Limited Pre-payment Penalties*
- ✓ Financing also for Working Capital, Equipment and Partner Buyout

**LENDING ALL ACROSS USA**

**Contact us**

**Elijiah Gray**
First SVP Managing Director SBA & USDA Banking
p: 212.277.4358
e: sbaloans@hanoverbank.com

**OR**

**Visit our location**

**Long Island**
Garden City Park
2131 Jericho Turnpike
Garden City Park, NY 11040
516.248.4868

Hauppauge
410 Motor Parkway, 3rd Floor
Hauppauge, New York 11788
631.967.5147

Mineola
80 East Jericho Turnpike
Mineola, NY 11501
516.548.8600

**Manhattan**
Chinatown
109 Bowery
New York, NY 10002
212.334.9191

Rockefeller Center
600 Fifth Avenue, 17th Floor
New York, NY 10020
646.775.4000

**New Jersey**
Freehold
4400 Route 9, Suite 2800
Freehold, NJ 07728
732.243.8300

**Queens**
Flushing Commons
138-29 39th Avenue
Flushing, NY 11354
646.828.8650

Forest Hills
71-15 Austin Street
Forest Hills, NY 11375
646.569.3600

**Brooklyn**
Sunset Park
5512 8th Avenue
Brooklyn, NY 11220
718.633.4528

For more information visit us at hanoverbank.com

**This is not an offer of credit.**

All applications are subject to the Bank's underwriting and credit approval process. Terms and conditions apply.

Member FDIC   EQUAL OPPORTUNITY LENDER

*SBA 7a Loan Program **USDA B&I Loan Program
© 2024 Hanover Community Bank. All rights reserved.

04/24

# പൊന്നാടയുടെ രൂപത്തിൽ വന്ന അംഗികാരം



ലാലി ജോസഫ്

ജീവിതാനുഭവങ്ങൾ ഒരുപാട് ഉണ്ടായിട്ടുണ്ടെങ്കിലും ചില അനുഭവങ്ങൾ ഒരിക്കലും മറക്കാൻ പററാത്ത സംതൃപ്തിയും മററു ചില അനുഭവങ്ങൾ നൊമ്പരങ്ങളായും നമ്മളുടെ ഉള്ളിൽ ഉണ്ടാകും. 2010 സെപ്ററംബറിൽ എനിക്കുണ്ടായ ഒരു സംതൃപ്തിയുടെ അനുഭവം വർഷങ്ങൾക്ക് ശേഷം പൊന്നാടയുടെ രൂപത്തിൽ ഒരു അംഗികാരം ആയി എന്നെ തേടി വന്നതു കൊണ്ടു മാത്രം ആണ് ആ ഓർമ്മകൾ ഇവിടെ കുറിക്കുന്നത്. കൈരളി ചാനലിലെ 'കഥ പറയുമ്പോൾ' എന്ന കഥാപ്രസംഗത്തിന്റെ റിയാലിററി ഷോ നടക്കുന്ന സമയം ആ ഷോയിൽ ബിനോയി കുര്യാക്കോസ് വൈയ്ക്കം ഒരു മൽത്സരാർത്ഥി ആയിരുന്നു. എന്റെ നാട് വൈയ്ക്കം ആയിരുന്നതു കൊണ്ട് അതിൽ എനിക്ക് അഭിമാനം തോന്നുകയും നാട്ടിൽ ചെല്ലുമ്പോൾ ഈ കലാകാരനെ കണ്ട് ഒരു അനുമോദനം അറിയിക്കണമെന്നും കൂടി മനസിൽ കുറിച്ചിട്ടു.

നാട്ടിൽ ചെന്ന സമയത്ത് ചെമ്മനത്തുകര അമല സ്ക്കൂളിൽ കുട്ടികളുടെ കലോൽത്സവം നടക്കുന്നു. കലാകാരമ്മാരേയും കലയേയും ഒത്തിരി ഇഷ്ടപ്പെടുന്നതു കൊണ്ടു തന്നെ ആ പരിപാടി ആസ്വദിക്കുവാൻ വേണ്ടി അവിടെ ചെല്ലുന്നു.

പ്രോഗ്രാംമിന്റെ ഇടയിൽ കേട്ട ഒരു അനൗൺസ്മെന്റ് 'കഥപറയുമ്പോൾ' എന്ന റിയാലിററി ഷോയിൽ വിജയിയായ ബിനോയി കുര്യാക്കോസിനെ വേദിയിലേക്ക് വിളിക്കുന്നു. നാട്ടിൽ വരുമ്പോൾ പരിചയപ്പെടണം എന്ന് ആഗ്രഹിച്ച വ്യക്തി ദേ സ്റ്റേജിൽ നിൽക്കുന്നു. കൂടാതെ ഈ മൽത്സരാർത്ഥി ആ സ്ക്കൂളിൽ തന്നെ കീ ബോർഡ് പഠിപ്പിക്കുന്ന അദ്ധ്യാപകൻ ആണ് എന്നുള്ള വിവരം കൂടി അവരുടെ അനുമോദന പ്രസംഗത്തിൽ നിന്ന് മനസിലാക്കുവാൻ സാധിച്ചു.

ബിനോയി സ്റ്റേജിൽ നിന്ന് ഇറങ്ങി വരുന്നത് നോക്കി ഞാൻ അവിടെ നിന്നു. ഇറങ്ങി പോകുന്ന വഴിക്ക് എന്നെ പരിചയപ്പെടുത്തി എനിക്ക് പറയുവാൻ കരുതി വച്ചത് പറയുകയും അതൊടൊപ്പം എന്റെ അഭിനന്ദനം അറിയിക്കുകയും ചെയ്തു. ബിനോയ് പറഞ്ഞ മറെറാരു കാര്യം അടുത്ത മാസം അമേരിക്കയിൽ എന്റെ കൂട്ടുകാരൻ രമേഷ് പിഷാരടി ഉൾപ്പെടുന്ന ഒരു ഷോ വരുന്നുണ്ട്. രമേഷിനെ കണ്ടാൽ എന്റെ അന്വേഷണം കൊടുക്കണം. ഞങ്ങൾ ഒരുമിച്ച് പല പ്രോഗ്രാമുകളും ചെയ്തിട്ടുണ്ട്. രമേഷ് ഇപ്പോൾ ഉയർന്നു വരുന്ന ഒരു കലാകാരൻ ആണ്. 'കപ്പൽമുതലാളി' എന്ന പടത്തിൽ നായകനായി അഭിനയിച്ചു കഴിഞ്ഞതേയുള്ളു. ഏഷ്യാനെററിൽ ധർമ്മജനും ചേർന്നു കൊണ്ടുള്ള ഒരു പ്രോഗ്രാമിലും രമേഷ് ഉണ്ട്. രമേഷിനെ കുറിച്ച് ബിനോയി കുറെ പ്രശംസിച്ചു പറയുകയുണ്ടായി. പക്ഷേ എനിക്ക് രമേഷിനെ കുറിച്ച് ഒന്നും അറിയില്ലായിരുന്നു. ഇത്രയും ഉയർന്നു വരുന്ന സിനിമയിലും മുഖം കാണിച്ചു കഴിഞ്ഞ ഈ കലാകാരനെ കുറിച്ച് എനിക്ക് അറിയില്ലല്ലോ എന്നുള്ള ഒരു ചമ്മൽ എന്നിൽ ചെറുതായി ഉണ്ടായി. ബിനോയിൽ നിന്നാണ് ഞാൻ രമേഷിനെ കുറിച്ച് ആദ്യമായി കേൾക്കുന്നത്.



ഷോ 2010 സെപ്ററംബറിൽ ഡാളസിൽ വന്നപ്പോൾ പ്രേക്ഷകരിൽ ഒരാളായി ഞാനും അവിടെ ഉണ്ടായിരുന്നു. രമേഷ് എന്ന ആർട്ടിസ്ററിന്റെ പേര് വിളിച്ചു പറയുന്നത് കേൾക്കുവാൻ ഞാൻ ആകാംക്ഷയോടെ കാത്തിരിന്നു. പ്രതീക്ഷിച്ചതു പോലെ രമേഷ് സ്റ്റേജിലേക്ക് വരുന്നു. ഒരു പത്തു മിനിററിന്റെ വൺമാൻ ഷോ മാത്രമേ ഉണ്ടായിരുന്നുള്ളു കാരണം അവർ പറഞ്ഞത് രമേഷിന് സുഖമില്ല എന്നുമാത്രമായിരുന്നു.

സുഖമില്ല എന്ന് അവർ അറിയിച്ചപ്പോൾ എനിക്കു തോന്നി രമേഷിന് ഇപ്പോൾ തന്നെ അവർ അവിടെ നിന്ന് കൊണ്ടു പോകുമായിരിക്കും അങ്ങിനെ സംഭവിച്ചാൽ നാട്ടിൽ വച്ച് രമേഷിന്റെ കൂട്ടുകാരനു കൊടുത്ത വാക്ക് നടക്കില്ലല്ലോ അതുകൊണ്ടു തന്നെ ഞാൻ ഓഡിറേറാറിയത്തിന്റെ വെളിയിലേക്ക് തിടു



ക്കത്തിൽ ചെന്നു. മനസിൽ കരുതിയിരുന്നതു പോലെ തന്നെ രമേഷിനെ സംഘാടകർ വിശ്രമത്തിനു വേണ്ടി താമസസ്ഥലത്തേക്ക് കൊണ്ടു പോകുകയായിരുന്നു. രമേഷ് ഇരിക്കുന്ന കാറിനരുകിലേക്ക് ഞാൻ നടന്നു. എന്റെ മുഖഭാവം കണ്ട് രമേഷ് കാറിന്റെ ചില്ല് താഴ്ത്തി ഞാൻ ചോദിച്ചു വൈയ്ക്കത്തുള്ള ഒരു ബിനോയിയെ അറിയുമോ? അറിയും എന്ന മറുപടി കിട്ടി. ബിനോയ് പറഞ്ഞിരുന്നു രമേഷിനെ കാണുമ്പോൾ ബിനോയിയുടെ അന്വേഷണം പറയണമെന്ന്. പിന്നെ എനിക്ക് ഒന്നും പറയുവാനില്ലായിരുന്നു. എന്റെ റോൾ കഴിഞ്ഞു.

എനിക്ക് നല്ല സുഖമില്ല അതു മാത്രമേ രമേഷ് എന്നോട് സംസാരിച്ചുള്ളു. ഈ വളരെ കുറച്ചു നേരത്തെ സംസാരത്തിനു ശേഷം ഞാൻ ഓഡിറേറാറിയത്തിലേക്ക് തിരിച്ചു പോയി.

പിറെറ ദിവസം ഞായറാഴ്ച ആയിരുന്നു. എനിക്ക് ഒരു ഫോൺ വരുന്നു. അത് തലേ ദിവസം പ്രോഗ്രാം ഒന്നിച്ചിരുന്ന് കണ്ട എന്റെ കൂട്ടുകാരിയുടേതായിരുന്നു. അവൾ എന്നോടു ചോദിച്ചു, പിഷാരടിയെ നിങ്ങളുടെ വീട്ടീലേക്ക് കൊണ്ടു വരാമോ കാരണം പിഷാരടിക്ക് ചിക്കൺ പോക്സ് പിടിപ്പെട്ടു. ഞാൻ ഒട്ടും പ്രതീക്ഷിക്കാത്ത ഒരു ചോദ്യം ആയിരുന്നു. എന്റെ മറുപടിക്ക് കാത്തു നിൽക്കാതെ അവൾ ഫോൺ വച്ചിട്ടു പോയി.

എന്റെ ഭർത്താവും ആയി ഞാൻ ഈ കാര്യം പങ്കു വച്ചു അങ്ങിനെ ഞങ്ങൾ എടുത്ത തീരുമാനം രമേഷിനെ വീട്ടിലേക്ക് സ്വാഗതം ചെയ്യുക എന്നതായിരുന്നു. ഉടൻ തന്നെ അവരുടെ സംഘാടകരെ വിളിച്ചു അഡ്രസ് വാങ്ങി. പോകുന്നതിനു മുൻമ്പ് രമേഷിനെ വിളിച്ചു ഞങ്ങളുടെ തീരുമാനം അറിയിച്ചു. എനിക്കും എന്റെ കുടുബത്തിനും പിഷാരടിയെ പരിചരിക്കാൻ സാധിക്കുകയും അത് ഞങ്ങൾക്ക് രണ്ട് കൂട്ടർക്കും ഒരിക്കലും മറക്കാൻ പററാത്ത സംതൃപ്തിയുടെ ഒരു അനുഭവമായി മാറുകയും ചെയ്തു. ബിനോയി ഒരു അന്വേഷണം മാത്രം പറയുവാൻ ഏൽപ്പിച്ചിച്ച കാര്യം ആണ് ഇപ്പോൾ ഞങ്ങൾ ഒരുമിച്ച് എന്റെ വീട്ടിൽ താമസിക്കാൻ ഇടവരുത്തിയത്. ഞങ്ങൾക്ക് മൂന്നു പേർക്കും സമാനതയുള്ള ഒരു കാര്യം മൂന്നു പേരും തലയോലപറമ്പ് ഡി. ബി കോളേജിലെ പൂർവ്വ വിദ്യാർത്ഥികൾ ആണ് എന്നുള്ളതാണ്. അതുപോലെ തന്നെ മററാരു കാര്യം ഇവിടെ സൂചിപ്പിക്കാനുള്ളത് ബിനോയ് പൂമരം 2017 എന്ന ഷോയിൽ വൈയ്ക്കം വിജയലക്ഷ്മിക്കിയുടെ കീബോർഡ് ആർട്ടിസ്ററായി 2017 സെപ്ററംബർ 23ാം തീയതി ഡാളസിൽ ഷോ നടത്തുകയും അതിനു ശേഷം എന്റെ വീട്ടിൽ വരാനും താമസിക്കുവാനുമുള്ള അവസരം ലഭിക്കുകയും ചെയ്തു.

കാലങ്ങൾ കടന്നു കുറെ കടന്നു പോയി, 2024 സെപ്ററംബർ 14ാം തീയതി താരാ ആർട്ട്സിന്റെ മ്യൂസിക്കൽ സ്റ്റാർ നൈററ് ഡാളസിൽ ഞാൻ ഉൾപ്പെടുന്ന ഡി. മലയാളിയുടെ നേതൃത്തത്തിൽ നടത്തപ്പെട്ടു.

ഡി മലയാളിയിലെ അംഗങ്ങളായ സണ്ണി മാളിയേക്കൽ, പി. പി ചെറിയാൻ, സിജു. വി. ജോർജ്, ബിജിലി ജോർജ്, അനസ്വർ മാമ്പിള്ളി, ബന്നി ജോൺ, രഞ്ജിത്ത് എന്നിവരോട് കൂടെ ചേർന്ന് പ്രവർത്തിച്ച് ഡാളസിൽ ഈ ഷോ ഒരു വൻവിജയമാക്കി മാററുവാൻ സാധിച്ചു

ഇനി പൊന്നാട വന്ന വിഷയത്തിലേക്ക് കടക്കാം. രമേഷ് പിഷാരടി സ്റ്റേജിലേക്ക് വരുമ്പോൾ പ്രേക്ഷകരിൽ നിന്ന് വളരെ ഉച്ചത്തിലുള്ള ഹർഷാരവം മുഴങ്ങുന്നുണ്ടായിരുന്നു. അദ്ദേഹത്തിന്റെ കോമഡികൾ ജനങ്ങളെ ബോറടിപ്പിക്കാതെ വളരെ രസകരമായ രീതിയിൽ അവതരിപ്പിക്കുന്നത് കണ്ട് ഡാളസിലെ ഷാരോൺ ഇവന്റ സെന്റർ ഓഡിറേറാറിയത്തിൽ ഇരുന്ന് ഞാനും ആസ്വദിക്കുകയായിരുന്നു

പിന്നെ ഞാൻ കേൾക്കുന്നത് രമേഷ് വർഷങ്ങൾക്ക് മുൻമ്പ് വന്നപ്പോൾ ചിക്കൺ പോക്സ് വന്ന കഥയും എന്റെ പേര് പറയുന്നു. എന്നെ സ്റ്റേജിലേക്ക് വിളിക്കുന്നു. അതുമാത്രമല്ല ഞാൻ പഠിപ്പിക്കുന്ന സ്പാനിഷ് ഭാഷയെ കുറിച്ച് പറയുന്നു. പിന്നീട് ഒരു പൊന്നാട രമേഷ് എന്നെ അണിയിച്ച് ആദരവും പ്രകടിപ്പിക്കുകയുണ്ടായി. എല്ലാം പെട്ടന്നായിരുന്നു സംഭവിച്ചത്. ഓർക്കാപുറത്ത് കിട്ടിയ ഈ അംഗികാരത്തിന് എനിക്ക് പറയുവാൻ വാക്കുകൾ ഇല്ലായിരുന്നു.



രമേഷിനു വേണ്ടിയുള്ള മാതാപിതാക്കളുടെ പ്രാർത്ഥന ആയിരിക്കാം എനിക്ക് അങ്ങിനെ ഒരു ചിന്ത വന്നതും ഞങ്ങളുടെ വീട്ടീൽ താമസിപ്പിച്ചതും. പൊന്നാട കിട്ടിയതിനെ കുറിച്ച് പറയുകയാണെങ്കിൽ നമ്മൾ പ്രത്യുപകാരം പ്രതീക്ഷിക്കാതെ ചെയ്യുന്ന പ്രവൃത്തികൾക്ക് ഒരു ദിവസം പ്രതീക്ഷിക്കാത്ത സമയത്ത് പ്രതീക്ഷിക്കാത്ത സ്ഥലത്തു വച്ച് നമ്മളെ തേടി ആ പ്രതിഫലം വന്നിരിക്കും. അതുകൊണ്ടായിരിക്കാം 14 വർഷത്തിനു ശേഷം എന്നെ തേടി ഈ പൊന്നാട ഡാളസിലെ വേദിയിൽ വച്ച് രമേഷിന്റെ കൈയ്യിൽ നിന്നു തന്നെ കിട്ടിയത്. പൊന്നാട അണിയിച്ച രമേഷ് പിഷാരടിക്കും എനിക്കു വേണ്ടി പൊന്നാട തയ്യറാക്കി വച്ചിരുന്ന ഡി മലയാളിക്കും ഹൃദയത്തിന്റെ ഭാഷയിൽ സ്നേഹവും നന്ദിയും അറിയിച്ചു കൊള്ളുന്നു.

# അമേരിക്കയിൽ മാവേലിയുടെ വരവ് വലിയ കൗതുകമായി



ജീമോൻ റാന്നി

ലീഗ് സിറ്റി, (ഹ്യൂസ്റ്റൺ) ടെക്സാസ് : ലീഗ് സിറ്റി മലയാളി സമാജത്തിന്റെ ഓണാഘോഷം വളരെ വ്യത്യസ്തവും കൗതുകവും ഉണർത്തി അമേരിക്കൻ മലയാളി സമൂഹത്തിൽ വേറിട്ട് നിന്നു. എന്നും വ്യത്യസ്തമായതും കൗതുകമുണർത്തുന്നതുമായ രീതിയിലാണ് ലീഗ് സിറ്റി മലയാളികൾ പരിപാടികൾ സംഘടിപ്പിക്കുന്നത്.

ഡിക്കിൻസൺ ബേയിൽ നിന്നും ജലമാർഗ്ഗം ചെണ്ടമേളവും, താലപ്പൊലിയുമേന്തിയ ബോട്ടുകളുടെയും, വള്ളങ്ങളുടെയും അകമ്പടിയോടെ എത്തിയ മാവേലിയെ വൻജനാവലിയാണ് വരവേറ്റത്. തുടർന്ന് നൂറുകണക്കിന് ആളുകൾ പങ്കെടുത്ത ഘോഷയാത്രയിൽ പഞ്ചാരിമേളത്തിന്റെയും, പുലികളിയുടെയും അകമ്പടിയോടെ താലപ്പൊലിയേന്തിയ മലയാളി മങ്കകളുടെ മധ്യത്തിൽ വിശിഷ്ടാതിഥികളെയും മഹാബലി തമ്പുരാനേയും ഓണ അരങ്ങിലേക്ക് എഴുന്നള്ളിക്കുകയുണ്ടായി. തുടർന്ന് മഹാബലിയും ലീഗ് സിറ്റി മലയാളി സമാജം ഭാരവാഹികളും ഒന്നിച്ചു ചേർന്ന് നിലവിളക്കു കൊളുത്തി.

ആനകളും, കഥകളിയും, കേരളത്തിന്റെ മറ്റു കലാരൂപങ്ങളുമെല്ലാം ഒരുക്കികൊണ്ടുള്ള ഓഡിറ്റോറിയം തന്നെ വളരെ കൗതുകമുണർത്തുന്നതായിരുന്നു.


2024 സെപ്റ്റംബർ 7ന് വാൾട്ടർ ഹാൾ പാർക്കിലെ ഓഡിറ്റോറിയത്തിൽ നടന്ന ഈ ആഘോഷം, സമാജത്തിലെ അംഗങ്ങളും, ഗാൽവസ്റ്റൻ കൗണ്ടി ഒഫീഷ്യൽസും ഒരുപോലെ ആസ്വദിച്ചു. ആദ്യകാല അമേരിക്കൻ മലയാളികളിൽ പലർക്കും ഇത് അവരുടെ ജീവിതത്തിലെ മറക്കാനാവാത്തതും സന്തോഷം നൽകുന്നതുമായ ഒരു അനുഭവമായിരുന്നു എന്നവർ സാക്ഷ്യപ്പെടുത്തി.

എമി ജെയ്സന്റെയും, എലേന ടെൽസന്റെയും നേതൃത്വത്തിൽ അണിയിച്ചൊരുക്കിയ ഓണപ്പൂക്കളം ഏവരുടേയും ശ്രദ്ധ പിടിച്ചുപറ്റി.

ഉച്ചയോടെ നാടൻ വാഴയിലയിൽ വിളമ്പിയ വളരെ രുചികരമായ ഓണസദ്യയും എല്ലാവരും ആസ്വദിച്ചു.

ഈ ഓണാഘോഷം വഴി സമത്വത്തിന്റെയും, സാഹോദര്യത്തിന്റെയും, സ്നേഹത്തിന്റെയും സന്ദേശം പരത്തി സമാജത്തിലെ അംഗങ്ങളുടെ ഇടയിൽ ബന്ധങ്ങൾ ശക്തപ്പെടുത്തുക എന്ന ലക്ഷ്യം സാധിച്ചെടുത്തു.

സംഘാടകരുമായി ബന്ധപ്പെടേണ്ട നമ്പറുകൾ : പ്രസിഡന്റ്-ബിനീഷ് ജോസഫ് 409-256-0873, വൈസ് പ്രസിഡന്റ് - ലിഷ ടെൽസൺ 973-477-7775, വൈസ് പ്രസിഡന്റ് - സോജൻ ജോർജ് 409-256-9840, സെക്രട്ടറി - ഡോ.രാജ്കുമാർ മേനോൻ 262-744-0452, ജോയിന്റ് സെക്രട്ടറി - സിഞ്ചു ജേക്കബ് 240-426-1845, ജോയിന്റ് സെക്രട്ടറി - ബിജോ സെബാസ്റ്റ്യൻ 409-256-6427, ട്രെഷറർ-രാജൻകുഞ്ഞ് ഗീവർഗ്ഗീസ് 507-822-0051, ജോയിന്റ് ട്രെഷറർ - മാത്യു പോൾ 409-454-3472.


























emalayalee.com


Discover
a New You at
TOTAL MEDICAL 360 LLC.
HEALING LIVES ONE SOUL AT A TIME
TOTAL MEDICAL 360
SARVE BHAVANTU SUKHINAH
Uncover a
new version of
yourself at
TOTAL MEDICAL 360.
Our integrated approach to health and beauty blends
advanced medical practices to
reveal your innate, radiant vitality.
Comprehensive medical management for all chronic care conditions.
Hair loss therapy & Weight loss therapy with medications and alternative therapies.
Comprehensive Ayurvedic assessment treatment.
Certified Diabetes & Wound care management
Neck/ Lower back, Musculoskeletal evaluation for Arthritis and other Orthopedic conditions.
Expert Advice for a Healthier Lifestyle!
info@ttm360.com
www.ttm360.com
1-516-930-0280
Total Medical 360, LLC., 188 Post Avenue, Westbury, NY 11590

# കേരള സമാജം ഓഫ് ന്യൂജേഴ്‌സി (KSNJ) ഓണാഘോഷം ശ്രദ്ധേയമായി

ന്യൂജേഴ്‌സി : കേരള സമാജം ഓഫ് ന്യൂജേഴ്‌സി (KSNJ), പാറ്റേഴ്‌സണിലെ സൈന്റ്റ് ജോർജ് കാതോലിക്കേറ്റ് ചർച്ച് വേദിയൊരുക്കി പ്രൗഢഗംഭീരമായി ഓണാഘോഷം സംഘടിപ്പിച്ചു

ചെണ്ടമേളത്തിന്റെ അകമ്പടിയോട് കൂടി, കേരളത്തിന്റെ തനതായ ഓണകോടിയുടുത്തു മലയാളി പെൺകുട്ടികൾ മാവേലിമന്നനെ ഭദ്രദീപം തെളിയിച്ചു ചടങ്ങിലേക്ക് ആനയിച്ചു ആഘോഷങ്ങൾക്ക് തുടക്കം കുറിച്ചു

ചടങ്ങിന്റെ പ്രധാന ആകർഷണമായ വാഴയിലയിൽ വിളമ്പിയ സ്വാദിഷ്ഠമായ ഓണസദ്യക്ക് ശേഷം ഓണാഘോഷത്തിന്റെ ഭാഗമായി സംഘടിപ്പിച്ച തിരുവാതിര ഉൾപ്പെടെയുള്ള കലാസൃഷ്ടികളും, ഓണപാട്ടും, നൃത്തരൂപങ്ങളും പരിപാടിയുടെ മാറ്റു കൂട്ടി.

അക്കാദമി ഓഫ് ഇന്ത്യൻ ലാംഗ്വേജസ് ആൻഡ് ആർട്സിലെ വിദ്യാർത്ഥികൾക്ക് സ്തുത്യർഹമായ നേട്ടങ്ങൾക്കു സൈന്റ്റ് ജോർജ്ജ് കാത്തലിക് ചർച്ച് വികാരി റവ. സിമ്മി തോമസ് ക്യാഷ് അവാർഡുകൾ സമ്മാനിച്ചു. അക്കാദമി പ്രിൻസിപ്പൽ ഡോ.എബി തര്യൻ മലയാളം സ്കൂളിന്റെയും സംഗീത പ്രോഗ്രാമിന്റെയും പ്രവർത്തനങ്ങളെക്കുറിച്ച് വിശദീകരിച്ചു സംസാരിക്കുകയും മാതൃഭാഷയായ മലയാളത്തിനും നമ്മുടെ പരമ്പരാഗത സംഗീതത്തിനും നൽകി വരുന്ന ഉത്സാഹത്തിനും പിന്തുണയ്ക്കും കുട്ടികളെയും രക്ഷിതാക്കളെയും അഭിനന്ദിച്ചു

അക്കാദമി വിദ്യാർഥികൾ മലയാളത്തിൽ കവിതയും പ്രസംഗങ്ങളും അവതരിപ്പിച്ചു

ബെർഗൻഫീൽഡ് മേയർ ആർവിൻ അമറ്റോറിയോ ആയിരുന്നു ഓണാഘോഷ പരിപാടിയുടെ മുഖ്യാതിഥി. ഫാ. സിമ്മി തോമസ് (വികാരി സെന്റ് ജോർജ് ചർച്ച്, പാറ്റേഴ്‌സൺ), ശ്രീ. ബൈജു വർഗീസ് (ഫോമാ ജനറൽ സെക്രട്ടറി), ഡോ. ജയ്മോൾ ശ്രീധർ (ഫോമ ജോയിന്റ് സെക്രട്ടറി), ശ്രീ. ഷിനു ജോസഫ് (ഫോമാ ഉപദേഷ്ടാവ് കമ്മിറ്റി ചെയർമാൻ), ശ്രീ ജോഫ്രിൻ ജോസ് (ഫോമ ജുഡീഷ്യൽ കൗൺസിൽ അംഗം), ശ്രീ. ജിനേഷ് തമ്പി (വേൾഡ് മലയാളി കൗൺസിൽ അമേരിക്ക റീജിയൻ പ്രസിഡന്റ്), ശ്രീ പ്രദീപ് നായർ (യോങ്കേഴ്സ് മലയാളി അസോസിയേഷൻ പ്രസിഡന്റ്) , ശ്രീ സുരേഷ് നായർ (ഫോമാ നാഷണൽ കമ്മിറ്റി NY-ൽ നിന്നുള്ള അംഗം), ശ്രീ. സുജിത്ത് ശ്രീധർ (സെക്രട്ടറി കലാ), ഫോമാ PRO ശ്രീ ജോസഫ് ഇടിക്കുള എന്നിവർ പരിപാടിയിൽ പങ്കെടുത്തു.

പരിപാടിയുടെ തുടക്കത്തിൽ KSNJ പ്രസിഡന്റ് ശ്രീ.ജിയോ ജോസഫ് ഏവർക്കും സ്വാഗതം ആശംസിച്ചു സംസാരിച്ചു.



ബോബി തോമസ് വോട്ട് ഓഫ് താങ്ക്സ് അറിയിച്ചു. KSNJ സെക്രട്ടറി നിധീഷ് തോമസ്, ജോയിന്റ് സെക്രട്ടറി ജിമ്മി മാണി, ട്രഷറർ ആൽവിൻ ജോർജ്, ജോയിന്റ് ട്രഷറർ അലൻ വർഗീസ് ഉൾപ്പെടെയുള്ള എക്സിക്യൂട്ടീവ് അംഗങ്ങൾ പ്രസിഡന്റ് ജിയോ ജോസഫിന്റെ നേതൃത്വത്തിൽ മികവാർന്ന പ്രവർത്തനത്തിലൂടെ കേരള സമാജം ഓഫ് ന്യൂജേഴ്സി (KSNJ) ഓണാഘോഷം ശ്രദ്ധേയമാക്കി














Blue Ocean
Wealth Solutions
A member of the MassMutual Financial Group

## PHILIPOSE SAMUEL

I specialize in helping businesses and individuals plan for the future by customizing solutions to meet their needs. I take a client-centered approach by using relevant financial and personal information to understand their goals. I analyze this information and prepare a specific Action Plan to help my clients focus on the steps necessary to reach these goals.



## PERSONAL NEEDS

**FAMILY PROTECTION**

- Whole Life Insurance
- Term Life Insurance
- Disability Income Insurance
- Long-Term Care Insurance
- Estate Conservation & Charitable Planning Strategies
- Medicare Supplement & Advantage Plans*
- Medicare Part D*
- Homeowner's Insurance*
- Auto Insurance*

MassMutual Leaders Conference: 2022, 2021,2019, 2018
MetLife Leaders Conference: 2015, 2014, 2012-10, 2008, 2005-03, 2001, 1998, 1997
MetLife Presidents Conference: 2007
NAIFA National Sales Achievement Award: 1999
NAIFA Quality Award: 1998

## PHILIPOSE SAMUEL (SAM)

Financial Services Representative Financial Advisor
O: (516) 326-7028
C: (516) 312-2902
psamuel@financialguide.com | www.blueocean.us.com

# പുതുചരിത്രമെഴുതാൻ ഫോമാ 2024–'26 വർഷ പ്രവർത്തനോദ്ഘാടനം ഒക്ടോബർ 26ന്

എ.എസ് ശ്രീകുമാർ

ഹൂസ്റ്റൺ: അമേരിക്കൻ മലയാളി സംഘടനകളെ ഒരു കുടയുടെ തണലിൽ ഒരുമിപ്പിക്കുന്ന ഫോമായുടെ പുതിയ ഭരണ സമിതിയുടെ 2024–'26 വർഷത്തേയ്ക്കുള്ള പ്രവർത്തനോദ്ഘാടനം വരുന്ന ഒക്ടോബർ 26-ാം തീയയി ശനിയാഴ്ച വൈകുന്നേരം 6 മണിക്ക് സ്റ്റാഫോർഡിലെ ഇമ്മാനുവേൽ മാർത്തോമ്മാ സെന്ററിൽ (12801 Sugar Ridge Blvd, Stafford, TX 77477) വർണാഭമായ വിവിധ പരിപാടികളോടെ നടക്കുമെന്ന് പ്രസിഡന്റ് ബേബി മണക്കുന്നേൽ അറിയിച്ചു.

ഡൊമിനിക്കൻ റിപ്പബ്ളിക്കിലെ പുന്റ കാനായിൽ നടന്ന എട്ടാമത് ഫോമാ ഇന്റർനാഷണൽ ഫാമിലി കൺവൻഷനിൽ നടന്ന തിരഞ്ഞെടുപ്പിൽ വൻ ഭൂരിപക്ഷം നേടി ചരിത്രം കുറിച്ച ബേബി മണക്കുന്നേലിന്റെ നേതൃത്വത്തിലുള്ള എക്സിക്യൂട്ടീവ് കമ്മിറ്റി തങ്ങളുടെ ജനപക്ഷ മുഖമുള്ള സ്വപ്ന പദ്ധതികൾ യാഥാർത്ഥ്യമാക്കുന്നതിന് സജ്ജരായിക്കഴിഞ്ഞു. അതിന്റെ ഔദ്യോഗിക വിളംബരമാണ് പ്രവർത്തനോദ്ഘാടന ചടങ്ങ്.

ഈ സമ്മേളനത്തിൽ അമേരിക്കൻ മലയാളി സമൂഹത്തിലെ നാനാതുറയിലുള്ള വ്യക്തിത്വങ്ങൾ തങ്ങളുടെ മഹനീയ സാന്നിധ്യമറിയിക്കും. ടെക്സസ് സ്റ്റേറ്റിൽ നിന്ന് തിരഞ്ഞെടുക്കപ്പെട്ട മലയാളി മേയർമാർ, ഫോർട്ട്ബെൻഡ് കൗണ്ടിയുടെ തിരഞ്ഞെടുക്കപ്പെട്ട മലയാളി ജഡ്ജുമാർ, ഹൂസ്റ്റണിലെയും സമീപപ്രദേശങ്ങളിലെയും മതമേലധ്യക്ഷൻമാർ, വിവിധ അസോസിയേഷനുകളുടെ നേതാക്കൾ, നോർത്ത് അമേരിക്കയ്ക്ക് പുറമെ കാനഡയിൽ നിന്നുമുള്ള ഫോമാ പ്രവർത്തകർ തുടങ്ങിയവർ സമ്മേളനത്തിൽ പങ്കെടുക്കും.

ഫോമായുടെ മുൻ ഭാരവാഹികളും നാഷണൽ കമ്മിറ്റി മെമ്പർമാരും മറ്റ് വിശിഷ്ട വ്യക്തികളും പങ്കെടുക്കുന്ന ചടങ്ങിൽ സംഘടനയുടെ അടുത്ത രണ്ടു വർഷത്തേയ്ക്കുള്ള കർമ പരിപാടികളുടെ പ്രഖ്യാപനവുമുണ്ടാവും. ശിങ്കാരി മേളത്തോടെയാണ് പരിപാടികൾ ആരംഭിക്കുന്നത്. തുടർന്ന് നടക്കുന്ന പൊതുസമ്മേളനത്തിൽ ഫോമായുടെ മുൻ പ്രസിഡന്റുമാരുടെ സേവനങ്ങൾ മാനിച്ച് അവരെ പൊന്നാടയണിയിച്ച് ആദരിക്കും.

വേദിയെ ധന്യമാക്കുന്നതാണ് കൾച്ചറൽ പ്രോഗ്രാമുകൾ. അമേരിക്കയുടെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള ഗായികാ ഗായകൻമാരെ അണിനിരത്തിക്കൊണ്ട് സംഗീതപ്പെരുമഴ പെയ്യിക്കുന്ന ഗാനമേള, നർമ്മ വിരുന്നൊരുക്കുന്ന സ്കിറ്റ്, ഹൂസ്റ്റണിലെ വിവിധ ഡാൻസ് സ്കൂളുകളിലെ പ്രതിഭകൾ പകർന്നാടുന്ന നൃത്യനൃത്തങ്ങൾ തുടങ്ങിയവ ഈ സമ്മേളനത്തിന്റെ ഹൈലൈറ്റുകളാണ്. രാത്രി 9 മണിക്ക് ഡിന്നറോടു കൂടി സമ്മേളനം പര്യവസാനിക്കും.

ഫോമായുടെ വിവിധ മേഖലകളിലുള്ള പ്രവർത്തനങ്ങൾക്ക് ഗതിവേഗം നൽകുക, സംഘടനയെ അമേരിക്കൻ മലയാളികളുടെ സ്വപ്നങ്ങൾക്കും ആഗ്രഹങ്ങൾക്കും പ്രതീക്ഷകൾക്കും അനുസൃതമായി വളർത്തിയെടുക്കുക തുടങ്ങിയ ലക്ഷ്യങ്ങളോടെയാണ് പരിചയസമ്പത്തിന്റെ കരുത്തിൽ ബേബി മണക്കുന്നേലിന്റെ ടീം സത്യപ്രതിജ്ഞ ചെയ്തിരിക്കുന്നത്.

പ്രവർത്തനോദ്ഘാടനം സംബന്ധിച്ച സമ്മേളനത്തിന്റെ വിശദ വിവരങ്ങൾ പിന്നാലെ അറിയിക്കുമെന്ന് ജനറൽ സെക്രട്ടറി ബൈജു വർഗീസ്, ട്രഷറർ സിജിൽ ജോർജ് പാലക്കലോടി, വൈസ് പ്രസിഡന്റ്ഷാലു മാത്യു പുന്നൂസ്, ജോയിന്റ് സെക്രട്ടറി പോൾ പി ജോസ്, ജോയിന്റ് ട്രഷറർ അനുപമ കൃഷ്ണൻ എന്നിവർ അറിയിച്ചു.



# MUKKUT MONUMENTS INC.

**PHONE (C) 972-342-0041**
**E-mail: mukkutmonuments@gmail.com**
**www.mukkutmonuments.com**










We Specialize in Custom Creation and Installation of
Cemetery Granites, Bronze Memorials Sculptures,
Large Stone Cross for Churches. We Serve in USA, Canada and India


pravasi CHANNEL HD
THE ONE AND ONLY
DAILY NEWS BULLETIN
For North American Malayalees!
ഡെയിലി
ന്യൂസ്
ബുള്ളറ്റിൻ
പ്രവാസി മലയാളികളുടെ
സ്വന്തം ചാനലിൽ മാത്രം!
Watch Pravasi Channel LIVE 24 Hrs
www.pravasichannel.com
Or Watch Anytime via 'VOD' Video on Demand
by Downloading
MediaAppUSA App FREE!
Download on the App Store
ANDROID APP ON Google play
Available in App Store or Google Store
Scan the QR Code for instant download
MediaAppUSA
Call 1-917-900-2123 for Advertisements & News